# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XIV
## (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ
## (HOME AFFAIRS)

### ആനുകാലിക റിപ്പോർട്ട്
(2024 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31$^{st}$ MARCH, 2024)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2024 ജൂൺ 27-ാം തീയതി സമർപ്പിച്ചത്
(Presented on 27$^{th}$ June, 2022)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIV
# (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ
## (HOME AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

(2024 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2024)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

735/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 133 |

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തര കാര്യങ്ങൾ)
# (2023-2026)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. വി. ജോയി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി,

ശ്രീ. അനിൽകുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി,

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2021 ജൂൺ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം രൂപീകരിക്കപ്പെട്ട ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV (2021-23)-ൽ അംഗമായിരുന്ന ശ്രീ. ഉമ്മൻചാണ്ടി 2023 ജൂലൈ 18-ാം തീയതി അന്തരിച്ചതിനെ തുടർന്ന് 2023 നവംബർ 2-ാം തീയതിയിലെ 436-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം ശ്രീ. രമേശ് ചെന്നിത്തലയെ സബ്ജക്ട് കമ്മിറ്റി XIV-ൽ അംഗമായി ശേഷിക്കുന്ന കാലയളവിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു. 2023 ഡിസംബർ 7-ാം തീയതിയിലെ ബുള്ളറ്റിൻ നം.445 പ്രകാരം 2023-26 കാലയളവിലേക്ക് പുനഃസംഘടിപ്പിച്ച സമിതിയിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അദ്ധ്യക്ഷനും ബഹു. പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ ശ്രീ. ഇ. ചന്ദ്രശേഖരൻ, ശ്രീ. വി. ജോയി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ, ശ്രീ. മാത്യു ടി. തോമസ്, ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. ടി. പി. രാമകൃഷ്ണൻ, ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. തോമസ് കെ. തോമസ് എന്നിവർ അംഗങ്ങളുമാണ്. ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ, ബഹു. വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് എന്നിവർ പ്രത്യേക ക്ഷണിതാക്കളാണ്.

2023-24 കാലയളവിൽ സമിതി 10-8-2023, 21-2-2024, 28-2-2024, 6-3-2024 എന്നീ തീയതികളിലായി 4 യോഗങ്ങൾ ചേർന്നു. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി രണ്ട് യോഗങ്ങളും മറ്റ് യോഗങ്ങൾ വിവിധ ബില്ലുകൾ, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാത്തത് സംബന്ധിച്ച കാലതാമസപത്രികകൾ, കരട് റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കും വേണ്ടിയാണ് ചേർന്നത്. യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ 61 ശതമാനമായിരുന്നു.

ആറ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. അദ്ധ്യായം I-ൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും അദ്ധ്യായം II-ൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും അദ്ധ്യായം III-ൽ സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങളും അദ്ധ്യായം IV-ൽ നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന യോഗങ്ങൾ

സംബന്ധിച്ചും അദ്ധ്യായം V-ൽ നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും അദ്ധ്യായം VI-ൽ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൽ മറുപടി ലഭ്യമായതും ലഭ്യമാക്കാനുള്ളതുമായ ശിപാർശകളുടെ വിവരങ്ങളും കൂടാതെ മുൻ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ നടപടിപത്രികകളുടെയും കാലതാമസപത്രികകളുടെയും വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2024 ജൂൺ 24-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**പിണറായി വിജയൻ,**
അദ്ധ്യക്ഷൻ,
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2024 ജൂൺ 27.

# റിപ്പോർട്ട്

<u>അദ്ധ്യായം I</u>

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

2. 2023 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട്.

പ്രസ്തുത റിപ്പോർട്ടുകൾ 10-8-2023-ലെ സമിതിയോഗം പരിഗണിച്ച് അംഗീകരിക്കുകയും 2023 സെപ്റ്റംബർ 12-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2023-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ സംബന്ധിച്ച റിപ്പോർട്ട്.

പ്രസ്തുത റിപ്പോർട്ട് 10-8-2023-ലെ സമിതിയോഗം അംഗീകരിക്കുകയും 11-9-2023-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

<u>അദ്ധ്യായം II</u>

## സമിതി പരിശോധിച്ച ബില്ലുകൾ

2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ.

<u>അദ്ധ്യായം III</u>

സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ / എസ്.ആർ.ഒ.കളുടെ വിശദാംശം

**(എ) കരട് ചട്ടങ്ങൾ**

### 10-8-2023 - ലെ യോഗം

സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

1. The Kerala Service (..........Amendment) Rules, 2023

(കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ൽ, ചട്ടം 33A(i), (ii), (iii) എന്നിവ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്)

സർക്കാർ കത്ത് നം. റൂൾസ് എ 1/91/2017.ധന(ഇ-632863), തീയതി 17-1-2023

(ഫയൽ നം. 1179/സബ്.സി.ഡി2/2023/നി.സെ.)

2. The Kerala Service (….......Amendment) Rules, 2023

(കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I-ൽ ചട്ടം 104-ന് ചുവടെ ചട്ടം 104A ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്)

സർക്കാർ കത്ത് നം. റൂൾസ്.ബി1/22/2022-ധന(ഇ-2055170), തീയതി 15-3-2023

(ഫയൽ നം. 4499/സബ്.സി.ഡി2/2023/നി.സെ.)

3. The Kerala Service (….......Amendment) Rules, 2023

(കെ.എസ്.ആർ. ഭാഗം III-ലെ ചട്ടം 135, 136, 138 എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം)

സർക്കാർ കത്ത് നം. 2203076/പെൻ-ബി4/34/2022-ധന, തീയതി 21-3-2023

(ഫയൽ നം. 4793/സബ്.സി.ഡി2/2023/നി.സെ.)

4. The Kerala State Legal Advisers and Public Prosecutors (Vigilance and Anti Corruption Bureau) Service, Special Rules, 2023

(വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലെ നിയമവിഭാഗം ഉദ്യോഗസ്ഥർക്കുള്ള വിശേഷാൽ ചട്ടങ്ങൾക്ക് പകരം പുതിയ വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച്.)

സർക്കാർ കത്ത് നം. സി1/298/2019-വിജി., തീയതി 24-4-2023

(ഫയൽ നം. 8041/സബ്.സി.ഡി2/23/നി.സെ.)

5. The Kerala State and Subordinate Services (….......Amendment) Rules, 2023

(കെ.എസ്.&എസ്.എസ്.ആർ., പാർട്ട് II, ചട്ടം 38 ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്)

സർക്കാർ കത്ത് നം. റൂൾസ്1/88/2021-ഉഭപവ, തീയതി 30-5-2023

(ഫയൽ നം. 9768/സബ്.സി.ഡി2/23/നി.സെ.)

6. The Kerala State and Subordinate Services (….......Amendment) Rules, 2023

(കെ.എസ്.&എസ്.എസ്.ആർ., ഭാഗം I-ലെ ഷെഡ്യൂൾ ലിസ്റ്റ് III ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്)

സർക്കാർ കത്ത് നം. റൂൾസ്1/80/2022-ഉഭപവ, തീയതി 4-7-2023

(ഫയൽ നം. 11699/സബ്.സി.ഡി2/23/നി.സെ.)

താഴെപ്പറയുന്ന കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

1. The Kerala Service (..........Amendment) Rules, 2022

(കെ.എസ്.ആർ. ഭാഗം III-ലെ ചട്ടം 65, 68, 90 എന്നിവ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്)

സർക്കാർ കത്ത് നം. 1880276/പെൻ-ബി4/46/2021-ധന, തീയതി 27-4-2023

(ഫയൽ നം. 7078/സബ്.സി.ഡി2/23/നി.സെ.)

2. The Kerala Stationery Service (Amendment) Rules, 2022

സർക്കാർ കത്ത് നം. എസ്.പി.ഡി.സി2/148/2022-എസ്.പി.ഡി., തീയതി 12-1-2023

(ഫയൽ നം. 1646/സബ്.സി.ഡി2/2023/നി.സെ.)

**6-3-2024-ലെ യോഗം**

സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

1. The Kerala State and Subordinate Services (..........Amendment) Rules, 2023 (K.S. & S.S.R. part I-ലെ ചട്ടം 2(6)(g)-ൽ ഭേദഗതി സംബന്ധിച്ച്))

സർക്കാർ കത്ത് നം. റൂൾസ്1/87/2021-ഉഭപവ, തീയതി 04.11.2023

(ഫയൽ നം. 18621/സബ്.സി.ഡി2/23/നി.സെ.)

2. The Kerala State and Subordinate Services (Amendment) Rules, 2023 (K.S. & S.S.R. part II-ലെ ചട്ടം 13A(1) ഭേദഗതി സംബന്ധിച്ച്)

സർക്കാർ കത്ത് നം. റൂൾസ്1/183/2020-ഉഭപവ, തീയതി 28-11-2023

(ഫയൽ നം. 19956/സബ്.സി.ഡി2/23/നി.സെ.)

3. The Kerala State and Subordinate Services (..........Amendment) Rules, 2023 (K.S. & S.S.R.) part II-ലെ ചട്ടം 17C ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്)

സർക്കാർ കത്ത് നം. റൂൾസ്1/109/2018-ഉഭപവ, തീയതി 5-8-2023

(ഫയൽ നം. 987/സബ്.സി.ഡി2/20/നി.സെ.)

4. The Kerala State and Subordinate Services (Amendment) Rules, 2023 (ഭാഗം II-ലെ ചട്ടം 4 ഭേദഗതി സംബന്ധിച്ച്)

സർക്കാർ കത്ത് നം. റൂൾസ്1/96/2022-ഉഭപവ, തീയതി 13.12.2023

(ഫയൽ നം. 21004/സബ്.സി.ഡി2/23/നി.സെ.)

5. The Special rules for the Kerala State Planning Service (Amendment) Rules, 2023 (സംസ്ഥാന ആസൂത്രണ ബോർഡിലെ പ്രോഗ്രാമർ തസ്തികയുടെ യോഗ്യത – വിശേഷാൽ ചട്ടം ഭേദഗതി സംബന്ധിച്ച്)

സർക്കാർ കത്ത് നം. B2/185/2019-PLGEA, തീയതി 05.12.2023

(ഫയൽ നം. 21339/സബ്.സി.ഡി2/23/നി.സെ.)

6. 2023-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (കേരള ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ചട്ടങ്ങൾ.

സർക്കാർ കത്ത് നം. വിജി/സി3/263/2017/വിജി., തീയതി 19.02.2024

(ഫയൽ നം. 5005/സബ്.സി.ഡി2/2014/നി.സെ.)

**(ബി). എസ്.ആർ.ഒ.കൾ.**

താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങളും അവ സമിതിയുടെ മുൻകൂട്ടിയുള്ള പരിശോധന കൂടാതെ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് വകുപ്പുകൾ ലഭ്യമാക്കിയ വിശദീകരണങ്ങളും സമിതി പരിഗണിക്കുകയും പ്രസ്തുത ചട്ടങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

**10-8-2023-ലെ യോഗം**

1. 2023-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ചട്ടങ്ങൾ (SRO No. 533/2023)

സർക്കാർ കത്ത് നം. ബി1/350/2022/ആഭ്യന്തരം, തീയതി 05.06.2023

(ഫയൽ നം. 9892/സബ്.സി.ഡി2/23/നി.സെ.)

**6-3-2024-ലെ യോഗം**

2023-ലെ കേരള പ്രിസണകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ചട്ടങ്ങൾ (SRO No. 795/2023)

സർക്കാർ കത്ത് നം. ബി1/264/2022/ആഭ്യന്തരം, തീയതി 21-8-2023

(ഫയൽ നം. 14564/സബ്.സി.ഡി2/23/നി.സെ.)

അദ്ധ്യായം IV

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 A പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ.

പ്രസ്തുത കാലയളവിൽ ചട്ടം 235 A പ്രകാരം സമിതി യോഗം ചേർന്നിട്ടില്ല.

അദ്ധ്യായം V

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

| ധനാഭ്യർത്ഥന നം. | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം | സഭയിൽ സമർപ്പിച്ച തീയതി |
| (1) | (2) | (3) | (4) |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2020-21 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് | 9-8-2023 |
| III—നീതിന്യായ നിർവ്വഹണം | 2020-21 (കാലതാമസ പത്രിക സഹിതം) | ആഭ്യന്തര (സി) വകുപ്പ് (ജുഡീഷ്യറി) | ” |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാനഉദ്യോഗസ്ഥൻമാർ | 2021-22 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് | ” |

| (1) | (2) | (3) | (4) |
|---|---|---|---|
| III—നീതിന്യായ നിർവ്വഹണം | 2021-22 (കാലതാമസ പത്രിക സഹിതം) | ഉദ്യോഗസ്ഥഭരണ പരിഷ്കാര (എ.ആർ.12) വകുപ്പ് (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ) | 9-8-2023 |
| XVII—വിദ്യാഭ്യാസം ,കായികവിനോദം, കല, സംസ്കാരം | 2021-22 (കാലതാമസ പത്രിക സഹിതം) | ശാസ്ത്രസാങ്കേതിക (എ) വകുപ്പ് (കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ) | ” |
| XXXVII—വ്യവസായങ്ങൾ | 2021-22 (കാലതാമസ പത്രിക സഹിതം) | ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (എ)വകുപ്പ് (ടെക്നോപാർക്ക്) | ” |
| II—സംസ്ഥാന ഭരണത്തലവൻമാർ,മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2022-23 | ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ് (സംസ്ഥാന ആസൂത്രണ ബോർഡ്) | ” |

| (1) | (2) | (3) | (4) |
|---|---|---|---|
| II—സംസ്ഥാന ഭരണത്തലവൻമാർ,മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2022-23 | ആസൂത്രണ സാമ്പത്തിക കാര്യ (ഡി) വകുപ്പ് (K-DISC) | 9-8-2023 |
| II—സംസ്ഥാന ഭരണത്തലവൻമാർ,മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2022-23 | പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് | ,, |
| II—സംസ്ഥാന ഭരണത്തലവൻമാർ,മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2022-23 | ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് | ,, |
| II—സംസ്ഥാന ഭരണത്തലവൻമാർ,മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2022-23 | ഉദ്യോഗസ്ഥഭരണ പരിഷ്കാര (എ.ആർ.13) വകുപ്പ് (ഐ.എം.ജി.) | ,, |
| IV—തെരഞ്ഞെടുപ്പുകൾ | 2022-23 | ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ് | ,, |
| XII—പോലീസ് | 2022-23 | ആഭ്യന്തര (ഇ) വകുപ്പ് | ,, |
| XII—പോലീസ് | 2022-23 | വിജിലൻസ് (സി) വകുപ്പ് | ,, |
| XIII—ജയിലുകൾ | 2022-23 | ആഭ്യന്തര (ബി) വകുപ്പ് | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2022-23 | പൊതുഭരണ (സർവ്വീസസ്-ഡി) | 9-8-2023 |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2022-23 | സ്റ്റോർ പർച്ചേസ് (സി) വകുപ്പ് (അച്ചടി വകുപ്പ്) | ,, |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2022-23 | സ്റ്റോർ പർച്ചേസ് (സി) വകുപ്പ് (സ്റ്റേഷനറി വകുപ്പ്) | ,, |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2022-23 | ആഭ്യന്തര (എഫ് ) വകുപ്പ് (ഫയർ & റെസ്ക്യൂ) | ,, |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2022-23 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷാ) വകുപ്പ് | ,, |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2022-23 | പൊതുഭരണ (എ.ഐ.എസ്. എ.) വകുപ്പ് | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| XXIII—വാർത്താവിതരണവും പ്രചരണവും | 2022-23 | ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് | 9-8-2023 |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2022-23 | കേരള പ്രവാസികാര്യ വകുപ്പ് | ,, |
| XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | 2022-23 | ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ് (വിവിഡ്) | ,, |
| XXXVII—വ്യവസായങ്ങൾ | 2022-23 | ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ (സി) വകുപ്പ് (കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ) | ,, |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2022-23 | പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ് | ,, |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2022-23 | ഉദ്യോഗസ്ഥ ഭരണപരിഷ്കാര എ.ആർ (11) വകുപ്പ് | ,, |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ<br>XVI—പെൻഷനും പലവകയും | 2022-23 | ധനകാര്യ വകുപ്പ് | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| IV—തെരഞ്ഞെടുപ്പുകൾ | 2022-23 | തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ് (കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ) | 9-8-2023 |
| III—നീതിന്യായ നിർവ്വഹണം | 2021-22 (കാലതാമസ പത്രിക സഹിതം) | ആഭ്യന്തര വകുപ്പ് (ജുഡീഷ്യറി) | 30-1-2024 |
| II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2022-23 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ വകുപ്പ് (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ) | ,, |
| III—നീതിന്യായ നിർവ്വഹണം | 2022-23 (കാലതാമസ പത്രിക സഹിതം) | ആഭ്യന്തര വകുപ്പ് (ജുഡീഷ്യറി) | ,, |
| XVII—വിദ്യാഭ്യാസം,കായികവിനോദം, കല, സംസ്കാരം | 2022-23 (കാലതാമസ പത്രിക സഹിതം) | ശാസ്ത്ര സാങ്കേതിക വകുപ്പ് (കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ) | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| XXXVII—വ്യവസായങ്ങൾ | 2022-23 (കാലതാമസ പത്രിക സഹിതം) | ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് (ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക്സ് - കേരള (ടെക്നോപാർക്ക്) | 30-1-2024 |
| II സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാനഉദ്യോഗസ്ഥന്മാൻ | 2022-23 (കാലതാമസ പത്രിക സഹിതം) | പാർലമെന്ററി കാര്യ വകുപ്പ് | ,, |
| II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ<br>III—നീതിന്യായ നിർവ്വഹണം | 2022-23 (കാലതാമസ പത്രിക സഹിതം) | നിയമ (പാർല) വകുപ്പ് | ,, |

<u>അദ്ധ്യായം VI</u>

(എ) 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത്റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| ആകെ ശിപാർശകൾ | മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പറും ബന്ധപ്പെട്ട വകുപ്പുകളും | മറുപടി ലഭിക്കാനുള്ള ശിപാർശ കളുടെ ഖണ്ഡികകൾ/ ബന്ധപ്പെട്ട വകുപ്പുകൾ |
|---|---|---|
| (1) | (2) | (3) |
| 138 | 25-29, 33, 34, 37, 39, 40, 42, 44, 45, 46, 48—ആഭ്യന്തര (സി) വകുപ്പ് | പൊതുഭരണ (ഏകോപനം) വകുപ്പ് ഖണ്ഡിക നം. 13 |
| | 51-53—ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ് | പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് ഖണ്ഡിക നം. 12 |

| (1) | (2) | (3) |
|---|---|---|
| | 55-65, 66-73, 113-115—ആഭ്യന്തര (ഇ) വകുപ്പ് | - |
| | 50,54—തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ് | ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ് ഖണ്ഡിക നം. 18,19,20 |
| | 126-128—ആസൂത്രണ സാമ്പത്തികകാര്യ (RKI) വകുപ്പ് | ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഖണ്ഡിക നം. 116-124 |
| | 17—ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് | ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ വകുപ്പ് ഖണ്ഡിക നം. 23,24, 129-134 |
| | 7, 8, 16, 30-32, 35-36, 41, 43,47, 104 —നിയമ (പാർല.) വകുപ്പ് | ഗതാഗത (ഇ) വകുപ്പ് ഖണ്ഡിക നം. 135-138 |
| | 125—ദുരന്തനിവാരണ (ബി) വകുപ്പ് | |
| | 108-112—ശാസ്ത്രസാങ്കേതിക വകുപ്പ് | |
| | 21, 22 —പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്. | |
| | 3—പൊതുഭരണ (സ്പെഷ്യൽ - ഇ) വകുപ്പ് | |
| | 10—ഉദ്യോഗസ്ഥ ഭരണപരിഷ്കാര (AR -11) വകുപ്പ്. | |
| | 38,49—ഉദ്യോഗസ്ഥ ഭരണപരിഷ്കാര (AR -12) വകുപ്പ്. | |

| (1) | (2) | (3) |
|---|---|---|
| | 1,2,4,5,6,11,14,15 പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ്. | |
| | 74-86 —വിജിലൻസ് (സി) വകുപ്പ്. | |
| | 9—പാർലമെന്ററി കാര്യ (എ) വകുപ്പ്. | |
| | 87-97—ആഭ്യന്തര (ബി) വകുപ്പ്. | |
| | 101-103—ആഭ്യന്തര (എഫ്) വകുപ്പ്. | |
| | 98, 99, 100, 106, 109—സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ് അച്ചടിയും സ്റ്റേഷനറിയും. | |
| | 105—ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് | |

## (ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളും

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നം. 1254/സബ്.സി.ഡി2/2018/നി.സെ.)

**ശിപാർശ**

2014-00-102-99—<u>ഹൈക്കോടതി</u>

01-04—<u>മെഡിക്കൽ റീ ഇംബെഴ്സ്മെന്റ്</u>

ഹൈക്കോടതി ജഡ്ജിമാർ, വിരമിച്ച ജഡ്ജിമാർ, ഗസറ്റഡ് ഓഫീസർമാർ, ജീവനക്കാർ എന്നിവരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ക്ലെയിമുകൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 33,62,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 15)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ നാളിതുവരെ 76,89,815 രൂപ ചിലവായിട്ടുണ്ട്.

**ശിപാർശ**

2014-00-102-99—<u>ഹൈക്കോടതി</u>

21-1—<u>മോട്ടോർ വാഹനങ്ങൾ - വാഹനങ്ങൾ വാങ്ങൽ</u>

ജഡ്ജിമാരുടെ ഔദ്യോഗിക ആവശ്യത്തിനുള്ള 28 വാഹനങ്ങൾ 5 വർഷത്തിലധികം പഴക്കമുള്ളതായതിനാൽ അവ മാറ്റി വാങ്ങേണ്ടതാണെന്നും പുതുതായി നിയമിക്കപ്പെടുന്ന ജഡ്ജിമാർക്ക് 10 വാഹനങ്ങളും പ്രോട്ടോക്കോൾ ആവശ്യത്തിലേക്കായ 2 മാരുതി കാറുകളും ജഡ്ജിമാരുടെ ടൂർ ആവശ്യത്തിനായി 3 വാഹനങ്ങളും സർക്കുലേഷനും മറ്റാവശ്യങ്ങൾക്കുമായി 9 വാഹനങ്ങളും വാങ്ങേണ്ടതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9,52,87,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 16)

**സ്വീകരിച്ച നടപടി**

ബഹു. ജഡ്ജിമാരുടെ ഔദ്യോഗിക ആവശ്യത്തിനുള്ള 5 വർഷത്തിലധികം പഴക്കമുള്ള 28 വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനുള്ള ഭരണാനുമതിയും അധിക ചെലവിനുള്ള അഡീഷണൽ ഓതറൈസേഷനും ലഭിച്ചിട്ടുണ്ട്. പുതുതായി നിയമിക്കപ്പെടുന്ന ജഡ്ജിമാർക്ക് വേണ്ടി ആവശ്യപ്പെട്ട 10 വാഹനങ്ങളിൽ 3 എണ്ണം വാങ്ങുന്നതിന് ഭരണാനുമതിയും അധിക ചെലവിനുള്ള അഡീഷണൽ ഓതറൈസേഷനും ലഭിച്ചിട്ടുണ്ട്. മേൽ പറഞ്ഞ 28 വാഹനങ്ങളോട് ചേർന്ന് ഈ മൂന്നു വാഹനങ്ങളും വാങ്ങുന്നതാണ്. സർക്കുലേഷൻ ആവശ്യത്തിനായുള്ള ഒരു വാഹനം ഭരണാനുമതിയും അധിക ചെലവിനുള്ള അഡീഷണൽ ഓതറൈസേഷനും ലഭിച്ചതനുസരിച്ച് വാങ്ങിക്കഴിഞ്ഞു.

**ശിപാർശ**

2014-00-105-98—<u>മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ</u>

21-1—<u>മോട്ടോർ വാഹനങ്ങൾ - വാഹനങ്ങൾ വാങ്ങൽ</u>

തളിപ്പറമ്പ് കോടതിക്ക് പുതിയ സ്റ്റാഫ് കാർ വാങ്ങുന്നതിനും തിരൂർ കോടതിയിലെ പഴയ കാർ മാറ്റി വാങ്ങുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 15,99,000 അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 17)

**സ്വീകരിച്ച നടപടി**

മേൽപറഞ്ഞ വാഹനങ്ങൾ വാങ്ങാൻ ഭരണാനുമതി ലഭിച്ചിട്ടില്ല.

**ശിപാർശ**

2014-00-105-99—സിവിലും സെഷൻസും കോടതികൾ

21-1—മോട്ടോർ വാഹനങ്ങൾ - വാഹനങ്ങൾ വാങ്ങൽ

എറണാകുളത്തും കൊല്ലത്തുമുള്ള വഖഫ് കോടതികളിലെ പഴയ സ്റ്റാഫ് കാർ മാറ്റി വാങ്ങുന്നതിന് 16,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 18)

**സ്വീകരിച്ച നടപടി**

മേൽപറഞ്ഞ വാഹനങ്ങൾ വാങ്ങാൻ ഭരണാനുമതി ലഭിച്ചിട്ടില്ല.

**ശിപാർശ**

2014-00-117-99—കുടുംബ കോടതികൾ

21-1—മോട്ടോർ വാഹനങ്ങൾ - വാഹനങ്ങൾ വാങ്ങൽ

10 കോടതികളിലെ പഴയ സ്റ്റാഫ് കാർ മാറ്റി പുതിയവ വാങ്ങുന്നതിനും 7 കോടതികൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും ഈ ശീർഷകത്തിൽ 1,36,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 19)

**സ്വീകരിച്ച നടപടി**

2018-19 ലെ ഉപധനാഭ്യർത്ഥനയിൽ ഈ ശീർഷകത്തിൽ ടോക്കൺ ലഭ്യമായിട്ടുണ്ട് കോഴിക്കോട്, തൃശ്ശൂർ, കൊട്ടാരക്കര, തിരുവനന്തപുരം എന്നീ കുടുംബ കോടതികളിൽ പുതിയ വാഹനം വാങ്ങാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ട് (G.O(Rt)No.889/2018/Home dtd. 28/03/2018) പ്രകാരം ഇതിനാവശ്യമായ അധിക തുകയ്ക്കായി ഹൈക്കോടതി 20-7-2018 ലെ FW/6/33679/2018(1) കത്ത് പ്രകാരം സർക്കാരിലേക്ക് അഭ്യർത്ഥന അയച്ചിട്ടുണ്ട്. തുക ലഭിക്കുന്ന മുറക്ക് ഈ വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഒറ്റപ്പാലം, തിരൂർ, മാവേലിക്കര, പത്തനംതിട്ട, പാലാ, കട്ടപ്പന,

ഇരിങ്ങാലക്കുട, എറണാകുളം, കോട്ടയം, കൽപ്പറ്റ എന്നീ കുടുംബ കോടതികളിൽ പുതിയ വാഹനം വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചിട്ടില്ല. തിരുവല്ല കുടുംബ കോടതിയിലെ പഴയ വാഹനത്തിന്റെ ലേലം പൂർത്തിയായി.

**ശിപാർശ**

2014-00-108-99—ക്രിമിനൽ കോടതികൾ

21-1—മോട്ടോർ വാഹനങ്ങൾ - വാഹനങ്ങൾ വാങ്ങൽ

ആലപ്പുഴ, കോട്ടയം, പാലക്കാട്, മഞ്ചേരി, കൽപ്പറ്റ, തലശ്ശേരി എന്നിവിടങ്ങളിലെ ചീഫ് മജിസ്ട്രേറ്റ് കോടതികളിലെ പഴയ കാറുകൾ മാറ്റി പുതിയവ വാങ്ങുന്നതിന് 47,99,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 20)

**സ്വീകരിച്ച നടപടി**

മഞ്ചേരി, ആലപ്പുഴ സി.ജെ.എം കോടതികളിൽ വാഹനം വാങ്ങാൻ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ഈ ശീർഷകത്തിൽ ടോക്കൺ വിഹിതം മാത്രം ഉപധനാഭ്യർത്ഥനയിൽ ലഭ്യമായിട്ടുണ്ട്.ഈ വാഹനങ്ങൾ വാങ്ങുന്നതിനാവശ്യമായ അധിക തുകയ്ക്കായി 20-7-2018-ലെ FW6/33679/2018(1) നമ്പർ കത്ത് പ്രകാരം ഹൈക്കോടതി സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കോട്ടയം സി.ജെ.എം. കോടതിയിൽ പഴയ വാഹനം ലേലം ചെയ്യുകയും ലേലത്തുക സർക്കാരിലേക്ക് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. പുതിയ വാഹനത്തിനായുള്ള ഭരണാനുമതിക്കുള്ള ഹൈക്കോടതിയുടെ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. പാലക്കാട് സി.ജെ.എം. കോടതിയിലും തലശ്ശേരി സി.ജെ.എം. കോടതിയിലും പുതിയ വാഹനം വാങ്ങുന്നതിനായി ഹൈക്കോടതി ഭരണാനുമതിക്ക് അപേക്ഷിച്ചിട്ടുണ്ട്. കൽപ്പറ്റ സി.ജെ.എം. കോടതിയിലെ പഴയ വാഹനം കണ്ടെം ചെയ്യുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

**ശിപാർശ**

2014-00-800-82—<u>പുതിയ താൽക്കാലിക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന്</u>

പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 45 പുതിയ താൽക്കാലിക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് 11,52,70,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 21)

### സ്വീകരിച്ച നടപടി

പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡിൽ സംസ്ഥാനത്തിന് പ്രത്യേക കേന്ദ്ര വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിലുള്ള തുടർനടപടികൾ നിർത്തി വച്ചിരിക്കുന്നതായി കേരള സർക്കാർ 18-7-17 ലെ 62448/C3/2015 ആഭ്യന്തരം കത്ത് പ്രകാരം ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ് ബഹു കേന്ദ്ര നിയമമന്ത്രി ശ്രീ. രവിശങ്കർ പ്രസാദ് D.O.No.11013/6/2016-justice II (Vol.II) കത്ത് പ്രകാരം പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെയും ഇതു സംബന്ധിച്ച് ബഹു. സംസ്ഥാന മുഖ്യമന്ത്രിമാരുടെയും ചീഫ് ജസ്റ്റിസുമാരുടെയും കോൺഫറൻസിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെയും പുരോഗതി അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയത്പരിഗണിച്ചും, സംസ്ഥാനത്തിലെ ജുഡീഷ്യറിയുടെ ആവശ്യങ്ങൾ പരിഗണിച്ചും സംസ്ഥാന സർക്കാരിന്റെ തീരുമാനം പുനഃപരിശോധിക്കണമെന്ന് ഹൈക്കോടതി 8-8-2017 ലെ FW7-42592/2013(1), FW7-42592/2013(2) കത്തുകൾ പ്രകാരം സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. തുടർന്ന് 19-12-2017-ൽ FW7-42592/2013 കത്ത് പ്രകാരം സംസ്ഥാന സർക്കാരിനെ വീണ്ടും പ്രസ്തുത ആവശ്യം അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂല ഉത്തരവുകൾ സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. ഈ വിവരം കേന്ദ്ര നിയമ മന്ത്രിയുടെ കത്തിനു മറുപടിയായി കേന്ദ്ര നിയമ മന്ത്രാലയത്തിൽ അറിയിച്ചിട്ടുണ്ട്.

### ശിപാർശ

പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂ സർവ്വീസ് പ്രൊസീജ്യർ പ്രകാരം താഴെപ്പറയുന്ന ഇനങ്ങൾക്ക് തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| വിവര സാങ്കേതിക വിദ്യ അധിഷ്ഠിത കോടതികൾക്കു വേണ്ടി സാങ്കേതിക ജ്ഞാനമുള്ള മാനവ വിഭവശേഷി വർദ്ധനവ് | 2,59,00,000 രൂപ |
| ന്യായാധിപരുടെ പരിശീലനവും കാര്യക്ഷമത വർദ്ധിപ്പിക്കലും | 42,00,000 രൂപ |
| വ്യവഹാര സൗഹൃദമാക്കുന്നതിനു വേണ്ടി നിലവിലുള്ള കോടതികളുടെ പുനർനിർമ്മാണം | 6,88,00,000 രൂപ |
| രേഖകളുടെ സ്കാനിങ്ങും ഡിജിറ്റൈസേഷനും | 4,00,00,000 രൂപ |

(ഖണ്ഡിക നം. 22)

### സ്വീകരിച്ച നടപടി

പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡിൽ സംസ്ഥാനത്തിന് പ്രത്യേക കേന്ദ്ര വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിലുള്ള തുടർനടപടികൾ നിർത്തി വച്ചിരിക്കുന്നതായി കേരള സർക്കാർ 18-7-2017-ലെ 62448/C3/2015 ആഭ്യന്തരം കത്ത് പ്രകാരം ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ്. ബഹു കേന്ദ്ര നിയമമന്ത്രി ശ്രീ. രവിശങ്കർ പ്രസാദ് D.O.No.11013/6/2016-justice II (Vol.II) കത്ത് പ്രകാരം പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെയും ഇതു സംബന്ധിച്ച് ബഹു. സംസ്ഥാന മുഖ്യമന്ത്രിമാരുടെയും ചീഫ് ജസ്റ്റിസുമാരുടെയും കോൺഫറൻസിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെയും പുരോഗതി അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയത് പരിഗണിച്ചും, സംസ്ഥാനത്തിലെ ജുഡീഷ്യറിയുടെ ആവശ്യങ്ങൾ പരിഗണിച്ചും സംസ്ഥാന സർക്കാരിന്റെ തീരുമാനം പുനഃപരിശോധിക്കണമെന്ന് ഹൈക്കോടതി
8-8-2017-ലെ FW7-42592/2013(1), FW7-42592/2013(2) കത്തുകൾ പ്രകാരം സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട് തുടർന്ന് 19-12-17-ൽ FW7-42592/2013 കത്ത് പ്രകാരം സംസ്ഥാന സർക്കാരിനെ വീണ്ടും പ്രസ്തുത ആവശ്യം അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂല ഉത്തരവുകൾ സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. ഈ വിവരം കേന്ദ്ര നിയമ മന്ത്രിയുടെ കത്തിനു മറുപടിയായി കേന്ദ്ര നിയമ മന്ത്രാലയത്തിൽ അറിയിച്ചിട്ടുണ്ട്.

### ശിപാർശ

2014-00-800-93—<u>സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക</u>

21-1—<u>വാഹനം വാങ്ങൽ</u>

കീഴ്കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാരുടെ ഉപയോഗത്തിനായി 15 പൂൾ വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 1,20,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 23)

### സ്വീകരിച്ച നടപടി

കൊല്ലം, പാലക്കാട് ജില്ലാ കോടതികളിലെ പൂൾ വാഹനങ്ങൾ കണ്ടെം ചെയ്യാൻ അനുമതി ലഭിച്ചിട്ടുണ്ട്. കണ്ടെം ചെയ്യൽ നടപടികൾ പുരോഗമിക്കുന്നു പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതിക്കായി ഹൈക്കോടതി സർക്കാരിലേക്ക് അഭ്യർത്ഥിച്ചിട്ടുണ്ട്.

എറണാകുളം ജില്ലാക്കോടതിയിലെയും ചേർത്തല കോർട്ട് സെന്ററിലെയും പഴയ പൂൾ വാഹനങ്ങൾ കണ്ടെം ചെയ്തു കഴിഞ്ഞു. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതിക്കായി ഹൈക്കോടതി സർക്കാരിലേക്ക് അഭ്യർത്ഥിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലാ കോടതിയിലെയും, നെയ്യാറ്റിൻകര എം.എ.സി.റ്റി.യിലെയും, വാഹനങ്ങൾ കണ്ടെം ചെയ്യാൻ ഭരണാനുമതി ലഭിച്ചിട്ടില്ല. ശിപാർശയിൽ പരാമർശിക്കുന്ന പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് വാങ്ങാനുള്ള തുകയ്ക്കായി ഹൈക്കോടതി സർക്കാരിലേക്ക് അഭ്യർത്ഥിക്കുന്നതാണ്.

**ശിപാർശ**

2014-00-114-96—<u>പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ</u>

പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെയും കേരള ലോകായുക്ത സ്പെഷ്യൽ അറ്റോർണി ഓഫീസിലെയും ജീവനക്കാരുടെ ശമ്പളമടക്കമുള്ള പ്രവർത്തന ചെലവുകൾക്കായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 24)

**സ്വീകരിച്ച നടപടി**

24ാം ഖണ്ഡികയിലെ ശുപാർശയിൽ പ്രോസിക്യൂഷൻ ഡയറക്ടേറ്റിലേയും കേരള ലോകായുക്ത സ്പെഷ്യൽ അറ്റോർണി ഓഫീസിലേയും ജീവനക്കാരുടെ ശമ്പളം അടക്കമുള്ള പ്രവർത്തന ചിലവുകൾക്കായി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ആയതു അനുവദിച്ചിട്ടില്ല.

ആഭ്യന്തര (സി) വകുപ്പിൽ നിന്നും സി3/24/2018, തീയതി 27-9-2022 & സി3/124/2018 തീയതി 12-9-23 കത്തുകൾ മുഖേന ലഭ്യമാക്കിയിട്ടുള്ള ഖണ്ഡിക നം. 15-24 വരെയുള്ള ശിപാർശകളിൻമേലുള്ള നടപടിപത്രികകൾ സമിതിയുടെ 6-3-2024 ലെ യോഗം അംഗീകരിക്കുകയും കാലതാമസപത്രിക 30-1-2024 ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**ശിപാർശ**

4058-00-800-97—<u>യൂണിറ്റ് ആഫീസുകളുടെ നിർമ്മാണം / സ്ഥലം വാങ്ങൽ</u>

പ്ലാൻ റൈറ്റപ്പ് പ്രകാരമുള്ള 3 പ്രവൃത്തികൾക്ക് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക പ്രവൃത്തികളുടെ അടങ്കൽ പ്രകാരം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 50,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 113)

**സ്വീകരിച്ച നടപടി**

അധിക തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2058-00-001-99—സ്റ്റേഷനറിയും അച്ചടിയും - നടത്തിപ്പ്

പുതിയ 10 പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനും ഓഫീസ് കെട്ടിടത്തിന്റെ വാടക, വാഹനം വാങ്ങൽ തുടങ്ങിയ ഓഫീസ് ചെലവുകൾക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 02- വേതനം | 10,00,000 രൂപ |
| 06- വാടക, കരം, നികുതി | 6,00,000 രൂപ |
| 21-1-വാഹനം വാങ്ങൽ | 10,00,000 രൂപ |
| 21-2-സംരക്ഷണവും അറ്റകുറ്റപ്പണികളും | 1,00,000 രൂപ |
| 99- വിവരസാങ്കേതിക വിദ്യ | 19,99,000 രൂപ |

(ഖണ്ഡിക നം. 114)

**സ്വീകരിച്ച നടപടി**

06-വാടക, കരം, നികുതി - 9 ലക്ഷം രൂപ ധനപുനർവിനിയോഗത്തിലൂടെ 20-03-2019-ലെ 2109/2019/Fin ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

മറ്റുള്ളവയിൽ അധികതുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2058-00-101-99 —സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

18—സംരക്ഷണം

വേയ്ബ്രിഡ്ജ്, കമ്പ്യൂട്ടർ, പേപ്പർ ടെസ്റ്റിംഗ് ലാബ്, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 115)

**സ്വീകരിച്ച നടപടി**

1. 50 ലക്ഷം രൂപ ധനപുനർവിനിയോഗത്തിലൂടെ 20-03-2019-ലെ GO(Rt)No.210 9/2019/ Fin ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

ജീവനക്കാരുടെ ഓവർടൈം അലവൻസ് മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ കൊടുക്കുന്നതിനും ഓഫീസിലെ ടെലഫോൺ ചാർജ്ജ്, ലോഡിംഗ് / അൺലോഡിംഗ് തൊഴിലാളികളുടെ വേതനം, മറ്റ് അലവൻസുകൾ എന്നിവ കൊടുക്കുന്നതിനും അച്ചടിക്ക് വേണ്ട സാധനസാമഗ്രികൾ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയ തുക മതിയാകില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 01-6 ഓവർ ടൈം അലവൻസ് | 5,00,00,000 രൂപ |
| 05-3 ടെലഫോൺ ചാർജ്ജ് | 2,50,000 രൂപ |
| 05-4 മറ്റിനങ്ങൾ | 10,00,000 രൂപ |
| 24- സാധനസാമഗ്രികൾ | 1,75,00,000 രൂപ |

(ഖണ്ഡിക നം. 116)

**സ്വീകരിച്ച നടപടി**

01-6 ഓവർ ടൈം അലവൻസ് — അധിക തുക അനുവദിച്ചിട്ടില്ല.

05-3 ടെലഫോൺ ചാർജ്ജ്—1,50,000 രൂപ ധനപുനർവിനിയോഗത്തിലൂടെ 26-11-2018-ലെ GO(Rt)No.9711/2018/Fin ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

05-4 മറ്റിനങ്ങൾ—12,00,000 രൂപ (ധനപുനർവിനിയോഗം വഴി 26-11-2018-ലെ GO(Rt)No. 9711/2018/Fin പ്രകാരം 10,00,000 രൂപയും അധികധനാനുമതി വഴി 26-3-2019-ലെ GO(Rt)No. 2472/2019/Fin ഉത്തരവ് പ്രകാരം 2,00,000 രൂപയും)

24 സാധനസാമഗ്രികൾ—ധനപുനർവിനിയോഗം വഴി 2,80,00,000 രൂപ 26-3-2019-ലെ GO(Rt)No.2471/2019/Fin ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

സ്റ്റോർസ് പർച്ചേഴ്സ് (സി) വകുപ്പിൽ നിന്നും 21-10-23-ലെ എസ്.പി.ഡി-സി13/175/2023 കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നം.113-116 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ സമിതിയുടെ 6-3-2024 ലെ യോഗം അംഗീകരിക്കുകയും കാലതാമസപത്രിക 30-1-2024 ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നം. 3276/സബ്.സി.ഡി2/2019/നി.സെ.)

### ശിപാർശ

2014-00-102-99—<u>ഹൈക്കോടതി</u>

05-03—<u>ടെലഫോൺ ചെലവ്</u>

വിരമിച്ച ചീഫ് ജസ്റ്റിസുമാർക്കും ജഡ്ജിമാർക്കും പുതിയ ഗാർഹിക ടെലിഫോൺ കണക്ഷൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 12.37 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

### സ്വീകരിച്ച നടപടി

വിരമിച്ച ചീഫ് ജസ്റ്റിസുമാർക്കും ജഡ്ജിമാർക്കും പുതിയ ഗാർഹിക ടെലിഫോൺ ബില്ലുകൾ പ്രതീക്ഷിച്ചതിലും കുറവായതിനാൽ ഈ ശീർഷകത്തിൽ 2019-2020 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം തന്നെ പര്യാപ്തമായിരുന്നു. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

### ശിപാർശ

2014-00-102-99—<u>ഹൈക്കോടതി</u>

21-01—<u>വാഹനങ്ങൾ വാങ്ങൽ</u>

ജഡ്ജിമാരുടെ നിലവിലെ വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനും, ആംബുലൻസ്, മിനി വാൻ എന്നിവ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 4.3999 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

**സ്വീകരിച്ച നടപടി**

10-3-2022 തീയതിയിലെ G.O(Rt)No. 664/2022/Home, 22-4-2022-ലെ G.O(Rt)No. 1132/2022/Home എന്നീ ഉത്തരവുകൾ പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിമാർക്കായി 7 ഇന്നോവക്രിസ്റ്റ ഡീസൽ 2.4L - Z7 കാറുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി സർക്കാർ നൽകി. ഈ ആവശ്യത്തിനായി, സർക്കാർ 25-6-2022-ലെ G.O(Rt)No. 4649/2022/Fin. പ്രകാരം അഡീഷണൽ ഓതറൈസേഷൻ വഴി 1,67,99,000 രൂപ അധികമായി അനുവദിച്ചു. തുടർന്ന്, 17-11-2022-ലെ G.O(Rt)No. 3246/2022/Home പ്രകാരം, 4 ഇന്നോവ ക്രിസ്റ്റ കാറുകൾ കൂടി വാങ്ങുന്നതിനുള്ള അനുമതിയും സർക്കാർ നൽകി. എന്നാൽ ഹൈക്കോടതി ഉദ്ദേശിച്ച വാഹനത്തിന്റെ വകഭേദത്തിന്റെ നിർമ്മാണം വാഹന നിർമ്മാതാവ് നിർത്തിയതിനാൽ GeM ൽ ഈ വാഹനം ലഭ്യമായിരുന്നില്ല. ഇതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അഡീഷണൽ ഓതറൈസേഷൻ വഴി ലഭിച്ച 1,67,99,000 രൂപ ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങാൻ സാധിച്ചില്ല. എന്നാൽ പിന്നീട് വാഹന നിർമ്മാതാവ് പുറത്തിറക്കിയ ഇന്നോവ ക്രിസ്റ്റ വകഭേദത്തിന്റെ (ZXMT 7 സീറ്റർ) പ്രത്യേക സർക്കാർ വില 24,63,523 രൂപയാണ്. ആയതിനാൽ 11 വാഹനങ്ങൾക്കും കൂടി ഉദ്ദേശം 2,70,98,753 രൂപ വരും. ഇതിനായി സർക്കാർ 15-7-2023 തീയതിയിലെ G.O(Rt)No. 1968/2022/Home പ്രകാരം പുതുക്കിയ ഭരണാനുമതി നൽകുകയും 17-6-2023-ലെ G.O(Rt)No. 4658/2022/Fin. പ്രകാരം അഡീഷണൽ ഓതറൈസേഷൻ വഴി 2,70,98,000 രൂപയും അധികമായി അനുവദിച്ചു. ഈ തുക ഉപയോഗിച്ച് 11 വാഹനങ്ങളും നടപ്പു സാമ്പത്തിക വർഷത്തിൽ തന്നെ വാങ്ങാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. സർക്കുലേഷൻ ആവശ്യത്തിനായുള്ള ഡീസൽ വണ്ടി 2022-23 സാമ്പത്തിക വർഷം വാങ്ങിയിട്ടുണ്ട്. ഹൈക്കോടതി കെട്ടിടത്തിൽ തന്നെ പ്രവർത്തിക്കുന്ന കേരള ഹൈക്കോടതി എംപ്ലോയീസ് ക്രെഡിറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി ഒരു ആംബുലൻസ് ഹൈക്കോടതിക്ക് സംഭാവന ചെയ്തതിനാൽ പുതിയ ആംബുലൻസ് വാങ്ങിക്കേണ്ട ആവശ്യം ഉണ്ടായില്ല. മിനി വാൻ വാങ്ങുന്നത് തൽക്കാലം പരിഗണിക്കേണ്ട എന്നാണ് നിലവിലെ തീരുമാനം.

**ശിപാർശ**

2014-00-102-99—ഹൈക്കോടതി

34-03—ചെലവുകൾ - മറ്റിനം

വിരമിച്ച ചീഫ് ജസ്റ്റിസുമാരുടെയും ജഡ്ജിമാരുടെയും പോസ്റ്റ് - റിട്ടയറൽ ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ 56 ലക്ഷം രൂപ ആവശ്യമുള്ളതിനാലും ആനുകൂല്യം നൽകേണ്ടവരുടെ എണ്ണം ഈ വർഷം വർദ്ധിക്കുമെന്നതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

**സ്വീകരിച്ച നടപടി**

വിരമിച്ച ചീഫ് ജസ്റ്റിസുമാരുടെയും ജഡ്ജിമാരുടെയും പോസ്റ്റ് - റിട്ടയറൽ ആനുകൂല്യങ്ങൾ നൽകുന്നതിന് 2019-2020 സാമ്പത്തിക വർഷത്തിൽ സർക്കാർ 27,04,000 രൂപ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിച്ചിരുന്നു.

**ശിപാർശ**

2014-00-105-99—സിവിലും സെഷൻസും കോടതികൾ

05-03—ടെലിഫോൺ ചെലവ്

ഇ-കോടതി പദ്ധതിയുടെ ഭാഗമായി 122 കോടതികളിലെ VPN ബ്രോഡ്ബാൻഡ് കണക്ടിവിറ്റി, 20 കോടതികളിലെ ലീസ്ഡ് ലൈൻ കണക്ടിവിറ്റി എന്നിവയുടെ ചെലവുകൾ വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 23.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

**സ്വീകരിച്ച നടപടി**

വിവിധ സിവിൽ, സെഷൻസ് കോടതികളിലെ ടെലിഫോൺ ചാർജ്ജുകൾ, കോടതി സമുച്ചയങ്ങളിൽ BSNL നൽകുന്ന പോയിന്റ്-ടു-പോയിന്റ് ലീസ്ഡ് ലൈൻ സർക്യൂട്ടിനുള്ള ചെലവ്, VPN ചാർജ്ജുകൾ എന്നിവയ്ക്കായി സർക്കാർ 31-3-2020 തീയതിയിലെ G.O(Rt)No. 2621/2020/Fin. പ്രകാരം 3,00,000 രൂപ ധനപുനഃവിനിയോഗം വഴി അനുവദിച്ചു. പ്രസ്തുത ആവശ്യങ്ങൾക്ക് ഈ തുക പര്യാപ്തമായിരുന്നു.

**ശിപാർശ**

2014-00-105-98—<u>മോട്ടോർ അപകട നഷ്ട പരിഹാര ട്രിബ്യൂണലുകൾ</u>

21-01—<u>വാഹനങ്ങൾ വാങ്ങൽ</u>

തളിപ്പറമ്പ്, പുനലൂർ എന്നിവിടങ്ങളിലെ ട്രിബ്യൂണലുകൾക്കു പുതിയ വാഹനം വാങ്ങുന്നതിനു നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 23.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

**സ്വീകരിച്ച നടപടി**

തളിപ്പറമ്പ്, പുനലൂർ എന്നിവിടങ്ങളിലെ ട്രിബ്യൂണലുകൾക്കു പുതിയ വാഹനം വാങ്ങുന്നതിനുള്ള ഭരണാനുമതിക്കുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. തിരൂർ ട്രിബ്യൂണലിലെ നിലവിലെ സ്റ്റാഫ് വാഹനം മാറ്റി വാങ്ങേണ്ട എന്ന് PWD റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**ശിപാർശ**

2014-00-108-99—<u>ക്രിമിനൽ കോടതികൾ</u>

21-01—<u>വാഹനങ്ങൾ വാങ്ങൽ</u>

തിരുവനന്തപുരം, കോട്ടയം, പാലക്കാട്, കൽപ്പറ്റ, തലശ്ശേരി എന്നീ കോടതികളിലെ പഴയ വാഹനം മാറ്റി പുതിയവ വാങ്ങുന്നതിനു ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

**സ്വീകരിച്ച നടപടി**

തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലെ പഴയ വാഹനം മാറ്റി പുതിയത് വാങ്ങാൻ സർക്കാർ 22-11-2022 തീയതിയിലെ G.O(Rt)No. 7972/2022/Fin. പ്രകാരം 6,99,000 രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിക്കുകയും 5,67,601 രൂപ ഉപയോഗിച്ച് 2022-2023 സാമ്പത്തിക വർഷത്തിൽ വാഹനം വാങ്ങിക്കുകയും ചെയ്തു. കോട്ടയം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ

ഉപയോഗത്തിനായി ഒരു മാരുതി സുസുക്കി സ്വിഫ്റ്റ് ഡിസയർ LDI കാർ വാങ്ങുന്നതിനായി സർക്കാർ 18-2-2020 തീയതിയിലെ G.O(Rt)No. 1346/2022/Fin. പ്രകാരം 5,76,000 രൂപ ധനപുനഃവിനിയോഗം വഴി അനുവദിച്ചിരുന്നു. എന്നാൽ, കമ്പനി വാഹനത്തിന്റെ ഈ വകഭേദം നിർമ്മിക്കുന്നത് നിർത്തിവച്ചത് കാരണം GeM-ൽ വാഹനത്തിന്റെ ഈ വകഭേദം ലഭ്യമല്ലായിരുന്നു, ഇതിനാൽ 2019-2020 സാമ്പത്തിക വർഷത്തിൽ ഈ വാഹനം വാങ്ങാൻ സാധിച്ചില്ല. തുടർന്ന് 11-1-2023 തീയതിയിലെ G.O(Rt)No.76/2023 /Home പ്രകാരം ഈ വാഹനത്തിന്റെ മറ്റൊരു വകഭേദം വാങ്ങാനുള്ള പുതുക്കിയ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. ഇതിനായി 23-2-2023 തീയതിയിലെ G.O(Rt)No. 1329/2023/Fin. പ്രകാരം സർക്കാർ 4,69,000 രൂപ ധനപുനഃവിനിയോഗം വഴി അനുവദിച്ചിരുന്നെങ്കിലും, പ്രസ്തുത വാഹനം GeM ൽ ലഭ്യമല്ലാത്തത് കാരണം വാഹനം 2022-2023 സാമ്പത്തിക വർഷത്തിൽ വാങ്ങിക്കാൻ സാധിച്ചില്ല. ഈ വാഹനം വാങ്ങിക്കാനായി നടപ്പു സാമ്പത്തിക വർഷത്തിൽ സർക്കാർ 1-7-2023 തീയതിയിലെ G.O(Rt)No. 5001/2023/Fin. പ്രകാരം 6,00,000 രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അധികമായി അനുവദിച്ചിട്ടുണ്ട്. വാഹനം വാങ്ങിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പാലക്കാട്, കൽപ്പറ്റ എന്നീ ക്രിമിനൽ കോടതികളിലെ പഴയ വാഹനം മാറ്റി പുതിയവ വാങ്ങാൻ സർക്കാർ 29-5-2020 G.O(Rt)No. 119/2020/Fin. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ, കമ്പനി വാഹനത്തിന്റെ ഈ വകഭേദം നിർമ്മിക്കുന്നത് നിർത്തിവച്ചത് കാരണം GeM ൽ വാഹനത്തിന്റെ ഈ വകഭേദം ലഭ്യമല്ലായിരുന്നു. പിന്നീട് 12-10-2020 തീയതിയിലെ G.O(Rt)No. 2276/2020/Home പ്രകാരം വാഹനത്തിന്റെ മറ്റൊരു വകഭേദം വാങ്ങാനുള്ള പുതുക്കിയ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. തുടർന്ന് 1-12-2020 തീയതിയിലെ G.O(Rt)No. 7040/2020/Fin. പ്രകാരം 10,99,000 രൂപ ധനപുനഃവിനിയോഗം വഴി ഇതിനായി അനുവദിക്കുകയും, ഇതുപയോഗിച്ച 2020-2021 സാമ്പത്തിക വർഷത്തിൽ പ്രസ്തുത വാഹനങ്ങൾ വാങ്ങിക്കുകയും ചെയ്തു. തലശ്ശേരി ക്രിമിനൽ കോടതികൾക്കായി പുതിയ വാഹനം വാങ്ങിക്കുന്നതിനുള്ള ഭരണാനുമതി സർക്കാർ 23-3-2023 തീയതിയിലെ G.O(Rt)No. 762/2023/Home, 5-6-2023 തീയതിയിലെ G.O(Rt)No. 1467/2020/Home എന്നീ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. വാഹനം വാങ്ങുന്നതിനായി 6 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

**ശിപാർശ**

2014-00-114-97—<u>അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ</u>

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ എന്നീ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളം അടക്കമുള്ള പ്രവർത്തന ചെലവുകൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

**സ്വീകരിച്ച നടപടി**

അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യപ്പെട്ട തുക വകയിരുത്താനായിട്ടില്ല.

**ശിപാർശ**

പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനും കെട്ടിട നിർമ്മാണം നടത്തുന്നതിനുമായി പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

**സ്വീകരിച്ച നടപടി**

ശിപാർശ ചെയ്യപ്പെട്ട തുക വകയിരുത്താനായിട്ടില്ല.

**ശിപാർശ**

2014-00-117-99—<u>കുടുംബകോടതികൾ</u>

21-01—<u>വാഹനങ്ങൾ വാങ്ങൽ</u>

10 കുടുംബകോടതികളിലെ പഴയ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനും 8 കുടുംബ കോടതികൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും ഈ ശീർഷകത്തിൽ 1.44 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

**സ്വീകരിച്ച നടപടി**

പത്തനംതിട്ട, മാവേലിക്കര, പാലാ, കട്ടപ്പന, ഇരിഞ്ഞാലക്കട, ഒറ്റപ്പാലം, തിരൂർ എന്നീ 7 കുടുംബകോടതികളിലെ ANERT വഴി EEFSL ൽ നിന്നും 7 വാഹനങ്ങൾ വാടകയ്ക്ക് എടുക്കാൻ 29-5-2020-ലെ G.O(MS)No. 119/2020/Home പ്രകാരം സർക്കാർ അനുമതി നൽകി. എന്നാൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനോട് ഹൈക്കോടതി വിയോജിപ്പ് രേഖപ്പെടുത്തിയതിനാൽ 5 പൂൾ കാറുകൾ പത്തനംതിട്ട, മാവേലിക്കര, പാലാ, കട്ടപ്പന, ഒറ്റപ്പാലം എന്നീ കുടുംബകോടതികൾക്ക് സ്റ്റാഫ് കാറുകൾ എന്ന നിലക്ക് നൽകുകയുണ്ടായി. എന്നാൽ പത്തനംതിട്ട, മാവേലിക്കര, പാലാ, കട്ടപ്പന, ഒറ്റപ്പാലം എന്നീ കുടുംബക്കോടതികളിലെ വാഹനങ്ങൾ പിന്നീട് കണ്ടെം ചെയ്യപ്പെടുകയും, പത്തനംതിട്ട, കട്ടപ്പന എന്നീ കുടുംബകോടതികൾ ഒഴികെ മറ്റ 3 കുടുംബകോടതികൾക്ക് പുതിയ വാഹനം ജില്ലാ ജുഡീഷ്യറിയിലെ വാഹനങ്ങളുടെ പുനഃവിതരണം വഴി നൽകുകയുണ്ടായി. അതേസമയം തിരൂർ, ഇരിഞ്ഞാലക്കട എന്നീ കുടുംബകോടതികൾക്ക് പുതിയ വാഹനം വാങ്ങിക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. തിരുവനന്തപുരം, കൊട്ടാരക്കര, കോഴിക്കോട് എന്നീ കുടുംബകോടതികളിൽ, സർക്കാർ 22-5-2019 തീയതിയിലെ G.O(Rt)No. 3891/2019/Fin. പ്രകാരം അഡീഷണൽ ഓതറൈസേഷൻ വഴി നൽകിയ 18,75,000 രൂപയിൽ 18,42,015 രൂപ ഉപയോഗിച്ച് 2019-2020 സാമ്പത്തിക വർഷത്തിൽ തന്നെ വാഹനങ്ങൾ വാങ്ങിച്ചു. കൂടാതെ തിരുവല്ല, ഏറ്റുമാനൂർ, എറണാകുളം, മലപ്പുറം, കൽപ്പറ്റ കാസറഗോഡ്, കണ്ണൂർ എന്നീ കുടുംബകോടതികളിൽ സർക്കാർ 1-12-2020 തീയതിയിലെ G.O(Rt)No. 7040/2020/Fin. പ്രകാരം ധനപുനഃവിനിയോഗം വഴി നൽകിയ 38,50,000 രൂപ ഉപയോഗിച്ച് 2020-2021 സാമ്പത്തിക വർഷത്തിൽ വാഹനങ്ങൾ വാങ്ങിച്ചു.

**ശിപാർശ**

2014-00-800-93—സുപ്രീംകോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക

21-01—വാഹനങ്ങൾ വാങ്ങൽ

വിവിധ കേന്ദ്രങ്ങളിലേക്കായി 15 പൂൾ വാഹനങ്ങൾ വാങ്ങുന്നതിനും പഴയ 5 വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 1.2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

### സ്വീകരിച്ച നടപടി

തലശ്ശേരിയിലെ ഒന്നാം അഡീഷണൽ ജില്ലാ കോടതിയിലെ പഴയ പൂൾ വാഹനം മാറ്റി പുതിയത് വാങ്ങാൻ സർക്കാർ 1-12-2020 ലെ G.O(Rt)No.7040/2020/Fin. പ്രകാരം 5,50,000 രൂപ ധനപുനഃവിനിയോഗം വഴി അനുവദിക്കുകയും 5,47,315 രൂപ ഉപയോഗിച്ച് 2020-2021 സാമ്പത്തിക വർഷത്തിൽ വാഹനം വാങ്ങിക്കുകയും ചെയ്തു. കൊല്ലം, പാലക്കാട്, എറണാകുളം ജില്ലാ കോടതികൾക്ക് 2 കാർ hire/lease ചെയ്യുവാൻ അനുവാദം നൽകിയിട്ടുണ്ട്. പുനലൂർ, തളിപ്പറമ്പ, കാസർഗോഡ്, തൃശ്ശൂർ എന്നീ MACT കോടതികൾ, കോട്ടയം CJM കോടതി, കാസർഗോഡ് മഞ്ചേരി, കൽപ്പറ്റ, കൊല്ലം എന്നീ ഫസ്റ്റ് അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജ്, ആലപ്പുഴ, തൊടുപുഴ, തിരൂർ, ഇരിഞ്ഞാലക്കുട എന്നീ ഫാമിലി കോടതി ജഡ്ജിമാർക്കും വാഹനം വാങ്ങുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

### ശിപാർശ

2014-00-800-85—<u>ഇ -കോടതി നടപ്പാക്കൽ</u>

കീഴ്ക്കോടതികളിൽ സാങ്കേതിക മനുഷ്യ വിഭവശേഷി വർധിപ്പിക്കുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.0774 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

### സ്വീകരിച്ച നടപടി

കീഴ്ക്കോടതികളിൽ സാങ്കേതിക മനുഷ്യ വിഭവശേഷി വർധിപ്പിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിലെ ആദ്യ ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ 1,44,89,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ആഭ്യന്തര (സി) വകുപ്പിൽ നിന്നും 21-10-2023-ലെ സി3/39/20/ആഭ്യന്തരം കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നം. 15-20, 24, 25, 29-31 എന്നീ ശിപാർശകളിൻമേലുള്ള നടപടിപത്രികകൾ സമിതിയുടെ 6-3-2024-ലെ യോഗം അംഗീകരിക്കുകയും കാലതാമസപത്രിക 30-1-2024-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## 2020-21 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

(ഫയൽ നം. 1775/സബ്.സി.ഡി.2/2020/നി.സെ)

**ശിപാർശ**

2014-00-102-99—ഹൈക്കോടതി

04-1—യാത്രാചെലവുകൾ - യാത്രാബത്ത

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെ ട്രെയിനിങ്ങിനും മറ്റു ഔദ്യോഗിക ആവശ്യങ്ങൾക്കുമുള്ള യാത്രാ ചെലവുകൾക്ക് നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 24)

**സ്വീകരിച്ച നടപടി**

ബഹു. ഹൈക്കോടതി ജഡ്ജിമാരുടെ ട്രെയിനിങ്ങിനും മറ്റു ഔദ്യോഗിക ആവശ്യങ്ങൾക്കുമുള്ള യാത്രാചെലവുകളാണ് ഈ ശീർഷകത്തിലെ പ്രധാന ചെലവിനം. കോവിഡ് വ്യാപനം മൂലം യാത്രകൾക്ക് നിയന്ത്രണം വരികയും പരിശീലനം സംബന്ധിച്ച യാത്രകളിൽ കുറവുണ്ടാവുകയും ചെയ്തതിനാൽ ഈ സാമ്പത്തിക വർഷം പ്രതീക്ഷിച്ച ചെലവ് ഉണ്ടായില്ല. അതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമാണ്.

**ശിപാർശ**

2014-00-102-99—ഹൈക്കോടതി

04-4-യാത്രാചെലവുകൾ - അവധി യാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെയും സ്റ്റാഫുകളുടെയും എൽ.റ്റി.സി. ക്ലെയിമുകൾക്കായി നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 25)

**സ്വീകരിച്ച നടപടി**

കോവിഡ് വ്യാപനം മൂലം യാത്രകൾക്ക് നിയന്ത്രണം വന്നതിനാൽ ജഡ്ജിമാരുടെയും കോടതി ജീവനക്കാരുടെയും LTC ക്ലെയിമുകൾ മുൻ വർഷങ്ങളിലേക്കാൾ കുറവായിരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമാണ്.

**ശിപാർശ**

2014-00-102-99—ഹൈക്കോടതി

05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടാങ്കർ ലോറികളിലുള്ള കുടിവെള്ളത്തിനായി കൂടുതൽ തുക ചെലവഴിക്കേണ്ടിവരുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 26)

**സ്വീകരിച്ച നടപടി**

കോവിഡ് വ്യാപനം മൂലം ഓഫീസ് അടഞ്ഞുകിടന്നതിനാൽ ആ മാസങ്ങളിൽ വെള്ളത്തിന്റെ ഉപയോഗത്തിൽ കുറവ് വന്നിട്ടുണ്ട്. അത് കാരണം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം നടപ്പുസാമ്പത്തിക വർഷത്തിലെ ആവശ്യങ്ങൾക്കായി ഏകദേശം പര്യാപ്തമാണ്.

**ശിപാർശ**

2014-00-102-99—ഹൈക്കോടതി

05-2— ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ് വർദ്ധനവിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 27)

**സ്വീകരിച്ച നടപടി**

കോവിഡ് വ്യാപനം മൂലം ഓഫീസ് അടഞ്ഞുകിടന്നതിനാൽ ആ മാസങ്ങളിൽ വൈദ്യുതിയുടെ ഉപയോഗത്തിൽ കുറവ് വന്നിട്ടുണ്ട്. അത് കാരണം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം നടപ്പുസാമ്പത്തിക വർഷത്തിലെ ആവശ്യങ്ങൾക്കായി ഏകദേശം പര്യാപ്തമാണ്.

**ശിപാർശ**

2014-00-102-99—ഹൈക്കോടതി

05-3—ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിരമിച്ച ചീഫ് ജസ്റ്റിസുമാർക്കും ജഡ്ജിമാർക്കും പുതിയ ഗാർഹിക ടെലിഫോൺ കണക്ഷൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 28)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ നിലവിലെ ബഡ്ജറ്റ് അപര്യാപ്തമായതിനാൽ 30-10-2020-ലെ G.O.(Rt)No.6183/2020/Fin പ്രകാരം 4,50,000 രൂപ അധികം ചെലവാക്കാനുള്ള അനുമതി നൽകിയിരുന്നു. കൂടാതെ 8-1-2021 ലെ G.O(Rt)No.206/2021/Fin പ്രകാരം 10,44,000 രൂപ ധനപുനഃവിനിയോഗം വഴി അധികമായി നൽകിയിട്ടുണ്ട്.

**ശിപാർശ**

2014-00-102-99—ഹൈക്കോടതി

05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയുടെ ദൈനംദിന പ്രവർത്തന ചെലവുകൾക്ക് പുറമേ പുതുതായി നിയമിതരാകുന്ന ജഡ്ജികളുടെ ചേമ്പറുകളിലേക്ക് ആവശ്യമായ ഫർണിച്ചറുകളും

ഉപകരണങ്ങളും വാങ്ങുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 29)

**സ്വീകരിച്ച നടപടി**

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വലിയ തുക ആവശ്യമായിട്ടുള്ള ചെലവുകൾ അടുത്ത സാമ്പത്തിക വർഷത്തിലേക്ക് മാറ്റി വയ്ക്കുകയുണ്ടായി. അതിനാൽ ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമാണ്.

**ശിപാർശ**

2014-00-102-99-ഹൈക്കോടതി

21- മോട്ടോർ വാഹനങ്ങൾ 1-വാങ്ങൽ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെ നിലവിലെ വാഹനങ്ങൾ മാറ്റി പുതിയത് വാങ്ങുന്നതിനും ഓഫീസ് ആവശ്യത്തിനായി 3 ഡീസൽ വാഹനങ്ങൾ വാങ്ങുന്നതിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.7257 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 30)

**സ്വീകരിച്ച നടപടി**

ഹൈക്കോടതിയുടെ ആവശ്യത്തിനായി കണ്ടെം ചെയ്ത 3 വാഹനങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതിന് 20-2-2021-ലെ സ.ഉ(സാധാ) നം.2356/2021/ആഭ്യന്തര പ്രകാരം 3 സെഡാൻ കാറുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിരുന്നു. ഹൈക്കോടതി ജഡ്ജിമാർക്ക് 7 വാഹനങ്ങൾ വാങ്ങുന്നതിന് 10-3-2022-ലെ സ.ഉ (സാധാ) നം.664/2022/ ആഭ്യന്തര പ്രകാരം ഭരണാനുമതി നൽകി.

**ശിപാർശ**

2014-00-102-99-ഹൈക്കോടതി

21- മോട്ടോർ വാഹനങ്ങൾ - 2-സംരക്ഷണവും അറ്റകുറ്റപണികളും

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 31)

**സ്വീകരിച്ച നടപടി**

കോവിഡ് വ്യാപനം മൂലം ഓഫീസ് അടഞ്ഞുകിടന്നതിനാലും യാത്രാനിയന്ത്രണങ്ങൾ കാരണവും വാഹനങ്ങളുടെ ഓട്ടം കുറവായിരുന്നു. അതിനാൽ വാഹനങ്ങളുടെ അറ്റകുറ്റ പണികൾക്കുള്ള ചെലവിലും ഗണ്യമായ കുറവുണ്ടായി. ആയതിനാൽ, ബഡ്ജറ്റ് വിഹിതം നിലവിലെ ആവശ്യങ്ങൾക്ക് പര്യാപ്തമാണ്.

**ശിപാർശ**

2014-00-102-99—ഹൈക്കോടതി

34-3—മറ്റിനം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിരമിച്ച ചീഫ്ജസ്റ്റിസുമാരുടെയും ജഡ്ജിമാരുടെയും പോസ്റ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ 66 ലക്ഷം രൂപ ആവശ്യമുണ്ടെന്നതിനാലും ആനുകൂല്യം നൽകേണ്ടവരുടെ എണ്ണം ഈ വർഷം വർദ്ധിക്കുമെന്നതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 32 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

**സ്വീകരിച്ച നടപടി**

നിലവിലെ ബഡ്ജറ്റ് വിഹിതം വിരമിച്ച ചീഫ് ജസ്റ്റിസുമാർക്കും ജഡ്ജിമാർക്കും അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകുവാൻ അപര്യാപ്തമായതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം സർക്കാർ 8-1-2021-ലെ G.O(Rt) No. 206/2021/Fin. പ്രകാരം 17,97,000 രൂപ ധനപുനഃവിനിയോഗം വഴി അധികമായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2014-00-102-99—<u>ഹൈക്കോടതി</u>

45—<u>പി.ഒ.എൽ.</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെ എണ്ണത്തിലും ഇന്ധന ചെലവിലുണ്ടായ വർദ്ധനവിലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

**സ്വീകരിച്ച നടപടി**

കോവിഡ് വ്യാപനം മൂലം ഓഫീസ് അടഞ്ഞു കിടന്നതിനാൽ വാഹനങ്ങളുടെ ഓട്ടം കുറവായിരുന്നു. അതിനാൽ വാഹനങ്ങളുടെ ഇന്ധന ചെലവിലും ഗണ്യമായ കുറവുണ്ടായി. ഇത് മൂലം ഈ ശീർഷകത്തിൽ പ്രതീക്ഷിച്ച ചെലവുണ്ടാകാതിരുന്നതിനാൽ ബഡ്ജറ്റ് വിഹിതം നിലവിലെ ആവശ്യങ്ങൾക്ക് പര്യാപ്തമാണ്.

**ശിപാർശ**

2014-00-102-99-<u>ഹൈക്കോടതി</u>

<u>91-പരിശീലനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജുഡീഷ്യൽ ഓഫീസർമാരുടെയും ജീവനക്കാരുടെയും പരിശീലന പരിപാടികൾക്കും 2020-21-ലെ സൗത്ത് സോൺ റീജിയണൽ കോൺഫറൻസിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

**സ്വീകരിച്ച നടപടി**

2020-2021 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ നടത്തുമെന്ന് പ്രതീക്ഷിച്ചിരുന്ന ജുഡീഷ്യൽ ഓഫീസർമാർക്ക് വേണ്ടിയുള്ള സൗത്ത് സോൺ റീജിയൺ കോൺഫറൻസ് നടന്നില്ല. കൂടാതെ കോവിഡ് വ്യാപനം മൂലം ജുഡീഷ്യൽ ഓഫീസർമാരുടെ പരിശീലന പരിപാടികൾ മിക്കതും ഓൺലൈൻ വഴി ആക്കുകയും ചെയ്തു. ഇത് മൂലം ഈ ശീർഷകത്തിൽ പ്രതീക്ഷിച്ച ചെലവ് ഉണ്ടാകാതിരുന്നത് കൊണ്ട് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമാണ്.

**ശിപാർശ**

2014-00-102-98—ഹൈക്കോർട്ട് ലൈബ്രറിക്ക് പുസ്തകം വാങ്ങൽ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ-ബുക്കുകൾ ഉൾപ്പെടെ പുസ്തകങ്ങൾ വാങ്ങുന്നതിനും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വരിസംഖ്യയുമായി നടപ്പു ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

**സ്വീകരിച്ച നടപടി**

ഹൈക്കോടതി ലൈബ്രറിയിലേക്ക് നിയമ പുസ്തകങ്ങൾ വാങ്ങുന്നതിനും ആനുകാലികങ്ങളുടേയും നിയമ ജേർണലുകളുടെയും വരിസംഖ്യ നൽകുന്നതിനും പുസ്തകങ്ങൾ ബൈൻഡ് ചെയ്യുന്നതിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം 22-2-2021-ലെ സ.ഉ.(സാധാ)നം. 1677/2021/ധന. പ്രകാരം ധനപുനഃവിനിയോഗം വഴി 12,18,000 രൂപ സർക്കാർ അധികമായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2014-00-102-97-ഹൈക്കോടതി കമ്പ്യൂട്ടർവൽക്കരണം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർവൽക്കരണം സുഗമമായി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

### സ്വീകരിച്ച നടപടി

കോവിഡ് വ്യാപനംമൂലം പല പദ്ധതികളും നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും മറ്റും പാലിച്ച് ഉദ്ദേശിച്ച സമയത്തിനുള്ളിൽ നടപ്പാക്കാനായില്ല. തന്മൂലം ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമാണ്.

### ശിപാർശ

2014-00-105-99—സിവിലും സെഷൻസും കോടതികൾ

04-01—യാത്രാ ബത്ത

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നടത്തുന്നതിനുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 71 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

### സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ നിലവിലെ ക്ലെയിമുകൾ തീർപ്പാക്കാൻ തന്നെ വളരെ അധികം തുക ആവശ്യമാണ്. പക്ഷെ ധനപുന:വിനിയോഗത്തിലൂടെ തുക ലഭ്യമാക്കുന്നതിനായി മറ്റു ശീർഷകങ്ങളിൽ മിച്ച തുക കണ്ടെത്താൻ സാധിക്കാത്തതിനാൽ ഇവ തീർപ്പാക്കാനായില്ല. ആയതിനാൽ ഈ ശീർഷകത്തിലെ നിലവിലെ ബഡ്ജറ്റ് വിഹിതം തീർന്നതിനാൽ ക്ലെയിമുകൾ തീർപ്പാക്കുന്നത് അടുത്ത സാമ്പത്തിക വർഷത്തിലേക്കു മാറ്റുകയുണ്ടായി.

### ശിപാർശ

2014-00-105-99—സിവിലും സെഷൻസും കോടതികൾ

05-3 — ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ-കോടതി പദ്ധതിയുടെ ഭാഗമായി 122 കോടതികളിലെ VPN ബ്രോഡ് ബാൻഡ് കണക്ടിവിറ്റി, 20 കോടതികളിലെ ലീസ്‌ലൈൻ കണക്ടിവിറ്റി എന്നിവയുടെ ചെലവുകൾ വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 4.90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

**സ്വീകരിച്ച നടപടി**

122 കോടതി സമുച്ചയങ്ങളിൽ ബ്രോഡ്ബാൻഡ് കണക്ടിവിറ്റിയും 20 കോടതികളിലെ ലീസ്ഡ്‌ലൈൻ കണക്ടിവിറ്റിയും ഉൾപ്പെടെയുള്ള ചെലവുകൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം സർക്കാർ 6-2-2021-ലെ G.O(Rt)No. 1051/2021/Fin. പ്രകാരം ധനപുനഃവിനിയോഗം വഴി 20,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ ഇനിയും തുക ആവശ്യമുള്ളതിനാൽ ധനപുനഃവിനിയോഗം വഴി അധിക തുക 25-3-2021-ലെ G.O(Rt)No. 2924/2021/Fin. പ്രകാരം അധികമായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2014-00-105-99 —<u>സിവിലും സെഷൻസും കോടതികൾ</u>

67—<u>പൊതുജനങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 3.8328 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം സർക്കാർ 7-3-2021-ലെ G.O.(Rt)No. 2110/2021/Fin. പ്രകാരം ധനപുനഃവിനിയോഗം വഴി 46,65,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2014-00-105-98—<u>മോട്ടോർ അപകട നഷ്ട പരിഹാര ട്രിബ്യൂണലുകൾ</u>

67—<u>പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ്

വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 41.05 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, ഹൈക്കോടതിയുടെ ആവശ്യപ്രകാരം സർക്കാർ 7-3-2021-ലെ G.O (Rt)No.2110/2021/Fin. പ്രകാരം ധനപുനഃവിനിയോഗം വഴി 20,78,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2014-00-105-92—<u>പ്രത്യേക കോടതികൾ (എസ്.പി.ഇ./സി.ബി.ഐ.)</u>

67—<u>പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5.44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

**സ്വീകരിച്ച നടപടി**

കോവിഡ് വ്യാപനം മൂലം പല പദ്ധതികളും നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും മറ്റും പാലിച്ച് ഉദ്ദേശിച്ച സമയത്തിനുള്ളിൽ നടപ്പാക്കാനായില്ല. തന്മൂലം ഈ ശീർഷകത്തിൽ ഇനി അധിക തുകയുടെ ആവശ്യമില്ല.

**ശിപാർശ**

2014-00-108-99—ക്രിമിനൽ കോടതികൾ

05-02—വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ ആവശ്യമായ അധിക തുക 25-3-2021-ലെ G.O(Rt) No.29 24/ 2021/Fin പ്രകാരം അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2014-00-108-99—ക്രിമിനൽ കോടതികൾ

06—വാടക കരം നികുതി

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി കുടിശ്ശിക ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43 )

**സ്വീകരിച്ച നടപടി**

ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികളുടെ കെട്ടിട നികുതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുനഃനിർണ്ണയിച്ചത് കാരണം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും തീർന്നു. ആയതിനാൽ ഹൈക്കോടതിയുടെ ആവശ്യ പ്രകാരം സർക്കാർ 1-3-2021-ലെ സ.ഉ (സാധാ) നം.1890/2021-ധന. പ്രകാരം ധനഃപുനവിനിയോഗം വഴി 26,32,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2014-00-108-99—ക്രിമിനൽ കോടതികൾ

21-1 —മോട്ടോർ വാഹനങ്ങൾ വാങ്ങൽ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട്, കൽപ്പറ്റ CJM കോടതികളിലെ പഴയ സ്റ്റാഫ് കാറുകൾ മാറ്റി വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 13.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

**സ്വീകരിച്ച നടപടി**

പാലക്കാട്, കൽപ്പറ്റ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികളിലെ പഴയ സ്റ്റാഫ് കാറുകൾ മാറ്റി പുതിയവ വാങ്ങുന്നതിനായി ഹൈക്കോടതിയുടെ അപേക്ഷ പ്രകാരം 1-12-2020-ലെ സ.ഉ.(സാധാ) നം.7040/2020 ധനം മുഖേന ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴി 10,99,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

**ശിപാർശ**

2014-00-108-99—ക്രിമിനൽ കോടതികൾ

67—പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.3073 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം സർക്കാർ 7-3-2021-ലെ സ.ഉ.(അച്ചടി) നം.2110/ 2021/ധനം പ്രകാരം ധനപുനർവിനിയോഗം വഴി 18,38,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2014-00-114-00-97-APPs- സംസ്ഥാനത്തെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂഷൻ ഓഫീസുകളിൽ ജീവനക്കാരുടെ ശമ്പളമടക്കമുള്ള പ്രവർത്തന ചെലവുകൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ചെലവ്, യാത്രാപ്പടി ഇനങ്ങളിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

**സ്വീകരിച്ച നടപടി**

2014-00-114-00-97 APPs എന്ന ശീർഷകത്തിൽ അധികമായി തുക അനുവദിച്ചിട്ടില്ല. കൂടാതെ കെട്ടിട നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിന്റെ 90-34-3 other charge എന്ന ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 1.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2014-00-117-99—കുടുംബകോടതികൾ

04-01— യാത്രാ ചെലവുകൾ - യാത്രാബത്ത

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2018 മുതലുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി തീർന്നതിനാൽ നിലവിലെ ക്ലെയിമുകൾ തീർപ്പാക്കാൻ തന്നെ വളരെ അധികം തുക ആവശ്യമാണ്. ആയതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം 1,25,000 രൂപ 6-2-2021-ലെ സ.ഉ. (സാധാ.)

നം.1051/2021/ധനം ഉത്തരവ് പ്രകാരം ധന പുനർവിനിയോഗത്തിലൂടെ അധികമായി നൽകിയിട്ടുണ്ട്. പണമില്ലാത്തതു കാരണം മറ്റു ക്ലെയിമുകൾ തീർപ്പാക്കുന്നത് അടുത്ത സാമ്പത്തിക വർഷത്തിലേക്ക് മാറ്റിയിരിക്കുന്നു.

**ശിപാർശ**

2014-00-117-99—കുടുംബകോടതികൾ

21—മോട്ടോർ വാഹനങ്ങൾ 1 - വാങ്ങൽ

കുടുംബകോടതിയിലെ പഴയ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനും 7 കുടുംബകോടതികൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ഈ ശീർഷകത്തിൽ 13.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 54)

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ 7 കുടുംബകോടതികളിൽ പഴയ സ്റ്റാഫ് കാറുകൾ മാറ്റി പുതിയവ വാങ്ങുന്നതിനായി ഹൈക്കോടതിയുടെ അപേക്ഷ പ്രകാരം 1-1-2020-ലെ സ.ഉ. (സാധാ) 7040/2020/ധന. മുഖേന ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴി സർക്കാർ 38,50,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങുകയും ചെയ്തു.

**ശിപാർശ**

2014-00-117-99—കുടുംബകോടതികൾ

67 —പൊതു ജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 37.2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 55)

**സ്വീകരിച്ച നടപടി**

കോവിഡ് വ്യാപനം മൂലം പല പദ്ധതികളും നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങളും നടപടി ക്രമങ്ങളും മറ്റും പാലിച്ച് ഉദ്ദേശിച്ച സമയത്തിനുള്ളിൽ നടപ്പാക്കാനായില്ല. തന്മൂലം ഈ ശീർഷകത്തിൽ അനുവദിച്ച തുക ഈ സാമ്പത്തിക വർഷത്തിലെ ആവശ്യങ്ങൾക്ക് പര്യാപ്തമാണ്.

**ശിപാർശ**

2014-00-800-93—<u>സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വകയിരു ത്തുന്ന മൊത്തം തുക</u>

06—<u>വാടക കരം നികുതി</u>

ബഡ്ജറ്റ് വിഹിതം മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ച തിന്റെ അടിസ്ഥാനത്തിൽ ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക കുടിശ്ശിക നൽകുന്ന തിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 57)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം തീരാറായത് കാരണം കീഴ് കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടു വാടക നൽകാൻ ബുദ്ധിമുട്ട് നേരിട്ടിരുന്നു. കൂടാതെ ഒട്ടേറെ ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക നിർണ്ണയിച്ച് കൊണ്ടുള്ള ഉത്തരവുകളും സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതിനാൽ ഹൈക്കോടതിയുടെ അപേക്ഷ പ്രകാരം 3-2-2021-ലെ സ.ഉ. (സാധാ) നം. 972/2021/ധന. മുഖേന ധനപുനർവിനിയോഗം വഴി 60,00,000 രൂപ അധിക തുക അനുവദിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ ആവശ്യമായ അധിക തുക 25-3-2021-ലെ G.O.(Rt)No. 2924/2021/Fin. പ്രകാരം അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2014-00-800-88 <u>ഗ്രാമന്യായാലയം</u>

67—<u>പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.2001 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 59)

**സ്വീകരിച്ച നടപടി**

കോവിഡ് വ്യാപനം മൂലം പല പദ്ധതികളും നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങളും നടപടി ക്രമങ്ങളും മറ്റും പാലിച്ച് ഉദ്ദേശിച്ച സമയത്തിനുള്ളിൽ നടപ്പാക്കാനായില്ല. തന്മൂലം ഈ ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമാണ്.

**ശിപാർശ**

2014-00-800-86 —<u>നീതിന്യായനിർവ്വഹണ പുരോഗതി</u>

67—<u>പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 43.69 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 60)

**സ്വീകരിച്ച നടപടി**

കോവിഡ് വ്യാപനം മൂലം പല പദ്ധതികളും നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും മറ്റും പാലിച്ച് ഉദ്ദേശിച്ച സമയത്തിനുള്ളിൽ നടപ്പാക്കാനായില്ല. തന്മൂലം ഈ ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമാണ്.

**ശിപാർശ**

2014-00-800-85 - <u>ഇ കോടതി നടപ്പാക്കൽ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കീഴ്കോടതികളിൽ സാങ്കേതിക വിദഗ്ധരുടെ വേതന വർദ്ധനവിന് ആനുപാതികമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 61)

**സ്വീകരിച്ച നടപടി**

കീഴ്കോടതികളിൽ സാങ്കേതിക മനുഷ്യ വിഭവശേഷി നൽകുന്നതുമായി ബന്ധപ്പെട്ട് IHRD-ക്ക് നൽകാനായി ഹൈക്കോടതിയുടെ അപേക്ഷ പ്രകാരം 22-9-2020 ലെ സ.ഉ. (സാധാ) നം. 5401/2020/ധന. മുഖേന സർക്കാർ 65,94,000 രൂപ അധികമായി ചെലവാക്കാനുള്ള അനുമതി നൽകിയിരുന്നു. ഈ തുക ക്രമപ്പെടുത്തുന്നതിനും 1,39,58,000 രൂപ അധികമായി അനുവദിക്കുന്നതിനുമായുള്ള നിർദ്ദേശങ്ങൾ ഹൈക്കോടതിയുടെ അന്തിമ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും തുക ലഭിച്ചില്ല. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി ചെലവാക്കിയ തുക ധനപുനർവിനിയോഗം വഴി ക്രമപ്പെടുത്തുന്നതിനു അധിക തുക 20-3-2021-ലെ G.O.(Rt) No. 2629/2021/Fin. പ്രകാരം അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

<u>പുതിയ ശീർഷകം സൃഷ്ടിച്ച് തുക വകയിരുത്തുന്നതിനുള്ള ശിപാർശ</u>

പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഒരു പുതിയ ശീർഷകം സൃഷ്ടിച്ച് ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പുതിയ ശീർഷകം (ii)

**സ്വീകരിച്ച നടപടി**

പുതിയ ശീർഷകം (ii) സൃഷ്ടിച്ച് തുക വകയിരുത്തുന്നതിനുള്ള ആവശ്യത്തിൻമേൽ പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി തുക വകയിരുത്തുന്നത് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും നാളിതുവരെ പുതിയ ശീർഷകം സൃഷ്ടിച്ച് തുക വകയിരുത്തിയിട്ടില്ല.

ആഭ്യന്തര (സി) വകുപ്പിൽ നിന്നും സി3/156/20, തീയതി 1-2-2023 & സി3/156/20, തീയതി 12-9-2023 കത്തുകൾ മുഖേന ലഭ്യമായ ഖണ്ഡിക 24-45, 51, 53-55, 57, 59-61, പുതിയ ശീർഷകം (ii) സംബന്ധിച്ച ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ സമിതിയുടെ 6-3-2024-ലെ യോഗം അംഗീകരിക്കുകയും കാലതാമസപത്രിക 30-1-2024-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**ശിപാർശ**

4058-00-103-95—സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 7.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 159)

**സ്വീകരിച്ച നടപടി**

അധിക ധനാനുമതി വഴിയോ, ധനപുനഃവിനിയോഗം വഴിയോ ടി ശീർഷകത്തിൽ തുകയൊന്നും തന്നെ അധികമായി അനുവദിച്ചിട്ടില്ല.

**ശിപാർശ**

4058-00-103-99 —ഗവൺമെന്റ് പ്രസ്സിനുവേണ്ടി കെട്ടിടം നിർമ്മിക്കൽ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 160)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകം കൈകാര്യം ചെയ്യുന്നത് പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്സ് വിഭാഗമാണ്. അധിക ധനാനുമതി വഴിയോ, ധനപുനഃവിനിയോഗം വഴിയോ ടി ശീർഷകത്തിൽ തുക അധികമായി അനുവദിച്ചിട്ടുണ്ടോയെന്ന വിവരം ഈ ഓഫീസിൽ

ലഭ്യമല്ല. ആയതിനാൽ അധിക ധനാനുമതി വഴിയോ ധനപുനഃവിനിയോഗം വഴിയോ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന വിവരം സംബന്ധിച്ച വിശദവിവരങ്ങൾ പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെടാവുന്നതാണ്.

**ശിപാർശ**

4058-00-800-97—യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം / സ്ഥലം വാങ്ങൽ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസിനു കെട്ടിടം പണിയുന്നതിന് ഏകദേശം 2 കോടി രൂപ ആശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 161)

**സ്വീകരിച്ച നടപടി**

വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസ് നിർമ്മാണത്തിനായി ഇലക്ഷൻ പെരുമാറ്റചട്ടം നിലനിന്നിരുന്നതിനാൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന പ്രകാരം തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2058-00-001-99—ഭരണവും നടത്തിപ്പും

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർമാർക്ക് വേതനം നൽകുന്നതിനും, സ്ഥലമാറ്റ യാത്രാബത്തയും അവധി യാത്രാനുകൂല്യം നൽകുന്നതിനും, വാഹനം വാങ്ങൽ, വാഹനങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങിയ ദൈനംദിന ഓഫീസ് ചെലവുകൾക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

02- വേതനം - 6.48 ലക്ഷം രൂപ

04- യാത്രാചെലവുകൾ -2 ലക്ഷം രൂപ

21.1 - വാഹനം വാങ്ങൽ -9.99 ലക്ഷം രൂപ

21.2 - സംരക്ഷണവും അറ്റകുറ്റപ്പണികളും - 50,000 രൂപ

99- വിവര സാങ്കേതികവിദ്യ -9.99 ലക്ഷം രൂപ

(ഖണ്ഡിക 162)

**സ്വീകരിച്ച നടപടി**

02-വേതനം -6.48 ലക്ഷം രൂപ സമിതി ശിപാർശ ചെയ്തുവെങ്കിലും 2-4 കൺസോളിഡേറ്റഡ് പേ ഇനത്തിൽ 16-3-2021-ലെ GO (Rt) No.2355/2021/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 5,04,000 രൂപ വകുപ്പിന്റെ M&S ശീർഷകത്തിൽ നിന്നും റീഅപ്രോപ്രിയേറ്റ് ചെയ്തു.

04-യാത്രാചെലവുകൾ എന്ന ശീർഷകത്തിലെ ട്രാൻസ്ഫർ ടി.എ. ഇനത്തിൽ 14-1-2021-ലെ GO(Rt)No.364/21/Fin നമ്പർ ഉത്തരവ് പ്രകാരം അതർ ഐറ്റംസ് എന്ന ശീർഷകത്തിൽ നിന്നും 50,000 രൂപ റീഅപ്രോപ്രിയേറ്റ് ചെയ്തു. 21-1 വാഹനം വാങ്ങൽ എന്ന ശീർഷകത്തിൽ പുതിയ സ്റ്റാഫ് കാർ വാങ്ങുന്നതിനായി 1000 രൂപയാണ് അനുവദിച്ചിരുന്നത്. വിഷയ നിർണയ സമിതി ശിപാർശ പ്രകാരം 1-7-2020-ലെ GO(Rt)3996/2020/Fin ഉത്തരവ് പ്രകാരം 9,99,000 രൂപ അനുവദിച്ചു. മറ്റ് ശീർഷകങ്ങളിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ അധികമായി തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2058-00-101-99-01-06—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

18—സംരക്ഷണം

ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 163)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ സമിതി അധിക തുക ശിപാർശ ചെയ്തുവെങ്കിലും അനുവദിച്ചിട്ടില്ല.

**ശിപാർശ**

2058-00-101-99-24—സാധന സാമഗ്രികൾ

സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകൾക്കും പ്രസ്സുകൾക്കും ആവശ്യമുള്ള സ്റ്റേഷനറി സാധനങ്ങൾ മതിയായ തോതിൽ വാങ്ങാൻ കഴിയാത്തതുകൊണ്ട്

പല ഓഫീസുകൾക്കും ലോക്കൽ പർച്ചേസിനെ ആശ്രയിക്കേണ്ടി വരുന്നുണ്ടെന്നും ആയത് സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടാക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആവശ്യമുള്ള സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 164)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ അധിക തുക സമിതി ശിപാർശ ചെയ്തുവെങ്കിലും കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സർക്കാർ ഓഫീസുകളിൽ നിന്നുള്ള സ്റ്റേഷനറി സാധനങ്ങളുടെ ആവശ്യം വളരെ കുറവായിരുന്നു.

**ശിപാർശ**

2058-00-103-99 —ഗവൺമെന്റ് പ്രസ്സുകൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ഓവർടൈം അലവൻസ് മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ കൊടുക്കുന്നതിനും ലോഡിംഗ്/അൺലോഡിംഗ് തൊഴിലാളികളുടെ വേതനം, മറ്റ് അലവൻസുകൾ എന്നിവ കൊടുക്കുന്നതിനും അച്ചടിക്ക് വേണ്ട സാധന സാമഗ്രികൾ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം മതിയാകില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-06 | - ഓവർടൈം അലവൻസ് | - 6 കോടി രൂപ. |
| 05-04 | - മറ്റിനങ്ങൾ | - 12 ലക്ഷം രൂപ |
| 24 | - സാധനസാമഗ്രികൾ | - 1.75 കോടി രൂപ |

(ഖണ്ഡിക 165)

**സ്വീകരിച്ച നടപടി**

G.O(Rt) No. 4507/2022/Fin, dated 5-8-2020 പ്രകാരം 11,25,000 രൂപയും G.O(Rt) No. 5645/2022/Fin, dated 1-10-2020 പ്രകാരം 7,77,000 രൂപയും അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

G.O. (Rt) No. 1151/2021/Fin, dated 10.02.2021 പ്രകാരം 12,00,000 രൂപയും G.O(Rt) No. 2451/2021/Fin, dated 17-3-2021 പ്രകാരം 48,000 രൂപയും അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

G.O(Rt) No. 2141/2021/Fin, dated 8-3-2021 പ്രകാരം 1,91,39,000 രൂപ അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

സ്റ്റോർസ് പർച്ചേസ് (സി) വകുപ്പിൽ നിന്നും 31-3-2023 ലെ എസ്.പി.ഡി.സി3/ 110/2022-എസ്.പി.ഡി. കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നം. 159-165 വരെയുള്ള ശിപാർശകളിൻമേലുള്ള നടപടി പത്രികകൾ സമിതിയുടെ 10-8-2023 ലെ യോഗം പരിഗണിക്കുകയും കാലതാമസപത്രിക 9-8-2023 ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

### (ഫയൽ നം. 12066/സബ്.സി.ഡി2/2021/നി.സെ.)

### ശിപാർശ

3425-60-200-71(01)—കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതിയ്ക്ക് കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ - പ്രത്യേക പരിപാടികൾ

03-36—സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി സമിതി സഹായധനം- ശമ്പളേതരം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ നേരിട്ട് നടത്തുന്ന പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 9.39 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 150)

### സ്വീകരിച്ച നടപടി

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് 2021-2022 സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനത്തിനായി അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

3425-60-200-71 (07)—ശാസ്ത്രം, സാങ്കേതിക വിദ്യ, പരിസ്ഥിതി എന്നിവയ്ക്കായുള്ള കേരള സ്റ്റേറ്റ് കൗൺസിൽ

31—സഹായ ധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലെയും കൗൺസിൽ കാര്യാലയത്തിലെയും ശാസ്ത്രജ്ഞരുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും നൽകുന്നതിനും ശാസ്ത്രജ്ഞന്മാർക്ക് ഏഴാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ വഹിക്കുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 18.30 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 151)

**സ്വീകരിച്ച നടപടി**

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ 3425-60-200-71(07)-31-സഹായധനം-ശമ്പളം എന്ന ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

3425-60-200-53—ഡയബറ്റിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 152)

**സ്വീകരിച്ച നടപടി**

3425-60-200-53- ഡയബറ്റിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശാസ്ത്രസാങ്കേതിക വകുപ്പിൽ നിന്നും എ 2/129/2021-എസ്സ് & റ്റി.ഡി. തീയതി 4-5-2023 കത്ത് മുഖേന ലഭ്യമാക്കിയ 150-152 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ സമിതിയുടെ 10-8-2023-ലെ യോഗം അംഗീകരിക്കുകയും കാലതാമസപത്രിക 9-8-23-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**ശിപാർശ**

2014-00-102-99— ഹൈക്കോടതി

05 - 3 —ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാധാരണ ടെലിഫോൺ ചാർജ്ജുകൾക്ക് പുറമേ BSNL-ന് പോയിന്റ് ടു പോയിന്റ് ലീസ്ഡ് ലൈൻ ചാർജ്ജുകളും നൽകേണ്ടതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

**സ്വീകരിച്ച നടപടി**

സാധാരണ ടെലിഫോൺ ചാർജ്ജുകൾക്കു പുറമെ BSNL ന് പോയിന്റ് ടു പോയിന്റ് ലീസ്ഡ് ലൈൻ ചാർജ്ജുകളും നൽകേണ്ടി വന്നതിനാൽ ഈ ശീർഷകത്തിൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം 17-3-2022-ലെ സ.ഉ.(സാധാ) നം.1951/2022/ധന. പ്രകാരം 9,00,000 രൂപ ധനപുനഃവിനിയോഗം വഴി സർക്കാർ അധികമായി അനുവദിച്ചിരുന്നു.

**ശിപാർശ**

2014-00-102-99—ഹൈക്കോടതി

05- ഓഫീസ് ചെലവുകൾ -04-മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കു പുറമേ പുതുതായി നിയമിതരാകുന്ന ജഡ്ജിമാരുടെ ചേമ്പറുകളിലേക്ക് ആവശ്യമായ ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്ത മാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

**സ്വീകരിച്ച നടപടി**

സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വലിയ തുക ആവശ്യവുമായിട്ടുള്ള ചെലവുകൾ പലതും അടുത്ത സാമ്പത്തിക വർഷത്തിലേക്കു മാറ്റി വയ്ക്കുകയുണ്ടായി. അതിനാൽ 2021-2022 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ഹൈക്കോടതി അധിക തുക ആവശ്യപ്പെട്ടില്ല.

**ശിപാർശ**

2014-00-102-99—<u>ഹൈക്കോടതി</u>

21—<u>മോട്ടോർ വാഹനങ്ങൾ 1- വാഹനം വാങ്ങൽ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ വാഹനങ്ങൾ മാറ്റി പുതിയത് വാങ്ങുന്നതിനും ജഡ്ജിമാരുടെ ആവശ്യത്തിനായി 7 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.7344 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

**സ്വീകരിച്ച നടപടി**

ജഡ്ജിമാരുടെ ആവശ്യത്തിനായി പുതിയ വാഹനങ്ങൾ വാങ്ങിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചത് 2021-2022 സാമ്പത്തിക വർഷാവസാനത്തിലാണ്. ബാക്കി 3 വാഹനങ്ങൾ വാങ്ങിക്കാനുള്ള ഭരണാനുമതിയും ലഭിച്ചത് 2022-23 സാമ്പത്തിക വർഷത്തിൽ വാങ്ങിക്കാൻ സാധിച്ചില്ല. അതിനാൽ തന്നെ 2021-2022 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധിക തുകയുടെ ആവശ്യം ഉണ്ടായില്ല.

**ശിപാർശ**

2014-00-102-99—<u>ഹൈക്കോടതി</u>

34-3—<u>മറ്റു ചെലവുകൾ - 03 - മറ്റിനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിരമിച്ച ചീഫ് ജസ്റ്റിസുമാരുടെയും ജഡ്ജിമാരുടെയും പോസ്റ്റ്

റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ 57.12 ലക്ഷം രൂപ ആവശ്യമുണ്ടെന്നതിനാലും ആനുകൂല്യം നൽകേണ്ടവരുടെ എണ്ണം ഈ വർഷം വർദ്ധിക്കുമെന്നതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം 17-3-2022-ലെ സ.ഉ.(സാധാ) നം.1951/2022/ധന പ്രകാരം 3,00,000 രൂപ ധനപുനഃവിനിയോഗം വഴി അധികമായി അനുവദിച്ചിരുന്നു. കൂടാതെ 12-1-2022-ലെ സ.ഉ.(സാധാ) നം.248/2022/ധന. പ്രകാരം 15,00,000 രൂപ അധികം ചെലവാക്കാനുള്ള അനുമതി നൽകുകയും അതിൽ 12,38,000 രൂപ 23-5-2022-ലെ സ.ഉ.(സാധാ) നം.3855/2022/ധന. പ്രകാരം ധനപുനഃവിനിയോഗം വഴി സർക്കാർ ക്രമപ്പെടുത്തുകയും ചെയ്തു.

**ശിപാർശ**

2014-00-102-98—ഹൈക്കോർട്ട് ലൈബ്രറിയ്ക്ക് പുസ്തകം വാങ്ങൽ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ-ബുക്കുകൾ ഉൾപ്പെടെ പുസ്തകങ്ങൾ വാങ്ങുന്നതിനും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വരിസംഖ്യയുമായി നടപ്പു ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

**സ്വീകരിച്ച നടപടി**

ഹൈക്കോടതി ലൈബ്രറിയിലേക്കു നിയമ പുസ്തകങ്ങൾ വാങ്ങുന്നതിനും, ആനുകാലികങ്ങളുടെയും നിയമ ജേർണലുകളുടെയും വരിസംഖ്യ നൽകുന്നതിനുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം 17-8-2021-ലെ സ.ഉ.(സാധാ) നം. 1961/2022/ധനപുനഃവിനിയോഗം വഴി 2,00,000 രൂപ സർക്കാർ അധികമായി അനുവദിച്ചിരുന്നു.

**ശിപാർശ**

2014-00-105-99—<u>സിവില്ലം സെഷൻസും കോടതികൾ</u>

01-4—<u>മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്ലെയിമുകൾക്കുള്ള തുക നൽകുന്നതിന് നടപ്പു ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

**സ്വീകരിച്ച നടപടി**

മെഡിക്കൽ ക്ലെയിമുകൾ തീർപ്പാക്കാൻ ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, ഹൈക്കോടതിയുടെ ആവശ്യപ്രകാരം 22-1-2022-ലെ സ.ഉ. (സാധാ) നം. 502/2022/ധന. പ്രകാരം 30,00,000 രൂപ അധികം ചെലവാക്കാനുള്ള അനുമതി സർക്കാർ നൽകുകയും അതിൽ 26,72,000 രൂപ 23-5-2022-ലെ സ.ഉ.(സാധാ) നം. 3865/2022/ധന. പ്രകാരം ധനപുനഃവിനിയോഗം വഴി ക്രമപ്പെടുത്തുകയും ചെയ്തിരുന്നു.

**ശിപാർശ**

2014-00-105-99—<u>സിവില്ലം സെഷൻസും കോടതികൾ</u>

04-1—<u>യാത്രാബത്ത</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകുന്നതിനുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ ധന:പുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

**സ്വീകരിച്ച നടപടി**

ബഹു. ജഡ്ജിമാരുടെ ട്രെയിനിംഗിനും മറ്റു ഔദ്യോഗിക ആവശ്യങ്ങൾക്കുമുള്ള യാത്രാ ചെലവുകളാണ് ഈ ശീർഷകത്തിലെ പ്രധാന ചെലവിനം. ഈ ശീർഷകത്തിലെ

ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 17-3-2022-ലെ സ.ഉ.(സാധാ) നം. 1962/2022/ധന. പ്രകാരം 25,00,000 രൂപ ധനപുനഃവിനിയോഗം വഴി സർക്കാർ അധികമായി അനുവദിച്ചിരുന്നു.

**ശിപാർശ**

2014-00-105-99—സിവിലും സെഷൻസും കോടതികൾ

05-ഓഫീസ് ചെലവുകൾ— 01 - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 17-3-2022-ലെ സ.ഉ(സാധാ) നം.1962/2022/ധന. പ്രകാരം 1,75,000 രൂപ ധനപുനഃവിനിയോഗം വഴി സർക്കാർ അധികമായി അനുവദിച്ചിരുന്നു. കൂടാതെ 22-1-2022-ലെ സ.ഉ.(സാധാ) നം. 502/2022/ധന പ്രകാരം 5,00,000 രൂപ അധികം ചെലവാക്കാനുള്ള അനുമതി നൽകുകയും അതിൽ 4,59,000 രൂപ 23-5-2022-ലെ സ.ഉ. (സാധാ) നം.3865/2022/ധന. പ്രകാരം ധനപുനഃവിനിയോഗം വഴി സർക്കാർ ക്രമപ്പെടുത്തുകയും ചെയ്തിരുന്നു.

**ശിപാർശ**

2014-00-105-99— സിവിലും സെഷൻസും കോടതികൾ

05-ഓഫീസ് ചെലവ് - 02 – വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 17-3-2022-ലെ സ.ഉ(സാധാ) നം.1962/2022/ധന. പ്രകാരം 8,00,000 രൂപ ധനപുനഃവിനിയോഗം വഴി സർക്കാർ അധികമായി അനുവദിച്ചിരുന്നു.

**ശിപാർശ**

2014-00-105-99— സിവിലും സെഷൻസും കോടതികൾ

05-ഓഫീസ് ചെലവ് - 03— ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ-കോടതി പദ്ധതിയുടെ ഭാഗമായി 122 കോടതികളിലെ ബ്രോഡ് ബാൻഡ് കണക്ടിവിറ്റി, 20 കോടതികളിലെ ലീസ്ഡ് ലൈൻ കണക്ടിവിറ്റി എന്നിവയുടെ ചെലവുകൾ വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 23 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

**സ്വീകരിച്ച നടപടി**

22 കോടതി സമുച്ചയങ്ങളിൽ ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റിയും ഉൾപ്പെടെയുള്ള ചെലവുകൾക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം 22-1-2022-ലെ സ.ഉ.(സാധാ) നം.502/2022/ധന പ്രകാരം 25,00,000 രൂപ അധികം ചെലവാക്കാനുള്ള അനുമതി സർക്കാർ നൽകുകയും അതിൽ 1,35,000 രൂപ 23-5-2022-ലെ സ.ഉ.(സാധാ) നം. 3865/2022/ധന. പ്രകാരം ധനപുനഃവിനിയോഗം വഴി ക്രമപ്പെടുത്തുകയും ചെയ്തിരുന്നു.

**ശിപാർശ**

2014-00-105-98 — മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ

21— മോട്ടോർ വാഹനങ്ങൾ 1 - വാഹനങ്ങൾ വാങ്ങൽ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകളുടെ ആവശ്യങ്ങൾക്കായി വാഹനങ്ങൾ വാങ്ങുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 17.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

**സ്വീകരിച്ച നടപടി**

മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകളുടെ ആവശ്യത്തിനായി പുതിയ വാഹനങ്ങൾ വാങ്ങിക്കുന്നതിനുള്ള ഭരണാനുമതി 2021-2022 സാമ്പത്തിക വർഷത്തിൽ നൽകിയിരുന്നില്ല. അതിനാൽ ഈ ശീർഷകത്തിൽ അധിക തുകയുടെ ആവശ്യം ഉണ്ടായില്ല.

**ശിപാർശ**

2014-00-108-99— ക്രിമിനൽ കോടതികൾ

02-5— ദിവസവേതനം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജീവനക്കാർക്ക് വേതനം നൽകുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശിക നൽകുന്നതിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1.8628 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഉപധനാഭ്യർത്ഥന വഴി സർക്കാർ 1,85,87,000 രൂപ അധികമായി അനുവദിച്ചിരുന്നു.

**ശിപാർശ**

2014-00-108-99— ക്രിമിനൽ കോടതികൾ

06— വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി കുടിശ്ശിക ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം സർക്കാർ 17-3-2022-ലെ സ.ഉ.(സാധാ) നം.1962/2022/ധന പ്രകാരം ധനപുനഃവിനിയോഗം വഴി 1,57,000 രൂപ സർക്കാർ അധികമായി അനുവദിച്ചിരുന്നു.

**ശിപാർശ**

2014-00-108-99—ക്രിമിനൽ കോടതികൾ

21- 1—മോട്ടോർ വാഹനങ്ങൾ - വാഹനങ്ങൾ വാങ്ങൽ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരുടെ ഔദ്യോഗിക വാഹനങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 17.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

**സ്വീകരിച്ച നടപടി**

തലശ്ശേരി, കോട്ടയം എന്നിവിടങ്ങളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരുടെ ഔദ്യോഗിക വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി 2021-2022 സാമ്പത്തിക വർഷത്തിൽ നൽകിയിരുന്നില്ല. കൂടാതെ തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് വാഹനം വാങ്ങുന്നതിനായുള്ള ഭരണാനുമതി നൽകിയത് 2022-2023 സാമ്പത്തിക വർഷത്തിൽ ആയതിനാൽ ഈ ശീർഷകത്തിൽ അധിക തുകയുടെ ആവശ്യം ഉണ്ടായില്ല.

**ശിപാർശ**

2014-00-114-97— അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ചെലവ്, യാത്രാപ്പടി തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

**സ്വീകരിച്ച നടപടി**

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച നിയമസഭയുടെ 14-ാം വിഷയ നിർണ്ണയ കമ്മിറ്റിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് 1-ാമത് റിപ്പോർട്ടിലെ 40-ാം ഖണ്ഡികയിലെ ശിപാർശയിൽ 2014-00-114-97

അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ എന്ന ശീർഷകത്തിൽ 70 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും 14,04,000 രൂപ (പതിനാല് ലക്ഷത്തിനാലായിരം രൂപ മാത്രം) മാത്രമാണ് അധികമായി വകയിരുത്തിയിട്ടുള്ളത്.

**ശിപാർശ**

2014-00-114-96 — <u>പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെയും കേരള ലോകായുക്ത സ്പെഷ്യൽ അറ്റോർണി ഓഫീസിലെയും ജീവനക്കാരുടെ ശമ്പളമടക്കമുള്ള പ്രവർത്തന ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

**സ്വീകരിച്ച നടപടി**

2014-00-114-96 പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും ശിപാർശ ചെയ്യപ്പെട്ട തുക നാളിതുവരെ അനുവദിച്ചിട്ടില്ല.

**ശിപാർശ**

2014-00-117-99— <u>കുടുംബ കോടതികൾ</u>

01-04— <u>മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ക്ലെയിമുകൾക്കുള്ള തുക നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 21 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 26-7-2021-ലെ സ.ഉ.(സാധാ) നം. 502/2022/ധന. പ്രകാരം 22,00,000 രൂപ അധികം ചെലവാക്കാനുള്ള അനുമതി സർക്കാർ നൽകിയിരുന്നു. ഇതിൽ 29,13,000 രൂപ 23-52022-ലെ സ.ഉ.(സാധാ) നം. 3865/2022/ധന. പ്രകാരം ധനപുനഃവിനിയോഗം വഴി സർക്കാർ ക്രമപ്പെടുത്തുകയും ചെയ്തിരുന്നു കൂടാതെ 17-3-2022-ലെ സ.ഉ.(സാധാ) നം. 1962/2022/ധന പ്രകാരം ധനപുനഃവിനിയോഗം വഴി 12,00,000 രൂപയും സർക്കാർ അധികമായി അനുവദിച്ചിരുന്നു.

**ശിപാർശ**

2014-00-117-99—കുടുംബ കോടതികൾ

21—മോട്ടോർ വാഹനങ്ങൾ 1- വാഹനങ്ങൾ വാങ്ങൽ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുടുംബകോടതികൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 41.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

**സ്വീകരിച്ച നടപടി**

ഒറ്റപ്പാലം, തിരൂർ, മാവേലിക്കര, പത്തനംതിട്ട, പാലാ, കട്ടപ്പന, ഇരിങ്ങാലക്കട എന്നിവിടങ്ങളിലെ കുടുംബ കോടതി ജഡ്ജിമാരുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഔദ്യോഗിക വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി 2021-2022 സാമ്പത്തിക വർഷത്തിൽ നൽകിയിരുന്നില്ല. ആയതിനാൽ ഈ ശീർഷകത്തിൽ അധിക തുകയുടെ ആവശ്യം ഉണ്ടായില്ല.

**ശിപാർശ**

2014-00-800-93—സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക കുടിശ്ശിക നൽകുന്നതിന് നടപ്പു ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ,

ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം തീരാറായത് കാരണം കീഴ്ക്കോടതിയിലെ ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടു വാടക നൽകാൻ ബുദ്ധിമുട്ടു നേരിട്ടിരുന്നു. കൂടാതെ ഒട്ടേറെ ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക നിർണ്ണയിച്ചു കൊണ്ടുള്ള ഉത്തരവുകളും സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതിനാൽ ഹൈക്കോടതിയുടെ അപേക്ഷ പ്രകാരം 22-3-2022-ലെ സ.ഉ.(സാധാ.) നം. 2189/2022/ധന. പ്രകാരം 90,00,000 രൂപ ധനപുനഃവിനിയോഗം വഴി സർക്കാർ അധികമായി അനുവദിച്ചിരുന്നു. കൂടാതെ 22-1-2022-ലെ (സാധാ.) നം.502/2022/ധന. പ്രകാരം 75,00,000 രൂപ അധികം ചെലവാക്കാനുള്ള അനുമതി നൽകുകയും അതിൽ 7,60,000 രൂപ 23-5-2022-ലെ സ.ഉ.(സാധാ.) നം.3865/2022/ധന. പ്രകാരം ധനപുനഃവിനിയോഗം വഴി സർക്കാർ ക്രമപ്പെടുത്തുകയും ചെയ്തിരുന്നു.

**ശിപാർശ**

2014-00-800-93

21-1 —മോട്ടോർവാഹനങ്ങൾ - 1- വാഹനങ്ങൾ വാങ്ങൽ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ കോടതികളുടെ ആവശ്യത്തിനായി 12 പൂൾ വാഹനങ്ങൾ വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 71.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

**സ്വീകരിച്ച നടപടി**

2021-2022 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധിക തുകയുടെ ആവശ്യം ഉണ്ടായില്ല.

**ശിപാർശ**

2014-00-800-93

34-3—<u>മറ്റു ചെലവുകൾ-മറ്റിനം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മനുപത്ര ഓൺലൈൻ ഡാറ്റാബേസ് ലൈസൻസ് പുതുക്കുന്നതിനും

കീഴ്കോടതികളിൽ പുസ്തകങ്ങൾ വാങ്ങുന്നതിനും മറ്റു ആവശ്യങ്ങൾക്കും കൂടി ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

**സ്വീകരിച്ച നടപടി**

മനുപത്ര ഓൺലൈൻ ഡാറ്റാബേസ് ലൈസൻസ് പുതുക്കുന്നതിനും, കീഴ്ക്കോടതികളിൽ പുസ്തകങ്ങൾ വാങ്ങുന്നതിനും മറ്റു ആവശ്യങ്ങൾക്കും ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 22-1-2022-ലെ സ.ഉ(സാധാ) നം.502/2022/ധന പ്രകാരം സർക്കാർ 8,00,000 രൂപ അധികം ചെലവാക്കാനുള്ള അനുമതി നൽകുകയും, അതിൽ 2,43,000 രൂപ 23-5-2022-ലെ സ.ഉ.(സാധാ) നം. 3865/2022/ധന പ്രകാരം ധനപുനഃവിനിയോഗം വഴി ക്രമപ്പെടുത്തുകയും ചെയ്തിരുന്നു.

**ശിപാർശ**

2014-00-800-85—ഇ-കോടതി നടപ്പാക്കൽ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻവർഷത്തെ കുടിശ്ശിക നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 71.60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

**സ്വീകരിച്ച നടപടി**

കേന്ദ്ര സംസ്ഥാന സർക്കാരുകളും ഹൈക്കോടതികളും സംയുക്തമായി ഒപ്പിട്ട ത്രികക്ഷി കരാർ പ്രകാരം കോടതി സമുച്ചയങ്ങളിലെ WAN കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട ആവർത്തന ചെലവ് കമ്മീഷൻ ചെയ്ത് 2 വർഷം കഴിഞ്ഞാൽ സംസ്ഥാന സർക്കാർ വഹിക്കേണ്ടതാകുന്നു. അതുപ്രകാരം 187 കോടതി സമുച്ചയങ്ങളിൽ WAN കണക്റ്റിവിറ്റി നൽകിയതുമായി ബന്ധപ്പെട്ട തുക BSNL ന് നൽകുവാനായി 26-2-2022-ലെ സ.ഉ.(സാധാ) നം. 1343/2022/ധന. പ്രകാരം 4,80,32,000 രൂപ അധികം ചെലവാക്കാനുള്ള അനുമതി സർക്കാർ നൽകിയിരുന്നു. അതിൽ 4,58,72,000 രൂപ 23-5-2022-ലെ സ.ഉ.

(സാധാ) നം. 3865/2022/ധന. പ്രകാരം ധനപുനഃവിനിയോഗം വഴി ക്രമപ്പെടുത്തുകയും ചെയ്തിരുന്നു. കൂടാതെ 30,00,000 രൂപ ഉപധനാഭ്യർത്ഥന വഴിയും സർക്കാർ അധികമായി അനുവദിച്ചിരുന്നു.

ആഭ്യന്തര (സി) വകുപ്പിൽ നിന്നും സി3/380/2021/ആഭ്യന്തരം, തീയതി 12-9-2023 കത്ത് മുഖേന ലഭ്യമാക്കിയ 24-37, 40, 41, 45, 46, 48-51 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ സമിതിയുടെ 6-3-2024-ലെ യോഗം അംഗീകരിക്കുകയും കാലതാമസപത്രിക 30-1-2024-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**ശിപാർശ**

2058-00-001-99—ഭരണവും നടത്തിപ്പും

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണ നടപടികളുടെ ഭാഗമായി ക്ഷാമബത്ത, വീട്ടുവാടകബത്ത തുടങ്ങിയ അധിക ചെലവുകൾക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-ശമ്പളം | - | 1.34. കോടി രൂപ |
| 02-വേതനം | - | 14 ലക്ഷം രൂപ |

(ഖണ്ഡിക 130)

**സ്വീകരിച്ച നടപടി**

അധിക ധനാനുമതി വഴിയോ ധനപുനഃവിനിയോഗം വഴിയോ ടി ശീർഷകത്തിൽ തുകയൊന്നും തന്നെ അധികമായി അനുവദിച്ചിട്ടില്ല.

**ശിപാർശ**

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ഓവർടൈം അലവൻസ് മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ കൊടുക്കുന്നതിനും വാടക, കരം, നികുതി, മറ്റ് അലവൻസുകൾ എന്നിവ കൊടുക്കുന്നതിനും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും നൽകുന്നതിനും അച്ചടിക്ക് വേണ്ട സാധനസാമഗ്രികൾ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി

വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-6-ഓവർ ടൈം അലവൻസ് | - | 7 കോടി രൂപ |
| 05-4-മറ്റിനങ്ങൾ | - | 1.15 കോടി രൂപ |
| 06-വാടക, കരം, നികുതി | - | 45 ലക്ഷം രൂപ |
| 18-സംരക്ഷണം | - | 21 ലക്ഷം രൂപ |
| 19-യന്ത്രോപകരണങ്ങൾ | - | 50,000 രൂപ |
| 24-സാധനസാമഗ്രികൾ | - | 2.25 കോടി രൂപ |
| 34-3-മറ്റു ചെലവുകൾ- മറ്റിനം | - | 61.54 ലക്ഷം രൂപ |

(ഖണ്ഡിക 131)

**സ്വീകരിച്ച നടപടി**

2058-00-103-99-01-6-ഓവർ ടൈം അലവൻസ് എന്ന ശീർഷകത്തിൽ അധിക ധനാനുമതി വഴി 44,84,000 രൂപ നൽകി.

2058-00-103-99-05-4-മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ അധിക ധനാനുമതി വഴിയും, ധനപുനഃവിനിയോഗം വഴിയും 11,15,000 രൂപ നൽകി.

2058-00-103-99-06-വാടക, കരം, നികുതി എന്ന ശീർഷകത്തിൽ അധിക ധനാനുമതി വഴി 7,50,000 രൂപ നൽകി.

2058-00-103-99-18-സംരക്ഷണം എന്ന ശീർഷകത്തിൽ അധിക ധനാനുമതി വഴി 6,00,000 രൂപ നൽകി.

2058-00-103-99-19-യന്ത്രോപകരണങ്ങൾ എന്ന ശീർഷകത്തിൽ അധിക ധനാനുമതി വഴി 1,00,000 രൂപ നൽകി.

2058-00-103-99-24-സാധനസാമഗ്രികൾ എന്ന ശീർഷകത്തിൽ അധിക ധനാനുമതി വഴിയോ ധനപുനഃവിനിയോഗം വഴിയോ തുകയൊന്നും തന്നെ അധികമായി അനുവദിച്ചിട്ടില്ല. അനുവദിച്ചിരുന്ന തുകയിൽ 13,00,302 സറണ്ടർ ചെയ്തു.

2058-00-103-99-34-3-മറ്റു ചെലവുകൾ- മറ്റിനം എന്ന ശീർഷകത്തിൽ അധിക ധനാനുമതി വഴിയോ ധനപുനഃവിനിയോഗം വഴിയോ തുകയൊന്നും തന്നെ അധികമായി അനുവദിച്ചിട്ടില്ല. അനുവദിച്ചിരുന്ന തുകയിൽ 333 സറണ്ടർ ചെയ്തു.

**ശിപാർശ**

2058-00-103-98-12—<u>ഗവൺമെന്റ് പ്രസ്സുകൾ-സ്കോളർഷിപ്പും സ്റ്റൈപ്പന്റുകളും</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുതായി അപ്രന്റീസുകളെ നിയമിച്ചതിനാൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 132)

**സ്വീകരിച്ച നടപടി**

അധിക ധനാനുമതി വഴിയോ ധനപുനഃവിനിയോഗം വഴിയോ ടി ശീർഷകത്തിൽ തുകയൊന്നും തന്നെ അധികമായി അനുവദിച്ചിട്ടില്ല. അനുവദിച്ചിരുന്ന തുകയിൽ 3,43,857 സറണ്ടർ ചെയ്തു.

**ശിപാർശ**

4058-00-103-95—<u>സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ മെഷീൻ പർച്ചേസിനായി ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7.3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 146)

**സ്വീകരിച്ച നടപടി**

അധിക ധനാനുമതി വഴിയോ ധനപുനഃവിനിയോഗം വഴിയോ ടി ശീർഷകത്തിൽ തുകയൊന്നും തന്നെ അധികമായി അനുവദിച്ചിട്ടില്ല. അനുവദിച്ചിരുന്ന തുകയിൽ 2,66,93,44 സറണ്ടർ ചെയ്തു.

**ശിപാർശ**

4058-00-800-97- <u>യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസിനു കെട്ടിടം പണിയുന്നതിന് അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1.40 കോടി രൂപ ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 147)

**സ്വീകരിച്ച നടപടി**

അധിക ധനാനുമതി വഴിയോ ധനപുനഃവിനിയോഗം വഴിയോ ടി ശീർഷകത്തിൽ തുകയൊന്നും തന്നെ അധികമായി അനുവദിച്ചിട്ടില്ല.

സ്റ്റോർസ് പർച്ചേസ് (സി) വകുപ്പിൽ നിന്നും എസ്.പി.ഡി.സി.3/57/ 2022/ എസ്. പി.ഡി, തീയതി 22-7-23 കത്ത് മുഖേന ലഭ്യമാക്കിയ 130-132, 146, 147 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ സമിതിയുടെ 10-8-2023-ലെ യോഗം അംഗീകരിക്കുകയും കാലതാമസപത്രിക 9-8-2023-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**

(ഫയൽ നം. 11793/സബ്.സി.ഡി.2/22/നി.സെ.)

**ശിപാർശ**

2014-00-102-99- <u>ഹൈക്കോടതി</u>

01-04- <u>മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെയും മുൻജഡ്ജിമാരുടെയും ക്യാഷ്ലെസ്സ് മെഡിക്കൽ സംവിധാനം, ഗസറ്റഡ് ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ചെലവുകൾ എന്നിവ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.80 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

**സ്വീകരിച്ച നടപടി**

മെഡിക്കൽ ക്ലെയിമുകൾ തീർപ്പാക്കാൻ ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, 2022-23 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥന പ്രകാരം 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ സർക്കാർ വകയിരുത്തിയിരുന്നു. കൂടാതെ, ഹൈക്കോടതിയുടെ ആവശ്യപ്രകാരം, 1-3-2023-ലെ G.O(Rt)No.1490/2023/Fin. പ്രകാരം 70 ലക്ഷം രൂപ അധികം ചെലവാക്കാനുള്ള അനുമതി സർക്കാർ നൽകിയിരുന്നു. അതനുസരിച്ച് ടി തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച 69.93 ലക്ഷം രൂപ 29-5-2023 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 4062/2023/ധന. ഉത്തരവ് പ്രകാരം സർക്കാർ ക്രമീകരിച്ച് നൽകിയിട്ടുണ്ട്.

**ശിപാർശ**

2014-00-102-99—ഹൈക്കോടതി

05-03—ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാധാരണ ടെലിഫോൺ ചാർജ്ജുകൾക്ക് പുറമേ BSNL-ന് പോയിന്റ് ടു പോയിന്റ് ലീസ്ഡ് ലൈൻ ചാർജസും നൽകേണ്ടതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

**സ്വീകരിച്ച നടപടി**

സാധാരണ ടെലിഫോൺ ചാർജ്ജുകൾക്കു പുറമെ BSNL-ന് പോയിന്റ് ടു പോയിന്റ് ലീസ്ഡ് ലൈൻ ചാർജ്ജുകളും നൽകേണ്ടി വന്നതിനാൽ, ഈ ശീർഷകത്തിൽ 8.04 ലക്ഷം രൂപ അധികം ചെലവഴിക്കുന്നതിനുള്ള അനുമതി തേടിയെങ്കിലും 28-12-2022-ലെ G.O.(Rt) No.8889/2022/Fin. പ്രകാരം 4 ലക്ഷം രൂപ മാത്രമേ അനുവദിച്ചുള്ളൂ. തുടർന്ന് 25-3-2023-ലെ G.O.(Rt) No.2529/2023/Fin. പ്രകാരം 2.5 ലക്ഷം രൂപ അധികം ചെലവാക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയിരുന്നു. ടി തുകകളിൽ നിന്ന് 5.45 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ആയത് 29-5-2023 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 4062/2023/ധന. ഉത്തരവ് പ്രകാരം സർക്കാർ ക്രമീകരിച്ച് നൽകിയിട്ടുണ്ട്.

**ശിപാർശ**

2014-00-102-99—<u>ഹൈക്കോടതി</u>

21—<u>മോട്ടോർ വാഹനങ്ങൾ 1- വാങ്ങൽ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ വാഹനങ്ങൾ മാറ്റി പുതിയത് വാങ്ങുന്നതിനും ജഡ്ജിമാരുടെ ആവശ്യത്തിനായി 7 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും സർക്കുലേഷൻ ആവശ്യങ്ങൾക്കായി വാഹനങ്ങൾ വാങ്ങുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.0899 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

**സ്വീകരിച്ച നടപടി**

25-6-2022-ലെ G.O.(Rt)No.4649/2022/Fin. പ്രകാരം 7 പുതിയ ഇന്നോവ ക്രിസ്റ്റ കാറുകൾ വാങ്ങുന്നതിനായി 1.68 കോടി രൂപ അധികം ചെലവാക്കാനുള്ള അനുമതി സർക്കാർ നൽകിയിരുന്നു. എന്നാൽ പ്രസ്തുത മോഡൽ വാഹനം കമ്പനി നിർത്തലാക്കിയതിനാലും, പുതിയ മോഡൽ വാഹനം ലഭ്യമല്ലാത്തതിനാലും വാഹനങ്ങൾ വാങ്ങാൻ കഴിഞ്ഞില്ല. കൂടാതെ 2022-23 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥന പ്രകാരം 24 ലക്ഷം രൂപ ഈ ശീർഷകത്തിൽ സർക്കാർ വകയിരുത്തിയിരുന്നു. ഇതിൽ 22.03 ലക്ഷം രൂപ ചെലവഴിച്ച് ഹൈക്കോടതിയുടെ ആവശ്യത്തിലേയ്ക്കായി 3 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

**ശിപാർശ**

2014-00-102-99—<u>ഹൈക്കോടതി</u>

34-03—<u>മറ്റിനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിരമിച്ച ചീഫ് ജസ്റ്റിസുമാരുടെയും ജഡ്ജിമാരുടെയും പോസ്റ്റ്

റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്നതിനും ആനുകൂല്യം നൽകേണ്ടവരുടെ എണ്ണം ഈ വർഷം വർദ്ധിക്കുമെന്നതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുന:വിനി യോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം 1-3-2023-ലെ G. O. (Rt.)No.1490/2023/Fin. പ്രകാരം 35.24 ലക്ഷം രൂപയും 23-11-2022-ലെ G. O. (Rt.)No.7960/2022/Fin. പ്രകാരം 20 ലക്ഷം രൂപയും അധികം ചെലവാക്കാനുള്ള അനുമതി സർക്കാർ നൽകിയിരുന്നു. ടി തുകകളിൽ നിന്നും 42.93 ലക്ഷം രൂപ ചെലവഴിച്ച് പോസ്റ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ആയത് 29-5-2023 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 4062/2023/ധന. ഉത്തരവ് പ്രകാരം സർക്കാർ ക്രമീകരിച്ച് നൽകിയിട്ടുണ്ട്.

**ശിപാർശ**

2014-00-102-95—ഹൈക്കോടതി-ഇ-ഗവേർണൻസ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ ഒരു ഡാറ്റാ സെന്റർ സ്ഥാപിക്കുന്നതിനായി അധികതുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5.144 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൻ കീഴിൽ പല ഘടകങ്ങൾക്കായി വകയിരുത്തിയ 3.49 കോടി രൂപയിൽ 73.79 ലക്ഷം രൂപ ചെലവഴിക്കാൻ സാധിച്ചില്ല. കമ്പ്യൂട്ടർ പ്രോഗ്രാമർമാരുടെയും സിസ്റ്റം എഞ്ചിനീയർമാരുടെയും നിയമനം സാമ്പത്തിക വർഷത്തിനുള്ളിൽ നടപടിക്രമം പാലിച്ച് നടത്താൻ കഴിയാത്തതിനാലും, ട്രഷറി നിയന്ത്രണങ്ങൾ കാരണം ചില ബില്ലുകൾ മാറാൻ സാധിക്കാത്തതുമാണ് ഇതിന് കാരണങ്ങൾ. ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതം പൂർണമായും ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യം ഉള്ളതുകൊണ്ട് അധിക വിഹിതം ആവശ്യപ്പെട്ടില്ല.

**ശിപാർശ**

2014-00-105-99—<u>സിവിലും സെഷൻസും കോടതികൾ</u>

01-4—<u>മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്ലെയിമുകൾക്കുള്ള തുക നൽകുന്നതിന് നടപ്പു ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷക ത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

**സ്വീകരിച്ച നടപടി**

സിവിൽ കോടതികളിലെ ജഡ്ജിമാരുടെയും ജീവനക്കാരുടെയും റീ-ഇംബേഴ്സ്മെന്റ് ചെലവുകൾ വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നുമാണ്. ഇത് കൂടാതെ സബോർഡിനേറ്റ് കോടതികളിലെ മുൻ ജഡ്ജിമാരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ചെലവുകൾ ഈ ശീർഷകത്തിൽ നിന്ന് വഹിക്കുന്നുണ്ട്. ബഡ്ജറ്റ് പ്രൊവിഷനായി നൽകിയ 2.50 കോടിക്ക് പുറമേ അധിക തുകയൊന്നും പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച് നൽകിയിട്ടില്ല.

**ശിപാർശ**

2014-00-105-99—<u>സിവിലും സെഷൻസും കോടതികൾ</u>

04-1—<u>യാത്രാബത്ത</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകുന്നതിനുള്ള യാത്രാബത്ത നൽകുന്നതിനും ജഡ്ജിമാരുടെ ട്രെയിനിങ്ങിനും മറ്റു ഔദ്യോഗിക ആവശ്യങ്ങൾക്കുമുള്ള ചെലവുകൾക്കുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 87 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ വിഹിതം ജഡ്ജിമാരുടെ ട്രെയിനിങ്ങിനുള്ള യാത്രാബത്ത, നോട്ടീസ് നൽകുന്നതിനുള്ള യാത്രാബത്ത എന്നിവ നൽകുന്നതിന് വേണ്ടിയുള്ളതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ ജഡ്ജിമാരുടെ ട്രെയിനിങ്ങിനുള്ള യാത്രാബത്ത പ്രതീക്ഷിച്ചതിനേക്കാൾ കുറവായിരുന്നതിനാൽ അധിക തുക ഈ ശീർഷകത്തിൽ ആവശ്യമായി വന്നില്ല.

**ശിപാർശ**

2014-00-105-99—<u>സിവിലും സെഷൻസും കോടതികൾ</u>

21-1—<u>വാഹനങ്ങൾ വാങ്ങൽ</u>

വാഹനങ്ങൾ വാങ്ങൽ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് പ്രിൻസിപ്പൽ ജില്ലാ ജഡ്ജിമാരുടെ ഉപയോഗത്തിനായി 15 ലക്ഷം രൂപ നിരക്കിൽ 14 വാഹനങ്ങളും ഫസ്റ്റ് അഡീഷണൽ ജില്ലാ ജഡ്ജിമാരുടെ ഉപയോഗത്തിനായി 6 ലക്ഷം രൂപ നിരക്കിൽ 3 വാഹനങ്ങളും വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 2.28 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

**സ്വീകരിച്ച നടപടി**

4-8-2022-ലെ G.O. (Rt.)No.5554/2022/Fin. പ്രകാരം 84 ലക്ഷം രൂപയും, 28-11-2022-ലെ G.O. (Rt.)No.8172/2022/Fin. പ്രകാരം 80.77 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികം ചെലവാക്കാനുള്ള അനുമതി സർക്കാർ നൽകിയിരുന്നു. ഈ തുകയിൽ നിന്ന് 1.61 കോടി രൂപ ഉപയോഗിച്ച് പ്രിൻസിപ്പൽ ജഡ്ജിമാരുടെ ആവശ്യത്തിലേക്കായി 14 വാഹനങ്ങൾ വാങ്ങുകയുണ്ടായി. ടി തുക 29-5-2023 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.4062/2023/ധന. ഉത്തരവ് പ്രകാരം സർക്കാർ ക്രമീകരിച്ചു നൽകിയിട്ടുണ്ട്. എറണാകുളം, ഏറ്റുമാനൂർ, തിരുവല്ല എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന കുടുംബകോടതികൾക്കും മലപ്പുറം, പാലക്കാട്, കൽപ്പറ്റ എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾക്കും, തലശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന ADC-1 എന്നീ കോടതിക്കും GeM portal മുഖേന മാരുതി സ്വിഫ്റ്റ് ഡിസൈർ കാറുകൾ വാങ്ങുവാൻ 29-5-2020-ലെ സ.ഉ. (സാധാ)നം.119/2020/ആഭ്യന്തരം ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**ശിപാർശ**

2014-00-105-98—മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ

21-1—മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകളുടെ ആവശ്യങ്ങൾക്കായി 3 വാഹനങ്ങൾ വാങ്ങുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 17.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

**സ്വീകരിച്ച നടപടി**

തലശ്ശേരി, കോട്ടയം എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികളിൽ വാഹനങ്ങൾ വാങ്ങുന്നതിന് 23-3-2023 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 762/2023/ആഭ്യന്തരം, 11-1-2023 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 76/2023/ആഭ്യന്തരം എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതേസമയം പുനലൂർ, കാസർഗോഡ്, തൃശ്ശൂർ, തളിപ്പറമ്പ് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകളിലും കാസർഗോഡ്, മഞ്ചേരി, കൽപ്പറ്റ, കൊല്ലം എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജ് (1st) കോടതികളിലും ആലപ്പുഴ, തൊടുപുഴ, തിരൂർ, ഇരിങ്ങാലക്കുട എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന കുടുംബകോടതികൾക്കും വാഹനം അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

**ശിപാർശ**

2014-00-105-91 —വഖഫ് ട്രിബ്യൂണൽ

06— വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വഖഫ് ട്രിബ്യൂണൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകുന്നതിനും ഒരു ജുഡീഷ്യൽ ഇതര അംഗത്തിന്റെ വീട്ടുവാടക നൽകുന്നതിനും

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 23.89 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഹൈക്കോടതിയുടെ ആവശ്യപ്രകാരം 28-12-2022-ലെ G.O.(Rt.)No141/2023/Fin. പ്രകാരം12.23 ലക്ഷം രൂപ അധികമായി സർക്കാർ അനുവദിച്ചിരുന്നു. അധികമായി അനുവദിച്ച തുക മുഴുവനായും ചെലവഴിക്കുകയും ആയത് 29-5-2023 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 4062/2023/ധന. ഉത്തരവ് പ്രകാരം സർക്കാർ ക്രമീകരിച്ച് നൽകിയിട്ടുണ്ട്. തുടർന്ന് ടി സാമ്പത്തിക വർഷത്തിലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ഈ ശീർഷകത്തിൽ 12.28 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടെങ്കിലും ആയത് അനുവദിച്ചിരുന്നില്ല.

**ശിപാർശ**

2014-00-105-91—<u>വഖഫ് ട്രിബ്യൂണൽ</u>

97—<u>വാഹനങ്ങളുടെ വാടക</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ വാടക ഇനത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7.78 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 7.78 ലക്ഷം രൂപ അധികമായി ചെലവഴിക്കാനുള്ള അനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 28-12-2022-ലെ G.O.(Rt.)No.141/2023/Fin. പ്രകാരം 5 ലക്ഷം രൂപ അധികം ചെലവാക്കാനുള്ള

അനുമതി മാത്രമേ സർക്കാർ നൽകിയിരുന്നുള്ളൂ. ടി തുകയിൽ 4.69 ലക്ഷം രൂപ ചെലവഴിക്കുകയും ആയത് 29-5-2023 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 4062/2023/ധന. ഉത്തരവ് പ്രകാരം സർക്കാർ ക്രമീകരിച്ച് നൽകിയിട്ടുണ്ട്.

**ശിപാർശ**

2014-00-108-99—ക്രിമിനൽ കോടതികൾ

01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്ലെയിമുകൾക്കുള്ള കുടിശ്ശിക നൽകുന്നതിനും നടപ്പുവർഷത്തെ ക്ലെയിമുകൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 23 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

**സ്വീകരിച്ച നടപടി**

മെഡിക്കൽ ക്ലെയിമുകൾ തീർപ്പാക്കാൻ ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, 15 ലക്ഷം രൂപ അധികം ചെലവാക്കുന്നതിനുള്ള അനുമതി തേടിയെങ്കിലും 21-2-2023-ലെ G.O. (Rt.)No.1256/2023/Fin. പ്രകാരം 10 ലക്ഷം രൂപ മാത്രമാണ് ലഭിച്ചത്. ടി തുകയിൽ നിന്ന് 9.97 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ആയത് 29-5-2023 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 4062/2023/ധന. ഉത്തരവ് പ്രകാരം സർക്കാർ ക്രമീകരിച്ച് നൽകിയിട്ടുണ്ട്.

**ശിപാർശ**

2014-00-108-99—ക്രിമിനൽ കോടതികൾ

02-5—ദിവസവേതനം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജീവനക്കാർക്കും മറ്റ് ദിവസവേതന ജീവനക്കാർക്കും വേതനം നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1.30 കോടി രൂപ ധനപുനഃവിനി യോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം 2.08 കോടി രൂപ സെക്യൂരിറ്റി ജീവനക്കാർക്കും മറ്റ് ദിവസവേതനക്കാർക്കും വേതനം നൽകുന്നതിലേക്കായി അധികമായി ചെലവഴിച്ചിട്ടുണ്ട്. ആയത് 29-5-2023 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 4062/2023/ധന. ഉത്തരവ് പ്രകാരം സർക്കാർ ക്രമീകരിച്ച് നൽകിയിട്ടുണ്ട്.

**ശിപാർശ**

2014-00-108-99 —<u>ക്രിമിനൽ കോടതികൾ</u>

21-1—<u>മോട്ടോർ വാഹനങ്ങൾ 1- വാങ്ങൽ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരുടെ ഔദ്യോഗിക വാഹനങ്ങൾ വാങ്ങുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 17.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഹൈക്കോടതിയുടെ ആവശ്യ പ്രകാരം തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് ഔദ്യോഗിക വാഹനം വാങ്ങുന്ന ആവശ്യത്തിലേക്കായി 22-11-2022-ലെ GO.(Rt)No.7972/2022/Fin. പ്രകാരം 6.99 ലക്ഷം രൂപ സർക്കാർ അധികമായി അനുവദിക്കുകയുണ്ടായി. ടി തുകയിൽ 5.67601 ലക്ഷം രൂപ ഉപയോഗിച്ച് വാഹനം വാങ്ങിയിട്ടുണ്ട്. ഇത് കൂടാതെ കോട്ടയം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് ഔദ്യോഗിക വാഹനം വാങ്ങുന്ന ആവശ്യത്തിലേക്കായി 23-2-2023-ലെ GO(Rt)No.1329/2023/Fin. പ്രകാരം 4.69 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴി അനുവദിച്ചിരുന്നുവെങ്കിലും സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപായി വാഹനം വാങ്ങാൻ കഴിഞ്ഞില്ല. അധികമായി ചെലവാക്കിയ തുക 29-5-2023 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 4062/2023/ധന. ഉത്തരവ് പ്രകാരം സർക്കാർ ക്രമീകരിച്ച് നൽകിയിട്ടുണ്ട്. തലശ്ശേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് ഔദ്യോഗിക വാഹനം വാങ്ങുന്നതിനു ക്രമപ്പെടുത്താനുള്ള അപേക്ഷ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. തലശ്ശേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് ഔദ്യോഗിക വാഹനം വാങ്ങുന്നതിനു 23-3-2023-ലെ സ.ഉ.(സാ.) നമ്പർ 762/2023/ആഭ്യന്തര. ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

**ശിപാർശ**

2014-00-114-97 —<u>അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൺസോളിഡേറ്റഡ് പേ, ഓഫീസ് ചെലവ്, യാത്രാപ്പടി തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

**സ്വീകരിച്ച നടപടി**

2014-00-114-97 അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും ഈയിനത്തിൽ 1,31,000 രൂപ (ഒരു ലക്ഷത്തി മുപ്പത്തി ഒന്നായിരം രൂപ മാത്രം) അധികമായി വകയിരുത്തിയിട്ടുണ്ട്.

**ശിപാർശ**

2014-00-114-96 —<u>പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാടകയിനത്തിലെ ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.48 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

**സ്വീകരിച്ച നടപടി**

2014-00-114-96 പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ എന്ന ശീർഷകത്തിൽ 1.48 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും വാടകയിനത്തിൽ 2,01,000 രൂപ (രണ്ടു ലക്ഷത്തി ആയിരം രൂപ മാത്രം) അധികമായി വകയിരുത്തിയിട്ടുണ്ട്.

**ശിപാർശ**

2014-00-117-99 —<u>കുടുംബ കോടതികൾ</u>

01-4 —<u>മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ക്ലെയിമുകൾക്കുള്ള തുക നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്ത മാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 47.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ അധികം ചെലവാക്കുന്നതിനുള്ള അനുമതി തേടിയെങ്കിലും 21-2-2023 G.O.(Rt)No.1256/2023/Fin. പ്രകാരം 6 ലക്ഷം രൂപ അനുവദിച്ചു. ടി തുകയിൽ നിന്ന് 5.94 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ആയത് 29-5-2023 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 4062/2023/ധന. ഉത്തരവ് പ്രകാരം സർക്കാർ ക്രമീകരിച്ച് നൽകിയിട്ടുണ്ട്.

**ശിപാർശ**

2014-00-117-99 —<u>കുടുംബ കോടതികൾ</u>

21-1 —<u>മോട്ടോർ വാഹനങ്ങൾ വാങ്ങൽ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 7 കുടുംബകോടതി ജഡ്ജിമാർക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 41.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

**സ്വീകരിച്ച നടപടി**

ഇരിഞ്ഞാലക്കുട, ഒറ്റപ്പാലം, തിരൂർ, മാവേലിക്കര, പത്തനംതിട്ട, പാലാ, കട്ടപ്പന എന്നിവിടങ്ങളിലെ 7 കുടുംബകോടതി ജഡ്ജിമാർക്ക് EEFSL-ൽ നിന്ന് ANERT വഴി ഇലക്ട്രിക് വാഹനങ്ങൾ വാടകയ്ക്ക് എടുക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത

നിർദ്ദേശം ഹൈക്കോടതി അംഗീകരിച്ചില്ല. കുടുംബ കോടതികളിലെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് ഒറ്റപ്പാലം, മാവേലിക്കര, പത്തനംതിട്ട, പാലാ, കട്ടപ്പന എന്നിവിടങ്ങളിലെ ജഡ്ജിമാർക്ക് 5 പൂൾ കാറുകൾ ട്രാൻസ്ഫർ ചെയ്തു നൽകി. അതേസമയം പുനലൂർ, കാസർഗോഡ്, തൃശ്ശൂർ, തളിപ്പറമ്പ് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകളിലും കാസർഗോഡ്, മഞ്ചേരി, കൽപറ്റ, കൊല്ലം എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജ് (1st) കോടതികളിലും ആലപ്പുഴ, തിരൂർ, ഇരിഞ്ഞാലക്കുട എന്നിടങ്ങളിൽ സ്ഥിതി ചെയ്യുന്ന കുടുംബ കോടതികൾക്കും വാഹനം അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

**ശിപാർശ**

2014-00-800-93 — സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക

06 —വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക കുടിശ്ശിക നൽകുന്നതിന് നടപ്പ് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1.32 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 85 ലക്ഷം രൂപ അധികം ചെലവാക്കുന്നതിനുള്ള അനുമതി തേടിയെങ്കിലും 28-12-2022-ലെ G.O.(Rt)No.141/2023/Fin. പ്രകാരം 40 ലക്ഷം രൂപയ്ക്കുള്ള അനുമതി നൽകി. പിന്നീട് 23-3-2023-ലെ G.O.(Rt)No.2376/2023/Fin. പ്രകാരം 50 ലക്ഷം രൂപ അധികമായി ചെലവഴിക്കാനുള്ള അനുമതിയും സർക്കാർ നൽകുകയുണ്ടായി. അധികമായി ലഭിച്ച

90 ലക്ഷം രൂപയിൽ 88.36 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് 29-5-2023 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 4062/2023/ധന. ഉത്തരവ് പ്രകാരം സർക്കാർ ക്രമീകരിച്ച് നൽകിയിട്ടുണ്ട്. ഇത് കൂടാതെ 29-3-2023-ലെ G.O.(Rt)No.2732/2023/Fin. പ്രകാരം 74 ലക്ഷം രൂപ കൂടി അധികമായി ചെലവഴിക്കാനുള്ള അനുമതി സർക്കാർ നൽകുകയുണ്ടായി. പക്ഷെ തുക ലഭിച്ചത് സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസങ്ങളിലായതിനാലും, ട്രഷറി നിയന്ത്രണങ്ങൾ നിലനിന്നതിനാലും, ലഭിച്ച തുക ചെലവഴിക്കാൻ സാധിച്ചില്ല.

**ശിപാർശ**

2014-00-800-93

21-1—മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ കോടതികളുടെ ആവശ്യത്തിനായി 9 പൂൾ വാഹനങ്ങൾ വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 53.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

**സ്വീകരിച്ച നടപടി**

6-12-2017-ലെ സ.ഉ.(സാധാ)നം.3260/17/ആഭ്യന്തരം ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ കോടതിയിലെ KL-7L-6113 & KL-7L-6114 നമ്പർ പൂൾ കാറുകൾ കണ്ടെം ചെയ്യാനനുമതി നൽകിയിട്ടുണ്ട്. നെയ്യാറ്റിൻകര കോർട്ട് സെന്ററിലെ ജുഡീഷ്യൽ ഓഫീസർമാർക്ക് മാരുതി സ്വിഫ്റ്റ് ഡിസൈർ കാർ പൂൾ സംവിധാനത്തിൽ വാങ്ങുവാനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

**ശിപാർശ**

2014-00-800-93

34-3—മറ്റു ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കീഴ്കോടതികളിൽ ആവശ്യമായ പുസ്തകങ്ങൾ വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്ത ണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

**സ്വീകരിച്ച നടപടി**

കീഴ്കോടതികളിൽ ആവശ്യമായ നിയമ പുസ്തകങ്ങൾ വാങ്ങുന്നതിനും 'മനുപത്ര' ഓൺലൈൻ ഡാറ്റ ബേസിന്റെ ലൈസൻസ് പുതുക്കലിനുമാണ് ഈ ശീർഷകത്തിൽ അനുവദിച്ച തുക ഉപയോഗിച്ചത്. എന്നാൽ ചില കോടതികളിൽ പ്രസ്തുത ലൈസൻസ് പുതുക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ 2022-23 സാമ്പത്തിക വർഷം അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമായിരുന്നു.

**ശിപാർശ**

2014-00-800-89- <u>പതിനൊന്നാം ധനകാര്യ കമ്മീഷൻ ശിപാർശയിന്മേൽ സ്ഥാപിയ്ക്കപ്പെട്ട അതിവേഗ കോടതികൾ</u>

01-4—<u>മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 38 കോടതികൾക്കായി അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്ന ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ അധികം ചെലവാക്കുന്നതിനുള്ള അനുമതി തേടിയെങ്കിലും 6-8-2022-ലെ G.O.(Rt)No.5618/2022/Fin. പ്രകാരം 6 ലക്ഷം രൂപയ്ക്കുള്ള അനുമതി നൽകി. പിന്നീട് 21-2-2023 ലെ G.O.(Rt)No.1256/2023/Fin. പ്രകാരം 2 ലക്ഷം രൂപയ്ക്കുള്ള അനുമതി കൂടി സർക്കാർ നൽകി. ഇപ്രകാരം അധികമായി അനുവദിച്ച 8 ലക്ഷം രൂപ 29-5-2023 തീയതിയിലെ സ.ഉ. (സാധാ)നമ്പർ. 4062/2023/ധന. ഉത്തരവ് പ്രകാരം സർക്കാർ ക്രമീകരിച്ച് നൽകിയിട്ടുണ്ട്.

**ശിപാർശ**

2014-00-800-85 —<u>ഇ-കോടതി നടപ്പാക്കൽ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 167 കോടതി സമുച്ചയങ്ങളിൽ WAN കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട്

മുൻവർഷത്തെ കുടിശ്ശിക നൽകുന്നതിനും തുടർ ചെലവുകൾക്കുമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 11.8360 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

**സ്വീകരിച്ച നടപടി**

2022-23 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥന പ്രകാരം 13.7433 കോടി രൂപ സർക്കാർ ഈ ശീർഷകത്തിൽ വകയിരുത്തിയിരുന്നു. 167 കോടതി സമുച്ചയങ്ങളിൽ WAN കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട് 2023-24 വർഷത്തെ അഡ്വാൻസ് BSNL-ൽ അടക്കുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായിരുന്നതിനാൽ 10-3-2023-ലെ G.O.(Rt)No.1774/2023/Fin. പ്രകാരം 8.1048 കോടി രൂപ അധികം ചെലവാക്കാനുള്ള അനുമതി സർക്കാർ നൽകിയിരുന്നു. ടി തുകയിൽ 7.95 കോടി രൂപ ചെലവഴിക്കുകയും ആയത് 29-5-2023 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.4062/2023/ധന. ഉത്തരവ് പ്രകാരം സർക്കാർ ക്രമീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ**

2014-00-800-81— <u>നീതിന്യായ സംവിധാനത്തിന്റെ സാങ്കേതിക ആധുനീകരണം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ വർക്ക് ഫ്ളോയുമായി ബന്ധപ്പെട്ട് പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ വാങ്ങുന്നതിനും മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിനുമായി 2 കോടി രൂപയും ഇ-കോർട്ട് പദ്ധതിയുടെ ഭാഗമായി പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് 2.2 കോടി രൂപയും ഐ.സി.ടി. സംരംഭങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സബോർഡിനേറ്റ് ജുഡീഷ്യറിയിലെ ജീവനക്കാർക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന്റെ ആദ്യഘട്ടമായി 5 കോടി രൂപയും ഉൾപ്പെടെ 9.2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായിരുന്നതിനാൽ 20-3-2023-ലെ G.O.(Rt)No.2164/2023/Fin. പ്രകാരം 2.94 കോടി രൂപ '2014-00-800-79' എന്ന ശീർഷകത്തിൽ നിന്ന് ധനപുനഃവിനിയോഗത്തിലൂടെ കണ്ടെത്തുകയുണ്ടായി. ടി തുക സബോർഡിനേറ്റ് ജൂഡിഷ്യറിയിലെ ഉപയോഗത്തിനായി കംപ്യൂട്ടറുകൾ വാങ്ങുന്നതിനു വേണ്ടി വിനിയോഗിച്ചു. ഇത് കൂടാതെ 2022-23 സാമ്പത്തിക വർഷത്തിലെ അവസാന ഉപധനാഭ്യർത്ഥന പ്രകാരം 4.05 കോടി രൂപ ജില്ലാ കോടതി സമുച്ചയങ്ങളിൽ CCTV സ്ഥാപിക്കുന്നതിലേക്കായി ഈശീർഷകത്തിൽ വകയിരുത്തിയിരുന്നു. ആയത് CCTV സ്ഥാപിക്കുന്നതിനായി PWD-ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

ആഭ്യന്തര (സി) വകുപ്പിൽ നിന്നും 21-10-2023-ലെ സി3/96/2023/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നം. 16-20, 22-30, 34, 35, 40, 41, 43-45, 47-49 ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ സമിതിയുടെ 6-3.2024-ലെ യോഗം പരിഗണിക്കുകയും കാലതാമസ പത്രിക 30-1-2024-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**ശിപാർശ**

2052-00-090-95—<u>നിയമവകുപ്പ്</u>

01-6—<u>ഓവർടൈം അലവൻസ്</u>

നിയമസഭാ സമ്മേളന കാലയളവിൽ നിയമനിർമ്മാണവും മറ്റ് നിയമസഭാ ജോലികളുമായി ബന്ധപ്പെട്ട് അധിക സമയ ജോലികൾ ചെയ്യുന്ന നിയമ വകുപ്പിലെ ജീവനക്കാർക്ക് ഓവർടൈം അലവൻസ് അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ആണ് നൽകിയിരിക്കുന്നത്. എന്നതിനാൽ 01-6 ഓവർടൈം അലവൻസ് എന്ന ശീർഷകത്തിൽ 4.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

**സ്വീകരിച്ച നടപടി**

നിയമസഭാ സമ്മേളന കാലയളവിൽ നിയമ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അധികസമയ ജോലിബത്തയായി 4.99 ലക്ഷം രൂപ അനുവദിക്കുന്നതിന് 19-11-2022 തീയതിയിലെ Ac-4/174/2022-Law നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖേന ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2052-00-090-95—<u>നിയമവകുപ്പ്</u>

ബഡ്ജറ്റ് വിഹിതം മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയും നിയമ വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതിയേതര ചെലവുകൾക്കായി ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സ്ഥലംമാറ്റ ബത്ത, വാടക, മറ്റിനങ്ങൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, ഔദ്യോഗികഭാഷാ പ്രയോഗം, ഇന്ധനച്ചെലവ് തുടങ്ങിയവയ്ക്കായി താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | നിലവിലെ ബഡ്ജറ്റ് വിഹിതം | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|---|
| 04-2-സ്ഥലംമാറ്റ ബത്ത | 54,000 രൂപ | 96,000 രൂപ |
| 05-4-മറ്റിനങ്ങൾ | 23.11 ലക്ഷം രൂപ | 6.89 ലക്ഷം രൂപ |
| 06-വാടക, കരം, നികുതി | ഇല്ല | 2.50 ലക്ഷം രൂപ |
| 21-2-സംരക്ഷണവും അറ്റകുറ്റപ്പണികളും | 1.68 ലക്ഷം രൂപ | 1.82 ലക്ഷം രൂപ |
| 26-ഔദ്യോഗിക ഭാഷാ പ്രയോഗം | 1,000 രൂപ | 49,000 രൂപ |
| 45-പി.ഒ.എൽ. | 3.46 ലക്ഷം രൂപ | 2.54 ലക്ഷം രൂപ |

(ഖണ്ഡിക 5)

**സ്വീകരിച്ച നടപടി**

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 2052-00-090-95-നിയമ വകുപ്പ് എന്ന ശീർഷകത്തിൽ അധിക വിഹിതമായി 2,09,000 രൂപ ചുവടെ പറയും പ്രകാരം അനുവദിച്ചിട്ടുള്ളതാണ്.

2052-00-090-95-06-വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 14-7-2022-ലെ സ.ഉ.(സാധാ)നം.5081/2022/ധനം നമ്പർ ഉത്തരവ് പ്രകാരം 60,000 രൂപയും 22-11- 2022-ലെ സ.ഉ.(സാധാ) നം.7873/2022/ധനം നമ്പർ ഉത്തരവ് പ്രകാരം 60,000 രൂപയും 6-3-2023-ലെ സ.ഉ.(സാധാ) നം.1660/2023/ധനം നമ്പർ ഉത്തരവ് പ്രകാരം 40,000 രൂപയും ഉൾപ്പെടെ ആകെ 1,60,000 രൂപ അനുവദിച്ചിട്ടുണ്ട്.

2052-00-090-95-26-ഔദ്യോഗിക ഭാഷാ പ്രയോഗം എന്ന ശീർഷകത്തിൽ 21-10-2022-ലെ സ.ഉ(സാധാ) നം.7093/2022/ധനം നമ്പർ ഉത്തരവ് പ്രകാരം 49,000 രൂപയും അനുവദിച്ചു.

മറ്റു ശീർഷകങ്ങളിൽ അധിക തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2014-00-110-99—അഡ്മിനിസ്ട്രേറ്റർ ജനറലും ഒഫീഷ്യൽ ട്രസ്റ്റികളും

05-4—മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എഫ്.ടി.ടി.എച്ച്. നെറ്റ് കണക്ഷൻ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 05-4 എന്ന ശീർഷകത്തിൽ 10,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

**സ്വീകരിച്ച നടപടി**

അഡ്മിനിസ്ട്രേറ്റർ ജനറലും ഒഫീഷ്യൽ ട്രസ്റ്റികളും കാര്യാലയത്തിലെ 2014-00-110-99-05-4-മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 10,000 രൂപ 26-9-2022 തീയതിയിലെ G.O(Rt) No. 6566/2022/Fin നമ്പർ ഉത്തരവ് പ്രകാരം അധിക തുകയായി അനുവദിച്ചിട്ടുള്ളതാണ്. (ആകെ 10,000 രൂപ)

**ശിപാർശ**

2014-00-114-99—<u>ലാ ഓഫീസർമാർ</u>

ബഡ്ജറ്റ് വിഹിതം മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ലാ ഓഫീസർമാർക്ക് ലാപ് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിലേക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.495 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ നിന്ന് 2022-23 സാമ്പത്തിക വർഷത്തിൽ 2014-00-114-99 എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി മുമ്പാകെ ആവശ്യപ്പെട്ട തുകകൾ ചുവടെ ചേർക്കുന്നു. ആകെ അധിക തുക ആവശ്യപ്പെട്ടത് 1,49,50,000 (1.495 കോടി) രൂപയാണ്. അത് സമിതി അംഗീകരിച്ച് ശിപാർശ ചെയ്തിട്ടുണ്ട്.)

99-IT-എന്ന ശീർഷകത്തിൽ ഗവൺമെന്റ് ലാ ഓഫീസർമാർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനും കൂടാതെ LAN, OFC കേബിളുകൾ തുടങ്ങിയവയുടെ പർച്ചേസിനും MISAGO-യുമായി ബന്ധപ്പെട്ട SMS സർവ്വീസിനും, Scanner, UPS തുടങ്ങിയവയുടെ ചെലവുകൾക്കും മറ്റുമായി 39 ലക്ഷം രൂപ അധിക വിഹിതമായി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

21-1-വാഹനങ്ങൾ വാങ്ങൽ അഡ്വക്കേറ്റ് ജനറൽമാർ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർ, സ്റ്റേറ്റ് അറ്റോർണി എന്നിവർക്കായി 4 പുതിയ ഇന്നോവ ക്രിസ്റ്റ വാങ്ങുന്നതിന് സർക്കാരിനോട് അനുമതി തേടിയിട്ടുണ്ടെന്നും ആയതിനാൽ ടി ശീർഷകത്തിൽ 67 ലക്ഷം രൂപ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

21-2-മെയിന്റനൻസ് ആന്റ് റിപ്പയറിംഗ് അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ നിലവിൽ 12 വാഹനങ്ങൾ നിലവിലുണ്ടെന്നും റിപ്പെയറിംഗിനും, സ്പെയർ പാർട്സിനും മറ്റുമായി വാഹനം ഒന്നിന് 1 ലക്ഷം രൂപ പ്രതി വർഷം ആവശ്യമാണെന്നും കൂടാതെ ഇലക്ട്രിക് വാഹനം അനെർട്ടിൽ നിന്നും ലീസിന് എടുക്കുവാൻ അനുമതി ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ ടി ശീർഷകത്തിൽ 2 ലക്ഷം രൂപ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

99-6-വാടക, കരം, നികുതി - അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ പുതിയ ഓഫീസ് കെട്ടിടം പണിയുന്നതിനായി നിലവിലെ ഓഫീസ് മാറ്റി പ്രവർത്തിക്കുന്നതിനായി വാടകയ്ക്ക് കെട്ടിടം കണ്ടെത്തേണ്ടതുണ്ടെന്നും ആയതിനാൽ ടി ശീർഷകത്തിൽ 41,50,000 രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

(ഖണ്ഡിക 32)

**സ്വീകരിച്ച നടപടി**

അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ 2014-00-114-99-ലാ ഓഫീസർമാർ എന്ന ശീർഷകത്തിൽ അധിക വിഹിതമായി 81,63,000 രൂപ ചുവടെ പറയും പ്രകാരം അനുവദിച്ചു.

1) 99 IT ശീർഷകത്തിൽ, അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിലെ സർക്കാർ അഭിഭാഷകർക്ക് 136 ലാപ് ടോപ്പുകൾ വാങ്ങുന്നതിനായി 25-3-2022 തീയതിയിലെ സ.ഉ (സാധാ) നം. 2377/2022/ധനം നമ്പർ ഉത്തരവ് പ്രകാരം 38,31,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുള്ളതാണ്. (ആകെ 38,31,000 രൂപ)

2) 21-1-വാഹനങ്ങൾ വാങ്ങൽ എന്ന ശീർഷകത്തിൽ 16,67,000 രൂപ 27-7-2022 തീയതിയിലെ സ.ഉ.(സാധാ) 5376/2022/ധനം നമ്പർ ഉത്തരവ് പ്രകാരവും, 24,000 രൂപ 2-9-2022 തീയതിയിലെ സ.ഉ.(സാധാ) 6193/2022/ധനം ഉത്തരവ് പ്രകാരവും അഡ്വക്കേറ്റ് ജനറലിന് വാഹനം വാങ്ങുന്നതിനായും, 98,000 രൂപ വാഹനത്തിന്റെ Accessories വാങ്ങുന്നതിനായി 28-11-2022 തീയതിയിലെ സ.ഉ.(സാധാ) 8064/2022/ധനം നമ്പർ ഉത്തരവ് പ്രകാരവും അധിക തുകയായി അനുവദിച്ചിട്ടുള്ളതാണ്. (ആകെ 17,89,000 രൂപ)

3) 21-2-മെയിന്റനൻസ് ആന്റ് റിപ്പയറിംഗ് എന്ന ശീർഷകത്തിൽ Tour TA എന്ന ശീർഷകത്തിൽ നിന്നും 1,00,000 രൂപ 25-2-2023 തീയതിയിലെ സ.ഉ.(സാധാ) 1404/2023/ധനം നമ്പർ ഉത്തരവ് പ്രകാരം പുനഃവിനിയോഗം വഴിയും, 1,00,000 രൂപ വാഹനത്തിന്റെ റിപ്പയറിംഗിനായി 10-3-2023 തീയതിയിലെ സ.ഉ.(സാധാ) 1747/2023/ധനം നമ്പർ ഉത്തരവ് പ്രകാരം അധിക തുകയായി അനുവദിച്ചിട്ടുള്ളതാണ്. (ആകെ 2,00,000 രൂപ)

4) 99-6-വാടക, കരം, നികുതി എന്ന ശീർഷകത്തിൽ അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിന്റെ കെട്ടിടത്തിന് വാടക നൽകുന്നതിനായി 29-9-2022 തീയതിയിലെ സ.ഉ.(സാധാ) 6627/2022/ധനം നമ്പർ ഉത്തരവ് പ്രകാരം 23,43,000 രൂപ അനുവദിച്ചിട്ടുള്ളതാണ്. (ആകെ 23,43,000 രൂപ)

**ശിപാർശ**

2014-00-114-98—<u>ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും</u>

ബഡ്ജറ്റ് വിഹിതം മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർ, ഗവൺമെന്റ് അഡ്വക്കേറ്റ്സ് എന്നിവരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ, സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ എന്നിവരുടെ പ്രതിഫലം, ലീഗൽ അസിസ്റ്റന്റുമാരുടെ ശമ്പളത്തിലുണ്ടാകുന്ന ആനുപാതിക വർദ്ധനവ്, ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസവേതനം, ഇന്ധന ചെലവ്, വാഹനങ്ങളുടെ ഇൻഷ്വറൻസ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണി എന്നീ ചെലവുകൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

**സ്വീകരിച്ച നടപടി**

ബഹു. വിഷയനിർണ്ണയ സമിതിയുടെ മേൽശിപാർശയുടെ അടിസ്ഥാനത്തിൽ "2014-00-114-98" ശീർഷകത്തിൻ കീഴിൽ വരുന്ന ബന്ധപ്പെട്ട ശീർഷകത്തിൽ നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പിന് അധിക തുക അനുവദിച്ച് ഉത്തരവാകണമെന്ന 25-8-2022-ലെ MC1/49/2022/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖേന ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുള്ളതും ശിപാർശ പ്രകാരമുള്ള അധികധനം 2022-23 സാമ്പത്തിക വർഷം അനുവദിച്ചിട്ടില്ലാത്തതുമാണ്.

**ശിപാർശ**

2014-00-114-93 —കേരള സംസ്ഥാന നിയമ സഹായ സമിതി

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടേയും ഓഫീസ് ജീവനക്കാരുടേയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, സ്ഥലംമാറ്റബത്ത, അവധിയാത്രാനുകൂല്യം, ഓഫീസുകളുടെ വാടക, മറ്റ് ഓഫീസ് ചെലവുകൾ, വാഹന അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

| | നിലവിലെ ബഡ്ജറ്റ് വിഹിതം | അധികമായി വകയിരുത്തേണ്ട തുക |
|---|---|---|
| (1) | (2) | (3) |
| 01-4 – മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 4.2 ലക്ഷം രൂപ | 11.8 ലക്ഷം രൂപ |
| 04-1 – യാത്രാ ബത്ത | 4.5 ലക്ഷം രൂപ | 3.5 ലക്ഷം രൂപ |
| 04-2 – സ്ഥലംമാറ്റബത്ത | 1.61 ലക്ഷം രൂപ | 8.39 ലക്ഷം രൂപ |
| 04-4 – അവധിയാത്രാനുകൂല്യം | 60,000 രൂപ | 29.40 ലക്ഷം രൂപ |
| 05-1 - വെള്ളക്കരം | 40,000 രൂപ | 90,000 രൂപ |
| 05-2 - വൈദ്യുതി ചെലവ് | 3.53 ലക്ഷം രൂപ | 2.47 ലക്ഷം രൂപ |
| 05-3 -ടെലിഫോൺ ചെലവ് | 4.93 ലക്ഷം രൂപ | 3.07 ലക്ഷം രൂപ |
| 05-4 -മറ്റിനങ്ങൾ | 6.61 ലക്ഷം രൂപ | 18.39 ലക്ഷം രൂപ |
| 06 -വാടക, കരം, നികുതി | 11 ലക്ഷം രൂപ | 24 ലക്ഷം രൂപ |

| (1) | (2) | (3) |
|---|---|---|
| 21-2-സംരക്ഷണവും അറ്റകുറ്റപ്പണികളും | 2.90 ലക്ഷം രൂപ | 7.10 ലക്ഷം രൂപ |
| 34 - മറ്റു ചെലവുകൾ | 2.5004 കോടിരൂപ | 57.4996 കോടി രൂപ |
| 45 - പി. ഒ. എൽ. | 2.59 ലക്ഷം രൂപ | 1.41 ലക്ഷം രൂപ |
| 99 - വിവരസാങ്കേതികവിദ്യ | 1.00 ലക്ഷം രൂപ | 6.50 ലക്ഷം രൂപ |

(ഖണ്ഡിക 36)

**സ്വീകരിച്ച നടപടി**

ബഹുമാനപ്പെട്ട വിഷയനിർണ്ണയ സമിതിയുടെ ശിപാർശ പ്രകാരം ഉപധനാഭ്യർത്ഥന വഴി സമിതി ശിപാർശ ചെയ്ത തുക അനുവദിക്കണമെന്ന് ധനവകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ധനവകുപ്പിൽ നിന്നും 3-3-2023 തീയതിയിലെ സ.ഉ. (സാധാ) നം. 1581/2023/ധന. പ്രകാരം 2,42,000 രൂപയും 25-3-2023 തീയതിയിലെ സ.ഉ. (സാധാ) നം. 2531/2023/ധന. നമ്പർ ഉത്തരവ് പ്രകാരം 1,46,000 രൂപയും 2014-00-114-93-01-4 മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ശീർഷകത്തിൽ 3,88,000 (മൂന്ന് ലക്ഷത്തി എൺപത്തി എട്ടായിരം) രൂപയും 20-3-2023 തീയതിയിലെ 2165/2023/ധന നമ്പർ ഉത്തരവ് പ്രകാരം 2014-00-114-93-05-1 വെള്ളക്കരം ഇനത്തിൽ 1,57,000 രൂപയും അധികം അനുവദിച്ചു.

**ശിപാർശ**

2014-00-114-92— സ്ഥിര ലോക അദാലത്ത്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കൊടുത്തിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | നിലവിലെ ബഡ്ജറ്റ് വിഹിതം | അധികമായി വകയിരുത്തേണ്ട തുക |
|---|---|---|
| 01-4 -മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 20,000 രൂപ | 5.00 ലക്ഷം രൂപ |
| 04-1 -യാത്രാ ബത്ത | 10,000 രൂപ | 1.90 ലക്ഷം രൂപ |
| 04-2 -സ്ഥലംമാറ്റബത്ത | 1,000 രൂപ | 14,000 രൂപ |
| 05-2 - വൈദ്യുതി ചെലവ് | 10,000 രൂപ | 10,000 രൂപ |
| 05-3 -ടെലഫോൺ ചെലവ് | 60,000 രൂപ | 50,000 രൂപ |
| 05-4 -മറ്റിനങ്ങൾ | 2.50 ലക്ഷം രൂപ | 1.70 ലക്ഷം രൂപ |
| 06 -വാടക, കരം, നികുതി | 2.40 ലക്ഷം രൂപ | 1.60 ലക്ഷം രൂപ |

(ഖണ്ഡിക 37)

**സ്വീകരിച്ച നടപടി**

ബഹുമാനപ്പെട്ട വിഷയനിർണ്ണയ സമിതിയുടെ ശിപാർശ പ്രകാരം LW-H1/203/2022-Law നമ്പർ ഫയൽ പ്രകാരം ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി സമിതി ശിപാർശ ചെയ്ത തുക അനുവദിക്കണമെന്ന് ധനവകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ടി ശിപാർശകളിൽ അധിക ധനസഹായം ലഭ്യമായിട്ടില്ല.

**ശിപാർശ**

2014-00-800-94—<u>നിയമസഹായനിധി അംശദാനം</u>

ബഡ്ജറ്റ് വിഹിതം മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമസഹായ നിധിയ്ക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

**സ്വീകരിച്ച നടപടി**

സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന് 18-1-2023-ൽ ഫയൽ നം. KLBF-1/1/2023/Law പ്രകാരം അധിക തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും അത് ലഭ്യമായിട്ടില്ല.

**ശിപാർശ**

2014-00-800-91—മനുഷ്യാവകാശ സംരക്ഷണ ആക്റ്റ്, 1993 പ്രകാരമുള്ള കേരള മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ, 1998 സഹായധനം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പേ റിവിഷൻ അരിയർ ഉൾപ്പെടെയുള്ള സാലറി, നോൺ സാലറി ചെലവുകൾക്ക് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ സാലറി ഇനത്തിൽ 4.22885 കോടി രൂപയും നോൺ സാലറി ഇനത്തിൽ 66.605 ലക്ഷം രൂപയും ഉൾപ്പെടെ 4.8949 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

**സ്വീകരിച്ച നടപടി**

ബഹുമാനപ്പെട്ട വിഷയനിർണ്ണയ സമിതിയുടെ ശിപാർശയിൽ 17-3-2023 തീയതിയിലെ സ.ഉ. (കൈ) നം. 23/2023/നിയമം പ്രകാരം 12,21,000 രൂപ അധികമായി അനുവദിച്ചു.

**ശിപാർശ**

2070-00-119-98—ഔദ്യോഗിക ഭാഷാ കമ്മീഷൻ

02 —വേതനം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പേ റിവിഷൻ സംബന്ധിച്ച ശമ്പള വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാൽ

ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4.06 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 166)

**ശിപാർശ**

2070-00-119-98—<u>ഔദ്യോഗിക ഭാഷാ കമ്മീഷൻ</u>

04—<u>യാത്രാ ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ഉദ്യോഗസ്ഥർക്ക് യാത്രാചെലവിന് അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.04 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 167)

**ശിപാർശ**

2070-00-119-98- <u>ഔദ്യോഗിക ഭാഷാ കമ്മീഷൻ</u>

<u>05-ഓഫീസ് ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം തുടങ്ങിയവയ്ക്ക് അധികതുക ആവശ്യമാ ണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 11,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 168)

**ശിപാർശ**

2070-00-119-98- ഔദ്യോഗിക ഭാഷാ കമ്മീഷൻ

06-വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാടക വർദ്ധിപ്പിച്ചതിനാൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിൽ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 169)

**സ്വീകരിച്ച നടപടി**

15-ാം കേരള നിയമസഭയുടെ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIV-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷനുമായി ബന്ധപ്പെട്ട സമിതി ശിപാർശ ചെയ്ത 166 മുതൽ 169 വരെയുള്ള ഖണ്ഡികകളിൻ മേൽ തുകകളൊന്നും ആവശ്യപ്പെട്ടിട്ടില്ലാത്തതും ആയതിനാൽ പ്രസ്തുത തുകകളൊന്നും തന്നെ അനുവദിച്ചിട്ടില്ലാത്തതുമാണ്.

പാർലമെന്ററികാര്യ വകുപ്പിൽ നിന്നും 25-10-2023-ലെ 200/പാർല/2022/നിയമം കത്ത്മുഖേന ലഭ്യമാക്കിയ ഖണ്ഡിക നം. 4, 5, 31, 32, 33, 36, 37, 42, 46, 166-169 എന്നീ ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ സമിതിയുടെ 6-3-2024-ലെ യോഗം അംഗീകരിക്കുകയും കാലതാമസപത്രിക 30-1-2024-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**ശിപാർശ**

2055-00-001 -99—മേൽനോട്ടം

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ആസ്ഥാനത്തെയും സോണൽ ഓഫീസിലേയും, റേഞ്ച്

ഐ. ജി. ഓഫീസിലേയും യാത്രാബത്ത നിർവ്വഹിക്കുന്നതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 19.70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

**ശിപാർശ**

2055-00-001 -99—<u>മേൽനോട്ടം</u>

05-2 —<u>വൈദ്യുതി ചെലവ്</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രീകൃത ബില്ലിംഗ് സിസ്റ്റം ആയതിനാൽ പോലീസിലെ വൈദ്യുതി ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 12.1008 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

**സ്വീകരിച്ച നടപടി**

10-2-2023-ലെ ബി1/55225/2022/പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രകാരം 2,74,81,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധികതുക അനുവദിച്ചില്ല.

**ശിപാർശ**

2055-00-001 -99—<u>മേൽനോട്ടം</u>

05-3—<u>ടെലിഫോൺ ചാർജ്ജ്</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടെലിഫോൺ ചെലവ് ഇനത്തിൽ ലഭ്യമാക്കിയ തുക അപര്യാപ്തമാണെന്ന്

സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 3.0233 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

**സ്വീകരിച്ച നടപടി**

G.O.(Rt)No.2042/2023/Fin. Dtd. 17-3-2023 പ്രകാരം 1,81,77,000 രൂപ അധിക തുകയായി അനുവദിച്ചിരുന്നു.

**ശിപാർശ**

2055-00-001 -99—മേൽനോട്ടം

05-4—മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം, ഓഫീസ് ചെലവ് എന്നിവയ്ക്ക് വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 1.465 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

**സ്വീകരിച്ച നടപടി**

G.O.(Rt)No.2163/2023/Fin. Dtd. 20-3-2023 പ്രകാരം 23,42,000 രൂപ അനുവദിച്ചിരുന്നു.

**ശിപാർശ**

2055-00-001 -99—മേൽനോട്ടം

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ വാടക, കരം, നികുതി ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 15.00 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധികതുക അനുവദിച്ചില്ല.

**ശിപാർശ**

2055-00-001 -99—<u>മേൽനോട്ടം</u>

15—<u>രഹസ്യ സേവന ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ രഹസ്യ സേവന ചെലവുകൾ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 3.58 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

**സ്വീകരിച്ച നടപടി**

G.O.(Rt)No.8250/2022/Fin Dated 5-12-2022 പ്രകാരം 50,00,000 രൂപ അധിക തുകയായി അനുവദിച്ചിരുന്നു.

**ശിപാർശ**

2055-00-001 -99—<u>മേൽനോട്ടം</u>

17—<u>ചെറുകിട മരാമത്ത് പണികൾ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മരാമത്തു പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 44.59 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ തുക ആവശ്യം വരാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-001 -99—മേൽനോട്ടം

18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

**ശിപാർശ**

2055-00-001 -99—മേൽനോട്ടം

19—യന്ത്രോപകരണങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുന്നതിന് ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

**ശിപാർശ**

2055-00-001-99—മേൽനോട്ടം

21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 44.80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

**സ്വീകരിച്ച നടപടി**

3-3-2023 തീയതിയിലെ ബി1/55238/2022/പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രകാരം 27,62,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധികതുക അനുവദിച്ചില്ല.

**ശിപാർശ**

2055-00-001 -99—മേൽനോട്ടം

34-3—മറ്റിനം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾ, മറ്റ് ആകസ്മിക ചെലവുകൾ, എന്നിവ വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 71.40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

**സ്വീകരിച്ച നടപടി**

19-2-2023 തീയതിയിലെ ബി1/55243/2022/പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രകാരം 15 ലക്ഷം രൂപ അധികതുകയായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധികതുക അനുവദിച്ചില്ല.

**ശിപാർശ**

2055-00-001 -99 —മേൽനോട്ടം

45—പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ആസ്ഥാനത്തേയും സോണൽ ഓഫീസുകളിലെയും റേഞ്ച് ഐ.ജി. ഓഫീസുകളിലെയും ഇന്ധന ചെലവിനായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.8543 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

**സ്വീകരിച്ച നടപടി**

G.O.(Rt)No.7298/2022/Fin dtd 29-10-2022 പ്രകാരം 2,00,00,000 രൂപയും G.O.(Rt)No.10/2023/Fin dtd 3-1-2023 പ്രകാരം 2,00,00,000 രൂപയും G.O.(Rt)No. 1981/2023/Fin. dtd 16-3-2023 പ്രകാരം 1,00,00,000 രൂപയും (ആകെ 5 കോടി രൂപ) അധിക തുകയായി അനുവദിച്ചിരുന്നു.

**ശിപാർശ**

2055-00-003 -99—പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും

17—ചെറുകിട മരാമത്തുപണികൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് പരിശീലന സ്കൂളിലെ മരാമത്ത് പണികൾ നിർവ്വഹിക്കുന്നതിനായി അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 41.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

**ശിപാർശ**

2055-00-003 -99—പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും

18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് പരിശീലന സ്കൂളിലെ അറ്റകുറ്റപ്പണികൾക്കായുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 41.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുകയുടെ അലോക്കേഷൻ പരിധി സാമ്പത്തിക വർഷാവസാനം ഉയർത്തിയിരുന്നുവെങ്കിലും അധിക തുക ആവശ്യപ്പെട്ടില്ല.

**ശിപാർശ**

2055-00-003-98—കേരള പോലീസ് അക്കാഡമി

05-4—ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം, ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് വകയിരുത്തിയിരിക്കുന്ന തുക പരിമിതമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.34 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-003-98 —കേരള പോലീസ് അക്കാഡമി

17—ചെറുകിട മരാമത്തുപണികൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള പോലീസ് അക്കാഡമിയിലെ മരാമത്ത് പണികൾ നടത്തുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.1317 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

**സ്വീകരിച്ച നടപടി**

G.O.(Rt)No.427/2023/Fin dated 19-1-2023 പ്രകാരം ധനപുനർവിനിയോഗം മുഖാന്തരം 22,03,000 രൂപ അനുവദിച്ചിരുന്നു.

**ശിപാർശ**

2055-00-003-98—കേരള പോലീസ് അക്കാഡമി

18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള പോലീസ് അക്കാഡമിയിലെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് നിർവഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5.4394 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-003-98—കേരള പോലീസ് അക്കാഡമി

34 —മറ്റു ചെലവുകൾ-3-മറ്റിനം

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് ആവശ്യങ്ങൾക്കായി വകയിരുത്തിയ വിഹിതം ഈ ഇനത്തിലെ ചെലവ് നിർവഹിക്കാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.4444 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

**സ്വീകരിച്ച നടപടി**

28-12-2022-ലെ ബി2-55647/2022/പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രകാരം 32,00,000 രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ G.O. (Rt) No.844/2023/Fin.Dated 3-2-2023 പ്രകാരം 12,00,000 രൂപ അധികതുകയായി അനുവദിച്ചിരുന്നു.

**ശിപാർശ**

2055-00-101-99—കുറ്റാന്വേഷണ വിഭാഗം

17—ചെറുകിട മരാമത്തുപണികൾ

ക്രൈംബ്രാഞ്ച് ഓഫീസുകളുടെ മരാമത്തുപണികൾ നടത്തുന്നതിനായി ഈ ശീർഷകം പുനഃസ്ഥാപിച്ച് 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ തുക ആവശ്യം വരാത്തതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

**ശിപാർശ**

2055-00-101-99—കുറ്റാന്വേഷണ വിഭാഗം

18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സി.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 98 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുകയുടെ അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

**ശിപാർശ**

2055-00-101-98—സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കേണ്ടതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.84 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുകയുടെ അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

**ശിപാർശ**

2055-00-101-98—<u>സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.</u>

17—<u>ചെറുകിട മരാമത്തുപണികൾ</u>

എസ്.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ മരാമത്തുപണികൾ നിർവഹിക്കുന്നതിനായി ഈ ശീർഷകം പുനഃസ്ഥാപിച്ച് 10.23 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**<u>ശിപാർശ</u>**

2055-00-101-98 —<u>സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി</u>

18—<u>സംരക്ഷണം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.ബി.സി..ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നതിനായി അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുകയുടെ അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല ആയതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

**ശിപാർശ**

2055-00-104-99—<u>സായുധ പോലീസ്</u>

05-1—<u>വെള്ളക്കരം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബറ്റാലിയൻ യൂണിറ്റുകളുടെ വെള്ളക്കരം കുടിശ്ശിക തീർക്കുന്നതിനായി ഈ ശീർഷകത്തിൽ കൂടുതൽ തുക വേണ്ടി വരുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.0735 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

**സ്വീകരിച്ച നടപടി**

10-10-2022-ലെ B2-55657/2022/PHQ നമ്പർ കത്ത് പ്രകാരം 1,30,00,000 രൂപ ആവശ്യപ്പെട്ടു. G.O. (Rt.) No.8069/2022/Fin. Dated 29-11-2022 പ്രകാരം 67,00,000 രൂപ അധിക തുകയായി അനുവദിച്ചു. 24-3-2023-ലെ B2-55657/2022/PHQ നമ്പർ കത്ത് പ്രകാരം 30,00,000 രൂപ ധനപുനർവിനിയോഗം മുഖാന്തരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രൊപ്പോസൽ പരിഗണിച്ചില്ല.

**ശിപാർശ**

2055-00-104-99—<u>സായുധ പോലീസ്</u>

05 -04—<u>ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 10 ബറ്റാലിയനുകളിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും, ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകൾക്കും കുടിശ്ശിക തീർപ്പാക്കുന്നതിനുമായി മേൽ ശീർഷകത്തിൽ അധികമായി തുക ആവശ്യം വരുമെന്നതിനാൽ ഈ ശീർഷകത്തിൽ 4.2732 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

**സ്വീകരിച്ച നടപടി**

1-2-2023-ലെ B2-55660/2022/PHQ നമ്പർ കത്ത് പ്രകാരം 1,38,46,000 രൂപ ആവശ്യപ്പെട്ടു. G.O.(Rt)No.2270/2023/Fin.dated 22-3-2023 പ്രകാരം 20,07,000 രൂപ മാത്രം വാഹനങ്ങളുടെ ഇൻഷ്വറൻസ് കുടിശ്ശിക തീർക്കാനായി അധിക തുകയായി അനുവദിച്ചു.

**ശിപാർശ**

2055-00-104-99—സായുധ പോലീസ്

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 10 ബറ്റാലിയനുകളുടെ കെട്ടിടങ്ങളുടെ വാടക, കരം, നികുതി എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 70.96 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

**സ്വീകരിച്ച നടപടി**

17-3-2023-ലെ ബി2-55661/2022/പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രകാരം 39,53,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. എങ്കിലും തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2055-00-104-99—സായുധ പോലീസ്

17—ചെറുകിട മരാമത്ത് പണികൾ

ചെറുകിട മരാമത്ത് പണികൾ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് പ്രസ്തുത ഇനത്തിൽ 4.0262 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

**സ്വീകരിച്ച നടപടി**

G.O. (Rt.) No. 7504/2022/Fin. Dtd. 6-11-2022 പ്രകാരം ഈ ശീർഷകത്തിൽ 1,41,000 രൂപ കെ.എ.പി. ഒന്നാം ബറ്റാലിയന് പോത്താനിക്കാട് Detachment camp-ൽ സ്റ്റോർ റൂം നിർമ്മിക്കുന്നതിനായി അധിക തുകയായി അനുവദിച്ചു.

**ശിപാർശ**

2055-00-104-99—സായുധ പോലീസ്

18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ബറ്റാലിയനുകളിൽ ഭരണാനുമതി ലഭിച്ച അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല എന്ന് സമിതി വിലയിരുത്തുന്നു.

ആയതിനാൽ ഈ ശീർഷകത്തിൽ 54.4525 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

**സ്വീകരിച്ച നടപടി**

22-12-2022-ലെ B2-55662/2022/PHQ നമ്പർ കത്ത് പ്രകാരം 38,00,000 രൂപ ആവശ്യപ്പെട്ടു. എന്നാൽ ആവശ്യപ്പെട്ട തുക അനുവദിച്ചുകിട്ടിയില്ല.

**ശിപാർശ**

2055-00-104-99—<u>സായുധ പോലീസ്</u>

19—<u>യന്ത്രോപകരണങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബറ്റാലിയൻ യൂണിറ്റുകളിലേക്ക് കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 19-യന്ത്രോപകരണങ്ങൾ എന്ന ശീർഷകത്തിൽ 14.49 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-104-99—<u>സായുധ പോലീസ്</u>

34—<u>മറ്റു ചെലവുകൾ—3 മറ്റിനം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 10 ബറ്റാലിയൻ യൂണിറ്റുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്കുള്ള പ്രതിഫലം, പരിശീലനത്തിനായി പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, സ്തുത്യർഹമായ സേവനത്തിനുള്ള മെഡലുകൾ, റിവാർഡുകൾ, പോലീസ് സേനയിലെ കായിക താരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് തുടങ്ങിയ ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു.

ബറ്റാലിയനുകളുടെ പരിശീലനവുമായി ബന്ധപ്പെട്ട പരിപാടികളുടെ സുഗമമായ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 1.3452 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

**സ്വീകരിച്ച നടപടി**

20-2-2023-ലെ ബി2-55665/2022/പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രകാരം 62,65,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല.

**ശിപാർശ**

2055-00-104-98—ഇൻഡ്യൻ റിസർവ് ബറ്റാലിയൻ

04—യാത്രാ ചെലവുകൾ-1 യാത്രാബത്ത

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യാ റിസർവ് ബറ്റാലിയന്റെ പരിശീലനത്തിനായി സംസ്ഥാനത്തിന് അകത്തും പുറത്തും സേനാംഗങ്ങൾക്ക് യാത്ര ചെയ്യേണ്ടിവരുന്നത് കണക്കിലെടുത്തും ശബരിമല, ഇലക്ഷൻ ഡ്യൂട്ടി സംബന്ധിച്ച കുടിശ്ശിക ബാദ്ധ്യത തീർക്കുന്നതിനും സാമ്പത്തിക വർഷാവസാനംവരെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.145 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

**സ്വീകരിച്ച നടപടി**

20-2-2023-ലെ ബി2-55671/2022/പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രകാരം 1,53,00,000 രൂപ ആവശ്യപ്പെട്ടിരുന്നു. അധികതുക അനുവദിച്ചിരുന്നില്ല.

**ശിപാർശ**

2055-00-104-98—ഇൻഡ്യൻ റിസർവ് ബറ്റാലിയൻ

05—ഓഫീസ് ചെലവുകൾ-4 മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.ആർ. ബറ്റാലിയനിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 23.33 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

**സ്വീകരിച്ച നടപടി**

19-12-2022-ലെ ബി2/55678/2022/പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രകാരം 9,50,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. G. O. (Rt.)No. 846/2023/Fin. തീയതി 3-2-2023 പ്രകാരം 3,00,000 രൂപ അനുവദിച്ചിരുന്നു.

**ശിപാർശ**

2055-00-104-98—ഇൻഡ്യൻ റിസർവ് ബറ്റാലിയൻ

17—ചെറുകിട മരാമത്തുപണികൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.ആർ. ബറ്റാലിയന്റെ മരാമത്തുപണികൾ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 36.00 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുകയുടെ അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

**ശിപാർശ**

2055-00-104-98—ഇൻഡ്യൻ റിസർവ് ബറ്റാലിയൻ

18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.ആർ. ബറ്റാലിയനിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 2.6759 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുകയുടെ അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

**ശിപാർശ**

2055-00-104-98—ഇൻഡ്യൻ റിസർവ് ബറ്റാലിയൻ

45—പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ. ആർ. ബറ്റാലിയന്റെ വാഹനങ്ങളുടെയും മാവോയിസ്റ്റ് വേട്ടയ്ക്ക് നിയോഗിച്ചിട്ടുള്ള തണ്ടർബോൾട്ട് കമാന്റോകളുടെ വാഹനങ്ങളുടെയും ഇന്ധനചെലവ് വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 67.57 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

**സ്വീകരിച്ച നടപടി**

17-11-2022-ലെ B2-55687/2022/PHQ കത്ത് പ്രകാരം 27,00,000 രൂപ ആവശ്യപ്പെട്ടു. G. O. (Rt.)No.8286/2022/Fin. Dated 7-12-2022 പ്രകാരം 15 ലക്ഷം രൂപ അധിക തുകയായി അനുവദിച്ചിട്ടുള്ളതാണ്. വീണ്ടും 27-3-2023-ലെ B2-55687/2022/PHQ പ്രകാരം ധനപുനർവിനിയോഗം മുഖാന്തരം 2,46,000 രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ സാമ്പത്തിക വർഷം അവസാനം നൽകിയ പ്രൊപ്പോസൽ പരിഗണിച്ചില്ല.

**ശിപാർശ**

2055-00-107-99—സംസ്ഥാന വ്യവസായ സുരക്ഷ സേന

17—ചെറുകിട മരാമത്തുപണികൾ

ബഡ്ജറ്റ് വിഹിതം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.ഐ.എസ്.എഫ്. ഓഫീസിലെ മരാമത്തുപണികൾ നടത്തുന്നതിനായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.49 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-107-99—<u>സംസ്ഥാന വ്യവസായ സുരക്ഷ സേന</u>

18—<u>സംരക്ഷണം</u>

സംരക്ഷണം എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് എസ്.ഐ.എസ്.എഫ്. ഓഫീസ് അറ്റകുറ്റപണികൾ നടത്തുന്നതിനായി ഈ ഇനത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 89)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-108-99—<u>വിക്ടിം കോമ്പൻസേഷൻ ഫണ്ട്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയുള്ള നഷ്ടപരിഹാരതുക നൽകുന്നതിനായി വകയിരുത്തിയ വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 90)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-108-98—സെൻട്രൽ വിക്ടിം കോമ്പൻസേഷൻ ഫണ്ട് സ്കീം
(ഇന്ത്യാ ഗവൺമെന്റിന്റെ ഒറ്റത്തവണ ഗ്രാന്റ്)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലെ ക്ലെയിം തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 91)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-109-99—ജില്ലാ സേന

04—യാത്രാ ചെലവുകൾ - 2 സ്ഥലംമാറ്റബത്ത

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ കുടിശ്ശിക തീർക്കുന്നതിനും സാമ്പത്തിക വർഷത്തെ ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 84.02 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 92)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കിതുക അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

**ശിപാർശ**

2055-00-109-99—ജില്ലാ സേന

05-1—വെള്ളക്കരം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പോലീസ് ഓഫീസുകളിലെയും പോലീസ് സ്റ്റേഷനുകളിലെയും വെള്ളക്കരം അടയ്ക്കുന്നതിനും കുടിശ്ശിക തീർക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.5120 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 93)

**സ്വീകരിച്ച നടപടി**

20-9-2022-ലെ B3-55541/2022/PHQ നമ്പർ കത്ത് പ്രകാരം 2,17,78,000 രൂപ ആവശ്യപ്പെട്ടു. G.O. (Rt.)No. 7801/2022/Fin Dated 17-11-2022 പ്രകാരം 72 ലക്ഷം രൂപ

അധിക തുകയായി അനുവദിച്ചിട്ടുള്ളതാണ്. വീണ്ടും 2-2-2023-ലെ B3-55541/2022/PHQ നമ്പർ കത്ത് പ്രകാരം 50,00,000 രൂപ അധിക തുകയായും 13-3-2023-ലെ B3-55541/2022/PHQ നമ്പർ കത്ത് പ്രകാരം ധനപുനർവിനിയോഗം വഴി 50,00,000 രൂപ ആവശ്യപ്പെട്ടു. എന്നാൽ പ്രൊപ്പോസൽ പരിഗണിച്ചില്ല.

**ശിപാർശ**

2055-00-109-99—ജില്ലാ സേന

05—ഓഫീസ് ചെലവുകൾ—4 മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും ഐ.പി.എസ്. ഓഫീസർമാരുടെ AIS അലവൻസ് നൽകുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.5927 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 94)

**സ്വീകരിച്ച നടപടി**

15-3-2023-ലെ B3-55544/2022/PHQ നമ്പർ കത്ത് പ്രകാരം 50,00,000 രൂപ ആവശ്യപ്പെട്ടു. എന്നാൽ പ്രൊപ്പോസൽ പരിഗണിച്ചില്ല.

**ശിപാർശ**

2055-00-109-99—ജില്ലാ സേന

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ ജില്ലാ പോലീസ് ഓഫീസുകളുടെയും പോലീസ് സ്റ്റേഷനുകളുടെയും കെട്ടിടങ്ങളുടെ വാടക, കരം, നികുതി എന്നിവ അടയ്ക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4.96 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 95)

**സ്വീകരിച്ച നടപടി**

26-11-2022-ലെ B3-55545/2022/PHQ നമ്പർ കത്ത് പ്രകാരം 2,00,00,000 രൂപ ആവശ്യപ്പെട്ടു. G. O. (Rt.) No. 227/2022/Fin. Dated 11-11-2022 പ്രകാരം 1 കോടി രൂപ അധിക തുകയായി അനുവദിച്ചിരുന്നു. വീണ്ടും 9-2-2023-ലെ B3-55545/2022/PHQ നമ്പർ കത്ത് പ്രകാരം 1,48,12,000 രൂപ അധിക തുക ആവശ്യപ്പെട്ടുവെങ്കിലും അനുവദിച്ചില്ല.

**ശിപാർശ**

2055-00-109-99—ജില്ലാ സേന

17—ചെറുകിട മരാമത്തുപണികൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെയും ജില്ലാ പോലീസ് ഓഫീസ് കെട്ടിടങ്ങളുടെയും മരാമത്തുപണികൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 42.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 96)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുകയുടെ അലോക്കേഷൻ പരിധി സാമ്പത്തിക വർഷം അവസാനമാണ് ഉയർത്തിയത്. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടിട്ടില്ല.

**ശിപാർശ**

2055-00-109-99—ജില്ലാ സേന

18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 97)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുകയുടെ അലോക്കേഷൻ പരിധി സാമ്പത്തിക വർഷം അവസാനമാണ് ഉയർത്തിയത്. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

**ശിപാർശ**

2055-00-109-99—<u>ജില്ലാ സേന</u>

19—<u>യന്ത്രോപകരണങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.5820 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 98)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുകയുടെ അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

**ശിപാർശ**

2055-00-109-99—<u>ജില്ലാ സേന</u>

21—<u>മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളിലെയും ജില്ലാ പോലീസ് ഓഫീസുകളിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.5516 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 99)

**സ്വീകരിച്ച നടപടി**

23-11-2022-ലെ B3-55549/2022/PHQ നമ്പർ കത്ത് പ്രകാരം 4,00,00,000 രൂപ ആവശ്യപ്പെട്ടു. G. O. (Rt.) No.8251/2022/Dated 5-12-2022 പ്രകാരം 1 കോടി രൂപ അധിക തുകയായി അനുവദിച്ചിട്ടുള്ളതാണ്. വീണ്ടും 6-1-2023-ലെ B3-55549/2022/ PHQ നമ്പർ കത്ത് പ്രകാരം 3 കോടി രൂപ അധിക തുക ആവശ്യപ്പെട്ടു. G. O. (Rt.) No. 1116/2022/Fin. Dated 15-2-2022 പ്രകാരം 2 കോടി രൂപ അധിക തുകയായി അനുവദിച്ചിരുന്നു. വീണ്ടും 18-3-2023 B3-55549/2022/PHQ നമ്പർ കത്ത് പ്രകാരം 50 ലക്ഷം രൂപ അധിക തുക ആവശ്യപ്പെട്ടു. എന്നാൽ സാമ്പത്തിക വർഷം അവസാനം നൽകിയ പ്രൊപ്പോസൽ പരിഗണിച്ചില്ല.

**ശിപാർശ**

2055-00-109-99—<u>ജില്ലാ സേന</u>

34-3—<u>മറ്റിനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തീർത്ഥാടന സമയത്തും മകരവിളക്ക് സമയത്തും സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്നവർക്ക് പ്രതിഫലം നൽകൽ, ഫീഡിംഗ് ചാർജ്ജ് എന്നിവയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.5279 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 100)

**സ്വീകരിച്ച നടപടി**

ശബരിമല മഹോത്സവവുമായി ബന്ധപ്പെട്ട് നിയമിച്ചിട്ടുള്ള സ്പെഷ്യൽ പോലീസ് ഓഫീസർമാർക്ക് Remuneration നൽകുന്നതിനായി G.O. (Rt.) No. 8052/22/Fin. dated 28-11-2022 പ്രകാരം 3,96,00,000 രൂപ അനുവദിച്ചു. കൂടാതെ G.O. (Rt.) No. 7789/22/Fin. dated 17-11-2022 പ്രകാരം Rs.50,00,000 രൂപ, G.O. (Rt.) No. 8940/22/Fin. dated 3-12-2022 പ്രകാരം 75,00,000 രൂപ, G.O. (Rt.) No. 8274/22/Fin. dated 6-12-2022 പ്രകാരം 50,00,000 രൂപ, G.O. (Rt.) No.2398/23/Fin. dated 24-3-23 പ്രകാരം 59,86,000 രൂപ എന്നിവ ശബരിമല മെസ് സബ്സിഡി അലവൻസ് നൽകുന്നതിനായി അധിക തുകയായി അനുവദിച്ചു.

8-12-2022 തീയതിയിലെ B3-55550/2022/PHQ നമ്പർ കത്ത് പ്രകാരം 34 OC എന്ന ശീർഷകത്തിൽ 50,00,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രൊപ്പോസൽ പരിഗണിച്ചില്ല.

**ശിപാർശ**

2055-00-109-99—<u>ജില്ലാ സേന</u>

45—<u>പി.ഒ.എൽ.</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളിലെയും ജില്ലാ പോലീസ് ഓഫീസുകളിലേയും വാഹനങ്ങളുടെ ഇന്ധന ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 40.4070 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 101)

**സ്വീകരിച്ച നടപടി**

2-10-2022-ലെ B3-55551/2022/PHQ നമ്പർ കത്ത് പ്രകാരം 33,34,39,000 രൂപ ആവശ്യപ്പെട്ടു. G. O. (Rt.) No. 8193/2022/Fin. Dated 2-12-2022 പ്രകാരം 10 കോടി രൂപ അധിക തുകയായി അനുവദിച്ചിരുന്നു. വീണ്ടും 14-2-2023-ലെ B3-55551/2022/PHQ നമ്പർ കത്ത് പ്രകാരം 2,35,00,000 രൂപ അധിക തുക ആവശ്യപ്പെട്ടു. G. O. (Rt.) No.1882/2023/Fin. Dated 14-3-2023 പ്രകാരം 5 കോടി രൂപ അധിക തുകയായി അനുവദിച്ചു. B3-55551/2022/PHQ നമ്പർ കത്ത് പ്രകാരം ധനപുനർവിനിയോഗം വഴി 2 കോടി രൂപ ആവശ്യപ്പെട്ടു. എന്നാൽ പ്രസ്തുത തുക അനുവദിച്ചില്ല.

**ശിപാർശ**

2055-00-109-99—ജില്ലാ സേന

77—മൃഗങ്ങൾക്കുള്ള ഭക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിലെ കുതിരകൾക്കും ഡോഗുകൾക്കും ഭക്ഷണത്തിനായി വലിയൊരു തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 102)

**സ്വീകരിച്ച നടപടി**

25-8-2022 തീയതിയിലെ B3-55553/22/PHQ നമ്പർ കത്ത് പ്രകാരം 77 Animal Feed എന്ന ശീർഷകത്തിൽ 1,53,00,000 രൂപ അധിക തുകയായി ആവശ്യപ്പെട്ടിരുന്നു. G. O. (Rt.) No. 6588/22/Fin. Dated 27-9-2022 പ്രകാരം 70,00,000 രൂപ അധിക തുകയായി അനുവദിച്ചു.

1-2-2023-ലെ B3-55553/2023/PHQ നമ്പർ കത്ത് പ്രകാരം 30,00,000 രൂപ ആവശ്യപ്പെട്ടു. 2-3-2023-ലെ G. O. (Rt.) No. 1551/2023/Fin. നമ്പർ ഉത്തരവ് പ്രകാരം 12,03,000 രൂപ അധിക തുകയായി അനുവദിച്ചു.

**ശിപാർശ**

2055-00-111-99—റെയിൽവേ പോലീസ്

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലെ ടി.എ. ഇനത്തിലുള്ള കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടി) നൽകേണ്ടതിനാൽ ഈ ശീർഷകത്തിൽ 4.6017 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 103)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

**ശിപാർശ**

2055-00-111-99—റെയിൽവേ പോലീസ്

17—ചെറുകിട മരാമത്തുപണികൾ

ചെറുകിട മരാമത്തുപണികൾ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് റെയിൽവേ പോലീസ് ഓഫീസുകളിലെ മരാമത്തു പണികൾക്കായി പ്രസ്തുത ഇനത്തിൽ 7.69 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 104)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-111-99—റെയിൽവേ പോലീസ്

18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം പരിശോധിച്ചതിൽ റെയിൽവേ പോലീസ് ഓഫീസുകളുടെ അറ്റകുറ്റപണികൾക്കായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു.

ആയതിനാൽ ഈ ശീർഷകത്തിൽ 18.27 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 105)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധിക തുക ആവശ്യം വന്നില്ല.

**ശിപാർശ**

2055-00-111-99—റെയിൽവേ പോലീസ്

34—ഓഫീസ് ചെലവുകൾ-3 മറ്റിനം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ആവശ്യങ്ങൾക്കുള്ള ദൈനംദിന ചെലവ് നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 4.02 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 106)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-112-99—കൊച്ചി തുറമുഖ പോലീസ്

17—ചെറുകിട മരാമത്തുപണികൾ

ചെറുകിട മരാമത്തുപണികൾ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് കൊച്ചി തുറമുഖ പോലീസ് ഓഫീസിലെ മരാമത്തു പണികൾക്കായി പ്രസ്തുത ഇനത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 107)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-112-99—<u>കൊച്ചി തുറമുഖ പോലീസ്</u>

18—<u>സംരക്ഷണം</u>

സംരക്ഷണം എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് കൊച്ചി തുറമുഖ പോലീസ് ഓഫീസിലെ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത ഇനത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 108)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധികതുക ആവശ്യം വരാത്തതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

**ശിപാർശ**

2055-00-112-98—<u>തീരദേശ പോലീസ് സ്റ്റേഷനുകൾ</u>

04—<u>യാത്രാ ചെലവുകൾ - 1 യാത്രാബത്ത</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവയുടെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 63.30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 109)

**സ്വീകരിച്ച നടപടി**

27-10-2022-ലെ B3/55558/2022/PHQ നമ്പർ കത്ത് പ്രകാരം 35,00,000 രൂപ ആവശ്യപ്പെട്ടു. G. O. (Rt.) No. 2490/2023/Fin. Dated 25-3-2023 പ്രകാരം 13,70,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2055-00-112-98—<u>തീരദേശ പോലീസ് സ്റ്റേഷനുകൾ</u>

17—<u>ചെറുകിട മരാമത്തുപണികൾ</u>

ചെറുകിട മരാമത്തുപണികൾ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെ മരാമത്തു പണികൾക്കായി പ്രസ്തുത

ഇനത്തിൽ 1.3824 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 110)

**സ്വീകരിച്ച നടപടി**

കോഴിക്കോട് സിറ്റിയിലെ ബേപ്പൂർ കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ പഴയ ചുറ്റുമതിൽ പുതുക്കിപ്പണിയുന്നതിനും, ഇന്റർലോക്ക് ചെയ്യുന്നതിനും, ഗേറ്റ് സ്ഥാപിക്കുന്നതിനും മറ്റുള്ള ജോലികൾ ചെയ്യുന്നതിനുമായി 26-8-2022 തീയതിയിലെ G. O. (Rt.) No.6052/2022/ Fin. നമ്പർ പ്രകാരം 15,15,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2055-00-112-98—തീരദേശ പോലീസ് സ്റ്റേഷനുകൾ

18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെ അറ്റകുറ്റപണികൾക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.88 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 111)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തിയതിനാൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-112-98—തീരദേശ പോലീസ് സ്റ്റേഷനുകൾ

19—യന്ത്രോപകരണങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെ 16 ഓപ്പറേഷണൽ ബോട്ടുകൾക്ക് ഓട്ടോമാറ്റിക്ക് ഐഡന്റിഫിക്കേഷൻ സിസ്റ്റം വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ

20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 112)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-112-98—<u>തീരദേശ പോലീസ് സ്റ്റേഷനുകൾ</u>

45—<u>പി.ഒ.എൽ.</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളുടെ ഇന്ധന ചെലവ് നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 4.1682 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 113)

**സ്വീകരിച്ച നടപടി**

27-10-2022-ലെ B3-55570/2022/PHQ നമ്പർ കത്ത് പ്രകാരം 55,38,000 രൂപ ആവശ്യപ്പെട്ടു. G. O. (Rt.) No.7845/2022/Fin dated 19-11-2022 പ്രകാരം 20 ലക്ഷം രൂപ അധികതുകയായി അനുവദിച്ചിരുന്നു. വീണ്ടും 14-12-2022-ലെ B3-55570/2022/PHQ നമ്പർ കത്ത് പ്രകാരം 36,00,000 രൂപ അധിക തുക ആവശ്യപ്പെട്ടു. G. O. (Rt.) No.127/2023/Fin. dated 7-1-2023 പ്രകാരം 10 ലക്ഷം രൂപ അധിക തുകയായി അനുവദിച്ചു. വീണ്ടും 15-3-2023 തീയതിയിലെ B3-55570/2022/PHQ നമ്പർ കത്ത് പ്രകാരം 20,00,000 രൂപ ആവശ്യപ്പെട്ടു എന്നാൽ പ്രസ്തുത തുക അനുവദിച്ചില്ല.

**ശിപാർശ**

2055-00-112-98—<u>തീരദേശ പോലീസ് സ്റ്റേഷനുകൾ</u>

97—<u>വാഹനങ്ങളുടെ വാടക</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റൽ സെക്യൂരിറ്റി എക്സർസൈസുകൾക്ക് ബോട്ട് വാടകയ്ക്ക് എടുത്ത

വകയിലുള്ള കുടിശ്ശിക തീർക്കുന്നതിന് ഈ ശീർഷകത്തിൽ 15.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 114)

**സ്വീകരിച്ച നടപടി**

2022-23 സാമ്പത്തിക വർഷം 8,55,353 രൂപ 8-2-2023-ലെ B3-49219/2022/PHQ കത്ത് പ്രകാരം പ്രൈവറ്റ് പാർട്ടികളിൽ നിന്നും ബോട്ട് വാടകയ്ക്ക് എടുത്തതിന്റെ കുടിശ്ശിക തീർപ്പാക്കുന്നതിനായി ആവശ്യപ്പെട്ടു. എന്നാൽ പ്രസ്തുത തുക അനുവദിച്ചില്ല.

**ശിപാർശ**

2055-00-113-98—<u>സ്പോർട്സ് ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന അത്‌ലറ്റിക് മീറ്റ്, All India Police Meet എന്നിവ നടത്തുന്നതിനും സ്പോർട്സ് കിറ്റ്, കായിക താരങ്ങൾക്കുള്ള സഹായധനം, ക്യാഷ് അവാർഡുകൾ, മറ്റ് അപ്രതീക്ഷിത ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.9790 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 115)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

**ശിപാർശ**

2055-00-114-99—<u>വയർലെസ് യൂണിറ്റ്</u>

04-1—<u>യാത്രാ ചെലവുകൾ - യാത്രാബത്ത</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻ വർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കുന്നതിനായി

ഈ ശീർഷകത്തിൽ 1.2530 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 116)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

**ശിപാർശ**

2055-00-114-99—വയർലെസ് യൂണിറ്റ്

05-03—ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിലെ എല്ലാ യൂണിറ്റുകളിലെയും BSNL leased circuit ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ഇനത്തിൽ 11.67 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 117)

**സ്വീകരിച്ച നടപടി**

28-12-2022-ലെ ബി2-55710/2022/PHQ കത്ത് അനുസരിച്ച് 92,46,000 രൂപ ANPR Surveillance Camera System, BSNL Leased Circuit Line എന്നിവയ്ക്കായി ആവശ്യപ്പെട്ടു. എന്നാൽ ഇതു സംബന്ധിച്ച ഭരണാനുമതി ലഭ്യമാക്കാത്തതിനാൽ തുക അനുവദിച്ചില്ല.

**ശിപാർശ**

2055-00-114-99—വയർലെസ് യൂണിറ്റ്

17 —ചെറുകിട മരാമത്തുപണികൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റുകളിലെ മരാമത്തുപണികൾക്കായി

ഈ ശീർഷകത്തിൽ 15.79 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 118)

**സ്വീകരിച്ച നടപടി**

G. O. (Rt.) No. 7989/2022/Fin. Dated 24-11-2022 പ്രകാരം തൃശ്ശൂർ ജില്ലയിലെ DMR Tier III Project-ന് ഇലക്ട്രിസിറ്റി കണക്ഷൻ നൽകുന്നതിനായി 4,16,000 രൂപ അധിക തുകയായി അനുവദിച്ചു.

**ശിപാർശ**

2055-00-114-99—<u>വയർലെസ് യൂണിറ്റ്</u>

18—<u>സംരക്ഷണം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 37.30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 119)

**സ്വീകരിച്ച നടപടി**

30-4-2022-ലെ B2-55713/2022/PHQ നമ്പർ കത്ത് പ്രകാരം 13,58,800 രൂപ ആവശ്യപ്പെട്ടു. G. O. (Rt.) No.4785/2022/Fin. Dated 30-6-2022 പ്രകാരം 12,38,000 രൂപ അധികതുകയായി അനുവദിച്ചു. വീണ്ടും 18-7-2022-ലെ B2-55713/2022/ PHQ പ്രകാരം 1,25,300 രൂപ ആവശ്യപ്പെട്ടു. എന്നാൽ പ്രസ്തുത തുക അനുവദിച്ചില്ല.

**ശിപാർശ**

2055-00-114-98 —<u>കംപ്യൂട്ടർ സെന്റർ</u>

05—<u>ഓഫീസ് ചെലവുകൾ- 4 മറ്റിനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും, ഐ.പി.എസ്. ഓഫീസർമാരുടെ AIS അലവൻസ് നൽകുന്നതിനും

ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 27.91 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 120)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിലെ ബാക്കി തുക അലോക്കേഷൻ പരിധി ഉയർത്താത്തതിനാൽ ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

**ശിപാർശ**

2055-00-114-98 —കംപ്യൂട്ടർ സെന്റർ

17—ചെറുകിട മരാമത്തു പണികൾ

ചെറുകിട മരാമത്തു പണികൾ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് എസ്.സി.ആർ.ബി യൂണിറ്റുകളുടെ മരാമത്തു പണികൾ നടത്തുന്നതിനായി പ്രസ്തുത ഇനത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 121)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-114-98 —കംപ്യൂട്ടർ സെന്റർ

18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.സി.ആർ.ബി. യൂണിറ്റുകളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 5.70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 122)

**സ്വീകരിച്ച നടപടി**

17-3-2023-ലെ B2-55728/2022/PHQ പ്രകാരം 1,06,760 രൂപ അധിക തുക ആവശ്യപ്പെട്ടു എന്നാൽ തുക അനുവദിച്ചില്ല.

**ശിപാർശ**

2055-00-116-99—ഫോറൻസിക് സയൻസ്

17—ചെറുകിട മരാമത്തുപണികൾ

ചെറുകിട മരാമത്തുപണികൾ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ മരാമത്തു പണികൾക്കായി പ്രസ്തുത ഇനത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 123)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-116-99—ഫോറൻസിക് സയൻസ്

18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 17.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 124)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-117-96—കേരള ആന്റി ടെറർ സ്ക്വാഡ്

17—ചെറുകിട മരാമത്തുപണികൾ

ചെറുകിട മരാമത്തുപണികൾ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് കേരള ആന്റി ടെറർ സ്ക്വാഡ് യൂണിറ്റുകളിലെ മരാമത്തു പണികൾക്കായി

പ്രസ്തുത ഇനത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 125)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2055-00-117-96—കേരള ആന്റി ടെറർ സ്ക്വാഡ്

18—സംരക്ഷണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ആന്റി ടെറർ സ്ക്വാഡ് യൂണിറ്റിലെ വാഹനങ്ങളുടെ ഇന്ധന ചെലവ് നിർവ്വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 29.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 126)

**സ്വീകരിച്ച നടപടി**

29-7-2022-ലെ B2-55758/2022/PHQ നമ്പർ കത്ത് പ്രകാരം 50,000 രൂപ ആവശ്യപ്പെട്ടു. G. O. (Rt.)No.7964/2022/Fin. dated 24-11-2022 പ്രകാരം 70,000 രൂപ അധികതുകയായി അനുവദിച്ചു.

**ശിപാർശ**

2055-00-117-96—കേരള ആന്റി ടെറർ സ്ക്വാഡ്

45—പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ആന്റി ടെറർ സ്ക്വാഡ് യൂണിറ്റിലെ വാഹനങ്ങളുടെ ഇന്ധന ചെലവ് നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 35.65 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നം. 127)

**സ്വീകരിച്ച നടപടി**

G. O. (Rt.) No.6213/2022/Fin. Dated 3-9-2022, G. O. (Rt.) No.7841/2022/Fin. Dated 19-11-2022, G. O. (Rt.)No.1519/2023/Fin. Dated 1-3-2023 എന്നീ ഉത്തരവുകൾ പ്രകാരം ഈ ശീർഷകത്തിൽ ആകെ 25 ലക്ഷം രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

4055-00-207-92—പോലീസ് വകുപ്പ് നവീകരിക്കുന്നതിന്

14—മറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 164.4801 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2210-06-107-97—രാസപദാർത്ഥ പരിശോധനശാല

19—യന്ത്രോപകരണങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മയക്കുമരുന്ന് കേസ്സുകൾ കൈകാര്യം ചെയ്യുന്ന എറണാകുളം ലബോറട്ടറിയിലെ പ്രവർത്തനരഹിതമായ GCMS മാറ്റി പുതിയത് വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 176)

**സ്വീകരിച്ച നടപടി**

3-11-2022-ലെ സ.ഉ. (സാധാ.) നം.3063/2022/ആഭ്യന്തരം പ്രകാരം ഭരണാനുമതിയും 28-3-2023-ലെ സ.ഉ. (സാധാ.) നം. 2696/2023/ധന പ്രകാരം സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജി.സി.എം.എസ്. എന്ന അനലിറ്റിക്കൽ ഉപകരണം വാങ്ങുന്നതിനുള്ള നടപടികൾ GeM പോർട്ടൽ മുഖേന സ്വീകരിക്കുകയും ബിഡ്ഡിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത കമ്പനിക്ക് പർച്ചേസ് ഓർഡർ നൽകുകയും ചെയ്തു. (L1-79,53,436 രൂപ) പ്രസ്തുത കമ്പനി എറണാകുളം റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ 20-3-2023-ന് ജി.സി.എം.എസ്. എന്ന അനലിറ്റിക്കൽ ഉപകരണം സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉപകരണത്തിന്റെ വിലയായ 79,53,436 രൂപ 28-3-2023-ലെ സ.ഉ.(സാധാ)നം. 2696/2023/ധനം പ്രകാരം 2210-06-107-97-00-19-00-P-V എന്ന ശീർഷകത്തിൽ അധികമായ അനുവദിച്ചുനൽകിയ 80 ലക്ഷം രൂപയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

ആഭ്യന്തര (ഇ) വകുപ്പിൽ നിന്നും 11-1-2024-ലെ ഇ 4/387/2022/ആഭ്യന്തരം കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 53-128, 176 എന്നീ ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ സമിതിയുടെ 6-3-2024-ലെ യോഗം പരിഗണിക്കുകയും കാലതാമസപത്രിക 30-1-2024-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 1-3, 6-8, 10-15, 39, 50-52, 129-165, 170-175, 177-191 എന്നിവയിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ 21-2-2023, 10-8-2023 തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശകളുടെയും ഗവൺമെന്റ് ലഭ്യമാക്കിയ മറുപടികളുടെയും വിശദാംശം 12-9-2023-ന് സഭയിൽ സമർപ്പിച്ച സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പിണറായി വിജയൻ**

തിരുവനന്തപുരം, *അദ്ധ്യക്ഷൻ,*
2024, ജൂൺ 24. *സബ്ജക്ട് കമ്മിറ്റി XIV.*

## അനുബന്ധം

# 10-8-2023-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2023 ആഗസ്റ്റ് 10-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4.45-ന് സഭാസമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ '5ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാവായ ബഹു. വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. ടി. പി. രാമകൃഷ്ണൻ
4. ശ്രീ. തോമസ് കെ. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഹരീന്ദ്രൻ കെ. അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ബിശ്വനാഥ് സിൻഹ, അഡീഷണൽ ചീഫ് സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
2. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
3. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. സാജു ജോർജ്ജ്, സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
5. ശ്രീ. സജീവ് ഇ. പി., സ്പെഷ്യൽ സെക്രട്ടറി, പാർലമെന്ററി അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്
6. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്

7. ശ്രീ. ഷിബു എ., അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്

8. ശ്രീ. ഷൈൻ എ. ഹക്ക്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

9. ശ്രീ. കെ. സുനിൽ കുമാർ, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് (റീബിൽഡ് കേരള ഇനിഷ്യേറ്റീവ്)

10. ശ്രീമതി മിനിമോൾ റ്റി., അഡീഷണൽ സെക്രട്ടറി, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ

11. ശ്രീമതി ഹെലീന തോമസ് വി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

12. ശ്രീമതി ഉഷാ എ. ആർ. അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

13. ശ്രീ. കെ. പത്മകുമാർ, ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യൂ സർവ്വീസസ്

14. ശ്രീ. ബൽറാം കുമാർ ഉപാദ്ധ്യായ, ഡയറക്ടർ ജനറൽ, കേരള പ്രിസൺസ് ആൻഡ് കറക്ഷണൽ സർവ്വീസസ്

15. ശ്രീമതി ഹർഷിത അട്ടല്ലൂരി, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ

16. ഡോ. ബിവീഷ് യു. സി., ഡയറക്ടർ ജനറൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

17. ശ്രീ. ഷിബു എ. റ്റി., ഡയറക്ടർ, പ്രിന്റിംഗ് വകുപ്പ്

18. ശ്രീമതി പ്രിയങ്ക ജി., ഡയറക്ടർ, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാലേ്വഷൻ ആൻഡ് മോണിറ്ററിംഗ്, കേരള

19. ശ്രീ. കെ. എം. അയ്യപ്പൻ, ഡെപ്യൂട്ടി ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

20. ശ്രീ. കെ. അബ്ദുൽ റഷീദ്, അഡീഷണൽ ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

21. ശ്രീമതി ഉമാദേവി എസ്., ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്

22. ശ്രീമതി ബീന പി. എസ്., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

23. ശ്രീ. എൻ. വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

24. ശ്രീ. പ്രമോദ് വി. ആർ., ജോയിന്റ് സെക്രട്ടറി, സ്റ്റോർസ് പർച്ചേസ് വകുപ്പ്

25. ശ്രീ. അനിൽ കുമാർ ജി., അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

26. ശ്രീ. ഉദയകുമാർ എസ്. ആർ., ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.

27. ശ്രീ. രാജീവൻ എ. പി., ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

28. ശ്രീമതി ബിന്ദു സി. വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി, സയൻസ് & ടെക്നോളജി വകുപ്പ്

29. ശ്രീമതി പ്രീജ എ. പി., ജോയിന്റ് സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

30. ശ്രീ. ജി. എസ്. രജത്ത്, ജോയിന്റ് ഡയറക്ടർ, PIE &MD.

31. ശ്രീമതി മേരി മാർഗരറ്റ് പ്രകാസ്യ, കൺട്രോളർ ഓഫ് സ്റ്റേഷനറി, സ്റ്റേഷനറി വകുപ്പ്.

32. ശ്രീ. ജയകുമാർ ബി., രജിസ്ട്രാർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസ പത്രികകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ള കാലതാമസ പത്രികകൾ, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.-കൾ, കരട് റിപ്പോർട്ടുകൾ, 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## I. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെയും കാലതാമസ പത്രികകളുടെയും കാലതാമസപത്രികളുടെയും പരിഗണന

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച താഴെപ്പറയുന്ന നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1775/സബ്.സി.ഡി2/2020/നി.സെ.)

<u>സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്</u>

ഖണ്ഡിക നമ്പർ 159-165 (കാലതാമസ പത്രിക സഹിതം) (സർക്കാർ കത്ത് നമ്പർ എസ്.പി.ഡി-സി3/110/2022-എസ്.പി.ഡി.) തീയതി 31-3-2023)

2. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 12066/സബ്.സി.ഡി2/2021/നി.സെ.)

<u>ശാസ്ത്രസാങ്കേതിക (എ) വകുപ്പ്</u>

ഖണ്ഡിക നമ്പർ 150-152 (കാലതാമസ പത്രിക സഹിതം)

(സർക്കാർ കത്ത് നമ്പർ എ2/129/2021-എസ്സ് & റ്റി.ഡി. തീയതി 4-5-2023)

<u>സ്റ്റോർസ് പർച്ചേസ് (സി)വകുപ്പ്</u> (കാലതാമസ പത്രിക സഹിതം)

ഖണ്ഡിക നമ്പർ 130,147 (സ്റ്റേഷനറി വകുപ്പ്)

ഖണ്ഡിക നമ്പർ 131,132,146 (അച്ചടി വകുപ്പ്)

(സർക്കാർ കത്ത് നമ്പർ എസ്.പി.ഡി.സി3/57/2022/എസ്.പി.ഡി., തീയതി 22-7-2023)

3. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്(ഫയൽ നമ്പർ 11793/സബ്.സി.ഡി2/2022/നി.സെ.)

<u>പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്</u>

ഖണ്ഡിക നമ്പർ 8

(സർക്കാർ കത്ത് നമ്പർ 116/പൊളി4/2022/പൊഭവ. തീയതി 27-1-2023)

<u>വിജിലൻസ് (സി) വകുപ്പ്</u>

ഖണ്ഡിക നമ്പർ 129-148

(സർക്കാർ കത്ത് നമ്പർ സി3/294/22-വിജി. തീയതി 31-3-2023)

ശാസ്ത്രസാങ്കേതിക (എ) വകുപ്പ്

ഖണ്ഡിക നമ്പർ 174, 175
(സർക്കാർ കത്ത് നമ്പർ എ2/76/2022/എസ്സ് & റ്റി.ഡി. തീയതി 12-4-2023)

പൊതുഭരണ (സ്പെഷ്യൽ ഇ) വകുപ്പ്

ഖണ്ഡിക നമ്പർ 2
(സർക്കാർ കത്ത് നമ്പർ 51/സ്പെ.ഇ1/2023/പൊഭവ.തീയതി 24-4-2023)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്

ഖണ്ഡിക നമ്പർ 177-183
(സർക്കാർ കത്ത് നമ്പർ ബി2/17/2022/ഐ &പി.ആർ. തീയതി 20-4-2023)

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ11) വകുപ്പ്

ഖണ്ഡിക നമ്പർ 7
(സർക്കാർ കത്ത് നമ്പർ എ.ആർ11-1/3/2023/ഉഭപവ. തീയതി 9-5-2023)

പാർലമെന്ററികാര്യ (എ) വകുപ്പ്

ഖണ്ഡിക നമ്പർ 6
(സർക്കാർ കത്ത് നമ്പർ PAD-A2/26/2022-PAD, തീയതി 9-5-2023)

ആസൂത്രണസാമ്പത്തികകാര്യ (ഡി) വകുപ്പ്

ഖണ്ഡിക നമ്പർ 186
(സർക്കാർ കത്ത് നമ്പർ ഡി1/157/2022/ആസാവ. തീയതി 16-5-2023)

തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്

ഖണ്ഡിക നമ്പർ 50, 52
(സർക്കാർ കത്ത് നമ്പർ ഇ.എം2/27/2022/തസ്വഭവ. തീയതി 15.05.2023)

ആഭ്യന്തര (ബി) വകുപ്പ്

ഖണ്ഡിക നമ്പർ 149-158
(സർക്കാർ കത്ത് നമ്പർ ബി2/182/2022/ആഭ്യന്തരം തീയതി 26-5-2023)

ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്

ഖണ്ഡിക നമ്പർ 12-14
(സർക്കാർ കത്ത് നമ്പർ ഡി2/70/2022-പ്ലാനിംഗ്, തീയതി 9-6-2023)

ഉദ്യോഗസ്ഥഭരണ പരിഷ്കാര (എ.ആർ.13)വകുപ്പ്

ഖണ്ഡിക നമ്പർ 161

(സർക്കാർ കത്ത് നമ്പർ എ.ആർ.13(1)/23/2022/ഉഭപവ. തീയതി 29-5-2023)

ആസൂത്രണസാമ്പത്തികകാര്യ(ആർ.കെ.ഐ)വകുപ്പ്

ഖണ്ഡിക നമ്പർ 184,185

(സർക്കാർ കത്ത് നമ്പർ ആർ.കെ.ഐ3/16/2022/ആസാവ., തീയതി 20-6-2023)

സ്റ്റോർസ് പർച്ചേസ് (സി)വകുപ്പ്

ഖണ്ഡിക നമ്പർ 160, 171 (അച്ചടി വകുപ്പ്)

ഖണ്ഡിക നമ്പർ 159, 172 (സ്റ്റേഷനറി വകുപ്പ്)

(സർക്കാർ കത്ത് നമ്പർ എസ്.പി.ഡി.സി3/248/2022/എസ്.പി.ഡി., തീയതി 23-6-2023)

പദ്ധതിനിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്

ഖണ്ഡിക നമ്പർ 10, 15

(സർക്കാർ കത്ത് നമ്പർ PIEM1/128/2022/PIEMD, തീയതി 26-6-2023)

പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ്

ഖണ്ഡിക നമ്പർ 1,3

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യൂ2/47/2023/GAD, തീയതി 30-6-2023)

ഉദ്യോഗസ്ഥഭരണ പരിഷ്കാര (എ.ആർ.12)വകുപ്പ്

ഖണ്ഡിക നമ്പർ 39,173

(സർക്കാർ കത്ത് നമ്പർ എ.ആർ.12-2/53/2022/ഉഭപവ., തീയതി 1-7-2023)

ആഭ്യന്തര (എഫ്)വകുപ്പ്

ഖണ്ഡിക നമ്പർ 162-165

(സർക്കാർ കത്ത് നമ്പർ എഫ് 2/200/2022/ആഭ്യന്തരം, തീയതി 21-7-2023)

ഉദ്യോഗസ്ഥഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ)വകുപ്പ്

ഖണ്ഡിക നമ്പർ 170

(സർക്കാർ കത്ത് നമ്പർ ഒ.എൽ.1/21/2022/പി&എ.ആർ.ഡി., തീയതി 27-7-2023)

ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ ( എ ) വകുപ്പ്

ഖണ്ഡിക നമ്പർ 187-191

(സർക്കാർ കത്ത് നമ്പർ ഐ.ടി.എ1/184/2022/ഐ.ടി.ഡി., തീയതി 29-7-2023)

## II. കരട് റിപ്പോർട്ടുകളുടെ പരിഗണന

1. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് (ഫയൽ. നം. 12027/സബ്സിഡി2/2023/നി.സെ.)

2. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(ഫയൽ. നം. 11793/സബ്സിഡി2/2022/നി.സെ.)

മേൽ കരട് റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

## III വാർഷികപ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ള കാലതാമസപത്രികകളുടെ പരിഗണന

ചുവടെ ചേർത്തിരിക്കുന്ന സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഭജനത്തിന്റെ ചെലവിന്മേലുള്ള വാർഷികപ്രവർത്തന റിപ്പോർട്ടിനോടൊപ്പം വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സാമ്പത്തിക വർഷം (2020-21)

(ഫയൽ നം. 1601/സബ്.സി.ഡി2/21/നി.സെ.)

ആഭ്യന്തര (സി) വകുപ്പ് (ജുഡീഷ്യറി)

(സർക്കാർ കത്ത് നമ്പർ സി3/67/2021/ആഭ്യന്തരം, തീയതി 27-3-2023)

പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 133/പൊളി4/2023/പൊഭവ., തീയതി 5-7-2023)

സാമ്പത്തിക വർഷം (2021-22)

(ഫയൽ നം. 580/സബ്.സി.ഡി2/2022/നി.സെ.)

ശാസ്ത്രസാങ്കേതിക (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ എ2/22/2022/എസ്സ് & റ്റി.ഡി., തീയതി 27-3-2023)

ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ (എ) വകുപ്പ് (ടെക്നോപാർക്ക്)
(സർക്കാർ കത്ത് നമ്പർ ഇ & ഐ.ടി.എ2/136/22/ഐടിഡി., തീയതി 18-3-2023)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.12) വകുപ്പ്

(കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ)
(സർക്കാർ കത്ത് നം. എ.ആർ.12-2/18/2022/ഉഭപവ., തീയതി 19-6-2023)

പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്

(സർക്കാർ കത്ത് നം. 68/പൊളി4/2023പൊഭവ. തീയതി 5-7-2023)

## IV. കരട് ചട്ടങ്ങളുടെ പരിഗണന

### 1. The Kerala Service (......... Amendment) Rules, 2023

**(കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I-ൽ, ചട്ടം 33A(i), (ii), (iii) എന്നിവ കൂട്ടിച്ചേർക്കുന്നത് സംബന്ധിച്ച് )**

(സർക്കാർ കത്ത് നം. റൂൾസ് എ1/91/2017 ധന. (ഇ-632863), തീയതി 17.01.2023)

(ഫയൽ നം. 1179/സബ്.സി.ഡി2/2023/നി.സെ.)

സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായ ജീവനക്കാർക്ക് സ.ഉ. (അ) നം.70/2019/ധന., തീയതി, 20-6-2019 പ്രകാരം ഇൻക്രിമെന്റ് അനുവദിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ കേരള സർവ്വീസ് ചട്ടം ഭാഗം 1-ൽ ചട്ടം 33A(i),(ii),(iii) എന്നിവ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തുന്നത് സംബന്ധിച്ച കരട് ചട്ടം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### 2. The Kerala Stationery Service (........Amendment) Rules, 2022

(സർക്കാർ കത്ത് നം. എസ്.പി.ഡി.സി2/148/2022- എസ്.പി.ഡി., തീയതി 12-1-2023.) (ഫയൽ നം. 1646/സബ്.സി.ഡി2/2023/നി.സെ.)

ചട്ടത്തിന്റെ പേര് 'The Kerala Stationery Service (Amendment) Special Rules, 2023' എന്നാക്കി മാറ്റണമെന്ന നിർദ്ദേശത്തോടുകൂടി പ്രസ്തുത കരട് ചട്ടം സമിതി അംഗീകരിച്ചു.

### 3. The Kerala Service (......... Amendment) Rules, 2023

**(കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I, ചട്ടം 104-ന് ശേഷം 104A കൂടി ചേർക്കുന്നത് സംബന്ധിച്ച് )**

[(സർക്കാർ കത്ത് നം. റൂൾസ്.ബി1/22/2022-ധന. (ഇ-2055170), തീയതി 15-3-2023)]
(ഫയൽ നം. 4499/സബ്.സി.ഡി2/2023/നി.സെ.)

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ഗുരുതരമായി പരിക്കുപറ്റി ചികിത്സയിൽ കഴിയുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ

ബന്ധപ്പെട്ട ചട്ടങ്ങളിൽ ഇളവ് വരുത്തി പ്രസ്തുത കാലയളവിൽ മൊത്തം ശമ്പളവും ലഭിക്കത്തക്കവിധത്തിൽ അവധി അനുവദിച്ചുകൊണ്ട് 16-4-2015-ലെ സ.ഉ.(കൈ)നം.72/2015/ ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന് വിധേയമായി കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I -ലെ ചട്ടം 104ന്റെ ചുവടെ 104A ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് ഭേദഗതി ചട്ടം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**4. The Kerala Service (......... Amendment) Rules, 2023**

**(കെ.എസ്.ആർ. ഭാഗം III, ചട്ടം 135, 136, 138 എന്നിവയിലെ ഭേദഗതി)**

(സർക്കാർ കത്ത് നം. 2203076/പെൻ-ബി4/34/2022-ധന,

തീയതി 21-3-2023)

(ഫയൽ നം. 4793/സബ്.സി.ഡി2/2023/നി.സെ.)

കെ.എസ്.ആർ. ഭാഗം III-ലെ ചട്ടം 135, 136 എന്നിവയിൽ കുടുംബപെൻഷനെയും കംപാഷ്യണേറ്റ് അലവൻസിനെയും ഉൾപ്പെടുത്തിക്കൊണ്ടും ചട്ടം 136-ലെ തന്നെ തുകയുടെ പരിധി വർദ്ധിപ്പിച്ചു കൊണ്ടും കൂടാതെ ചട്ടം 135-ൽ കുടുംബപെൻഷൻ ഉൾപ്പെടുത്തിയതിനനുസൃതമായി 138-ാം നമ്പർ ചട്ടത്തിന്റെ തലക്കെട്ടിൽ ഭേദഗതി വരുത്തിയും ലഭ്യമാക്കിയിട്ടുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**5. The Kerala Service (......... Amendment) Rules, 2022**

**(കെ.എസ്.ആർ. ഭാഗം III, ചട്ടം 65, 68, 90 എന്നിവയിലെ ഭേദഗതി)**
(സർക്കാർ കത്ത് നം. 1880276/പെൻ-ബി4/46/2021-ധന., തീയതി 27-4-2023)
(ഫയൽ നം. 7078/സബ്.സി.ഡി2/23/നി.സെ.)

സർക്കാർ ജീവനക്കാരുടെ ശമ്പള സ്കെയിൽ പരിഷ്കരിച്ചതിനനുസൃതമായി പെൻഷൻകാരുടെ പെൻഷനും മറ്റ് അനുബന്ധ ആനുകൂല്യങ്ങളും 2019 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷനിലും ഫാമിലി പെൻഷനിലും വരുത്തിയ വർദ്ധനവിനും, കുടുംബപെൻഷനുള്ള വരുമാനപരിധി വർദ്ധിപ്പിച്ചതിനനുസൃതമായും ചട്ടം 65-ലും, ചട്ടം 90-ലും ശമ്പളത്തിന്റെ 15 ഇരട്ടിയായിരുന്ന ഡി.സി.ആർ.ജി.-യുടെ പരിധി 16½ മടങ്ങായും വർദ്ധിപ്പിച്ചതനുസരിച്ച് ഗ്രാറ്റുവിറ്റിയുടെ പരിധി 17 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിനനുസൃതമായി ചട്ടം 68-ലും ഭേദഗതി വരുത്തിക്കൊണ്ടുള്ളതാണ് കരട് ചട്ടം.

പ്രസ്തുത കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിനൊപ്പമുള്ള വർഷം 2022 എന്ന് ചേർത്തിട്ടുള്ളത് 2023 എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

## 6. The Kerala State Legal Advisers and Public Prosecutors (Vigilance and Anti - Corruption Bureau) Service, Special Rules, 2023)

(സർക്കാർ കത്ത് നം. സി1/298/2019-വിജി, തീയതി 24-4-2023.)
(ഫയൽ നം. 8041/സബ്.സി.ഡി2/23/നി.സെ.)

വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികയിലേക്കുള്ള നിയമനം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ടും വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയിലെ ഓരോ റേഞ്ചിലും ഒന്ന് വച്ച് നാല് പുതിയ ലീഗൽ അഡ്വൈസർ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും നിലവിലുണ്ടായിരുന്ന എട്ട് അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികകളെ പബ്ലിക് പ്രോസിക്യൂട്ടർ എന്ന് നാമകരണം ചെയ്തുകൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ബ്യൂറോയിലെ നിയമവിഭാഗം ഉദ്യോഗസ്ഥർക്കുള്ള വിശേഷാൽ ചട്ടങ്ങൾക്ക് പകരം പുതിയ വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുവാൻ തീരുമാനിച്ചതായും അപ്രകാരം തയ്യാറാക്കിയ പുതിയ വിശേഷാൽ ചട്ടമാണ് സമിതി മുൻപാകെ അംഗീകാരത്തിനായി വകുപ്പ് ലഭ്യമാക്കിയിട്ടുള്ളത്.

പ്രസ്തുത കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതികൂടാതെ അംഗീകരിക്കുകയും ചെയ്തു.

## 7. The Kerala State and Subordinate Services (........ Amendment) Rules, 2023 (കെ.എസ്. & എസ്.എസ്.ആർ., പാർട്ട് II, ചട്ടം 38-നുള്ള ഭേദഗതി)

(സർക്കാർ കത്ത്നം. റൂൾസ്1/88/2021-ഉഭപവ., തീയതി 30-5-2023.)

(ഫയൽ നം. 9768/സബ്.സി.ഡി2/23/നി.സെ.)

സർക്കാർ ജീവനക്കാർക്ക് അർഹതയുള്ള അവകാശങ്ങൾ ഉപേക്ഷിക്കുന്നതിനുള്ള അവകാശം, നിയമന ഉത്തരവ് തീയതിക്കുമുമ്പ് വരെ മാത്രം അനുവദിക്കുന്നതിനും, നിയമന ഉത്തരവുകളുടെ തീയതിയിലോ അതിനുശേഷമോ അവകാശങ്ങൾ relinquish ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നത് ഒഴിവാക്കുന്നതിനും വേണ്ടിയുള്ള പ്രസ്തുത കരട് ചട്ടം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

8. **The Kerala State and Subordinate Services(..........Amendment) Rules, 2023 (കെ.എസ്.&എസ്.എസ്.ആർ. ഭാഗം I-ലെ ഷെഡ്യൂൾ - ലിസ്റ്റ് III ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്)**

(സർക്കാർ കത്ത് നം. റൂൾസ്1/80/2022-ഉഭപവ., തീയതി 04.07.2023.)

(ഫയൽ നം. 11699/സബ്.സി.ഡി2/23/നി.സെ.)

സംസ്ഥാന ഒ.ബി.സി. പട്ടികയിൽ 'കുമാര ക്ഷത്രിയ', കുരുക്കൾ/ഗുരുക്കൾ, ചെട്ടിയാർ, ഹിന്ദു ചെട്ടി, പപ്പട ചെട്ടി, പൂലുവ ഗൗണ്ടർ, വേട്ടുവ ഗൗണ്ടർ, പടയാച്ചി ഗൗണ്ടർ, കാവാലിയ ഗൗണ്ടർ എന്നീ സമുദായങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനനുസൃതമായുള്ള ഭേദഗതി ചട്ടം വകുപ്പ് ലഭ്യമാക്കിയത് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## V. സാധൂകരണത്തിനുള്ള ചട്ടം

താഴെപ്പറയുന്ന ചട്ടത്തിന് സമിതി സാധൂകരണം നൽകി.

1. 2023-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതിചട്ടങ്ങൾ (SRO No. 533/2023)

(സർക്കാർ കത്ത് നം. ബി1/350/2022/ആഭ്യന്തരം. തീയതി 05.06.2023.)

(ഫയൽ നം. 9892/സബ്.സി.ഡി2/23/നി.സെ.)

## VI. സമിതി പരിഗണിച്ച ബിൽ

2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ.

(ഫയൽ.നം.13851/സബ്.സി.ഡി2/23/നി.സെ.)

പ്രസ്തുത ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 5.00 മണിയ്ക്ക് അവസാനിച്ചു.

## 21-2-2024-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2024 ഫെബ്രുവരി 21-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ

അദ്ധ്യക്ഷതയിൽ ചേർന്ന പ്രസ്തുത യോഗത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാക്കളായ വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്, പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. മാത്യു ടി. തോമസ്
4. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
5. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
6. ശ്രീ. വി. ഡി. സതീശൻ (വീഡിയോ കോൺഫറൻസിംഗ് മുഖേന)
7. ശ്രീ. തോമസ് കെ. തോമസ് (വീഡിയോ കോൺഫറൻസിംഗ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പുനീത് കുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ്
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ് & (ഇൻ-ചാർജ്ജ്) ആഭ്യന്തര വകുപ്പ്
3. ശ്രീ. രബീന്ദ്ര കുമാർ അഗർവാൾ, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി ഇഷിത റോയ്, പ്രിൻസിപ്പൽ സെക്രട്ടറി (ഇൻ-ചാർജ്ജ്), ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
5. പ്രൊഫ. കെ. പി. സുധീർ, എക്സ്-ഒഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്രസാങ്കേതിക വകുപ്പ്
6. ഡോ. രത്തൻ യു. ഖേൽക്കർ, സെക്രട്ടറി, ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പ്

7. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്

8. ശ്രീ. സാജു എസ്. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷൻ

9. ശ്രീ. സാജു ജോർജ്ജ്, സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

10. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

11. ശ്രീ. സജീവ് ഇ. പി. സ്പെഷ്യൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്

12. ശ്രീമതി ഷൈനി ജോർജ്ജ്, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

13. ശ്രീ. ഹരികുമാർ ജി., അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

14. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

15. ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

16. ശ്രീ. രാജേഷ് കുമാർ എം, അഡീഷണൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പ്

17. ശ്രീ. എൻ. ജീവൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

18. ശ്രീമതി സിന്ധു എസ്., അഡീഷണൽ സെക്രട്ടറി, കേരളീയ പ്രവാസികാര്യ വകുപ്പ്

19. ശ്രീ. സുനിൽകുമാർ കെ., അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ (RKI) വകുപ്പ്

20. ഡോ. സന്തോഷ് ബാബു, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

21. ശ്രീമതി ദീപ ശിവദാസൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

22. ശ്രീമതി ബീന പി. എസ്., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

23. ശ്രീ. ഉദയകുമാർ എസ്. ആർ., ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

24. ശ്രീ. റ്റി. റ്റി. സുരേഷ്, ജോയിന്റ് സെക്രട്ടറി, സ്റ്റോർസ് പർച്ചേഴ്സ് വകുപ്പ്

25. ശ്രീമതി ബിന്ദു സി. വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി, ശാസ്ത്രസാങ്കേതിക വകുപ്പ്

26. ശ്രീ. ഫാത്തിംതായ് എസ്., ജോയിന്റ് സെക്രട്ടറി (ഫിനാൻസ് എക്സ്പേർട്ട്), കേരള സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷൻ

27. ഡോ. സുനിൽ. റ്റി. റ്റി. ഡയറക്ടർ, ICFOSS

28. ശ്രീ. സുഭാഷ് റ്റി. വി., ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

29. ശ്രീമതി അനു കുമാരി, ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ. ടി. മിഷൻ

30. ശ്രീ. കെ. പത്മകുമാർ, ഡയറക്ടർ ജനറൽ, കേരള ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് വകുപ്പ്

31. ഡോ. ബിവീഷ് യു. സി., ഡയറക്ടർ ജനറൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

32. ശ്രീ. ജനാർദ്ദനൻ കെ., ഡയറക്ടർ, അച്ചടി വകുപ്പ്

33. ശ്രീ. പി. ശ്രീകുമാർ, ഡയറക്ടർ. ആസൂത്രണ സാമ്പത്തികകാര്യ (BPE) വകുപ്പ്

34. ശ്രീ. വിഷ്ണുരാജ് പി., ഡയറക്ടർ, പദ്ധതിനിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് (PIEMD)

35. ഡോ. സജി ഗോപിനാഥ്, വൈസ് ചാൻസലർ, കേരള ഡിജിറ്റിൽ യൂണിവേഴ്സിറ്റി

36. ശ്രീമതി എം. ബി. ഉഷ, രജിസ്ട്രാർ (ഫിനാൻസ്), കേരള ഹൈക്കോടതി

37. ശ്രീ. ജയദേവ് ആനന്ദ് എ. കെ., രജിസ്ട്രാർ, സി-ഡിറ്റ്

38. ശ്രീ. സുരേഷ് കുമാർ കെ., സെക്രട്ടറി-രജിസ്ട്രാർ, കേരള ഐ.ടി.പാർക്ക്സ്

39. ശ്രീ. മുഹമ്മദ് ഷാഫി വി. എം., ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷൻ

40. ശ്രീ. മധുസൂദനൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

41. ശ്രീ. വിഷ്ണു വിജയൻ, ഡെപ്യൂട്ടി രജിസ്ട്രാർ, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി

42. ശ്രീമതി ജയന്തി എൽ., ചീഫ് ഫിനാൻഷ്യൽ ഓഫീസർ, കേരള ഐ. ടി. പാർക്ക്സ്

43. ശ്രീ. ജി. ലെവിൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്പെയ്സ് പാർക്ക്സ്

44. ശ്രീ. വി. രാമചന്ദ്രൻ പോറ്റി, മാനേജിംഗ് ഡയറക്ടർ, വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് (VIVID) കോർപ്പറേഷൻ ലിമിറ്റഡ്

45. ശ്രീ. അഭിലാഷ് വൈ. എൽ., ഇൻഫർമേഷൻ ഓഫീസർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

46. ശ്രീ ശ്യാംവി., ഡെപ്യൂട്ടിസെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

47. ശ്രീ. ശ്രീജയൻ ഭട്ടതിരി റ്റി., ഡെപ്യൂട്ടി സെക്രട്ടറി, കേരളീയ പ്രവാസികാര്യ വകുപ്പ്

48. ശ്രീ. കൃഷ്ണകുമാർ വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി ഉദ്യോഗസ്ഥഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

49. ശ്രീമതി മേരി മാർഗരറ്റ് പ്രകാസ്യ, കൺട്രോളർ ഓഫ് സ്റ്റേഷനറി, സ്റ്റേഷനറി വകുപ്പ്

50. ശ്രീമതി ജലജ കുമാരി എൽ., സീനിയർ ഫിനാൻസ് ഓഫീസർ, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ

51. ശ്രീ. പ്രദീപ് കുമാർ ആർ., ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ്

സമിതി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള II, III, XIV, XVII, XXIII, XXIV, XXVIII, XXXVII എന്നീ നമ്പർ ധനാഭ്യർത്ഥനകളിൽ സമിതിയുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ/കണക്കിനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ - II

## സംസ്ഥാനഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ

2013-00-101-99-01-4—<u>മന്ത്രിമാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

മന്ത്രിമാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ചെലവുകൾക്കായി 2024-25 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2013-00-104-99-13—<u>അതിഥി സൽക്കാര ചെലവുകൾ-ആതിഥേയ/വിനോദ ചെലവുകൾ</u>

അതിഥി സൽക്കാരച്ചെലവുകളുടെ ബില്ലുകൾ ട്രഷറിയിൽ പാസ്സാകാതെ അവശേഷിക്കുന്നതിനാലും അലോട്ട്മെന്റിന്റെ അപര്യാപ്തതയിൽ ബില്ലുകൾ സമർപ്പിക്കാൻ അവശേഷിക്കുന്നതിനാലും നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2051-00-102-99—പബ്ലിക് സർവ്വീസ് കമ്മീഷൻ

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങൾ ഉൾപ്പെടെയുള്ള ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, യാത്രാബത്ത ചെലവിലേയ്ക്കും കമ്മീഷന്റെ ആസ്ഥാന ഓഫീസ്, വിവിധ ജില്ലാ/മേഖലാ ഓഫീസുകൾ, പി.എസ്.സി. ഗസ്റ്റ് ഹൗസ് എന്നിവിടങ്ങളിലെ വെള്ളക്കരം, ഇലക്ട്രിസിറ്റി ചാർജ്ജ്, വിവിധ ഓഫീസുകളുടെ വാടക എന്നിവ നൽകുന്നതിലേയ്ക്കും ബന്ധപ്പെട്ട ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ കമ്മീഷൻ നടത്തുന്ന പരീക്ഷകളുടെ ചോദ്യപേപ്പർ മേഖല/ജില്ലാ ഓഫീസുകളിൽ എത്തിക്കുന്നതിനും പരീക്ഷയ്ക്കുശേഷം ഉത്തരകടലാസ്സുകൾ തിരികെ ആസ്ഥാന ഓഫീസുകളിലേക്ക് എത്തിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്ക് അനുയോജ്യമായ ഒരു ഹെവി ഡ്യൂട്ടി വാഹനം വാങ്ങുന്നത് ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 45.4 ലക്ഷം രൂപ |
| 04-1—യാത്രാചെലവുകൾ - യാത്രാബത്ത | 1.1185 കോടി രൂപ |
| 05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം | 5.27 ലക്ഷം രൂപ |
| 05-2—വൈദ്യുതി ചെലവ് | 9 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 13 ലക്ഷം രൂപ |
| 21-1 —മോട്ടോർ വാഹനങ്ങൾ - വാഹനങ്ങൾ വാങ്ങൽ | 34.39 ലക്ഷം രൂപ |

2052—സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ

2052-00-090-99—അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്

ഈ ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വേതനം, അവധിയാത്രാനുകൂല്യം എന്നിവ നൽകുന്നതിനും, ഓഫീസിലെ മറ്റു ചെലവുകൾക്കും പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവ വാങ്ങുന്നതിനുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൻ കീഴിലെ കണക്കിനങ്ങളിൽ 01-4- മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്- 35 ലക്ഷം രൂപ, 02—വേതനം (ശമ്പളം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ)—40 ലക്ഷം രൂപ,

04-4—അവധിയാത്രാനുകൂല്യം - 10 ലക്ഷം രൂപ, 05-4—മറ്റിനങ്ങൾ - 1 കോടി രൂപ, 24-സാധനസാമഗ്രികൾ-12 ലക്ഷം രൂപ വീതം ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2052-00-090-98 – മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ, മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിന് യാത്രാബത്തയിനത്തിൽ അനുവദിച്ച 10 ലക്ഷം രൂപ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, 04-1-യാത്രാചെലവുകൾ-യാത്രാബത്ത ഇനത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2052-00-090-97—മറ്റു മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ, ഈ ശീർഷകത്തിലെ 04-1 യാത്രാബത്ത എന്ന കണക്കിനത്തിൽ അനുവദിച്ച 35 ലക്ഷം രൂപ പര്യാപ്തമല്ലാത്തതിനാൽ ഈ കണക്കിനത്തിൽ 5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2052-00-090-95 —നിയമ വകുപ്പ്

നിയമവകുപ്പിന് താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 12 ലക്ഷം രൂപ |
| 04-1-യാത്രാചെലവുകൾ-യാത്രാബത്ത | 8 ലക്ഷം രൂപ |
| 04-2-സ്ഥലംമാറ്റബത്ത | 5 ലക്ഷം രൂപ |
| 21-2-മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | 1 ലക്ഷം രൂപ |
| 26-ഔദ്യോഗികഭാഷാ പ്രയോഗം | 1.48 ലക്ഷം രൂപ |
| 45-പി.ഒ.എൽ. | 1 ലക്ഷം രൂപ |
| 99-വിവരസാങ്കേതിക വിദ്യ | 9 ലക്ഷം രൂപ |

2052-00-090-66—<u>സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻഹൗസ് ട്രെയിനിംഗ് സെൽ</u>

2024-25 സാമ്പത്തിക വർഷത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന ഓൺ ദി ജോബ് പരിശീലനങ്ങൾ, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2052-00-090-64-33—<u>കേരള സെക്രട്ടേറിയറ്റ് ക്യാന്റീനുള്ള സഹായം- സബ്സിഡികൾ</u>

കേരള സെക്രട്ടേറിയറ്റ് ക്യാന്റീനിന്റെ പ്രവർത്തനത്തിനായി സബ്സിഡി ഇനത്തിൽ നടപ്പുവർഷം അനുവദിച്ച തുക, മുൻവർഷത്തെ ചെലവ് കണക്കിലെടുക്കുമ്പോൾ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2052-00-092-93—<u>റസിഡന്റ് കമ്മീഷണറുടെ കാര്യാലയം, ന്യൂഡൽഹി</u>

കേരള ഹൗസിൽ പുതുതായി നിയമിക്കപ്പെട്ട പ്രത്യേക പ്രതിനിധി ഉൾപ്പെടെയുള്ള ജീവനക്കാരുടെ കൺസോളിഡേറ്റഡ് പേ, പ്രത്യേക പ്രതിനിധിയുടെ യാത്രാചെലവ്, കേരള ഹൗസിന്റെ വൈദ്യുതി ചെലവ്, ടെലിഫോൺ ചെലവ് എന്നിവ നൽകുന്നതിലേക്ക് ബന്ധപ്പെട്ട ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാലും പുതുതായി നിയമിക്കപ്പെട്ട അഡീഷണൽ റസിഡന്റ് കമ്മീഷണറുടെ ഔദ്യോഗിക ആവശ്യത്തിനായി ഇലക്ട്രിക്ക് വാഹനം വാങ്ങുന്നതിനായി തുക വകയിരുത്തിയിട്ടില്ലാത്തതിനാലും താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 02-4- വേതനം-കൺസോളിഡേറ്റഡ് പേ | 5.81 ലക്ഷം രൂപ |
| 04-1- യാത്രാചെലവുകൾ, യാത്രാബത്ത | 6.31 ലക്ഷം രൂപ |
| 05-2- വൈദ്യുതി ചെലവ് | 48 ലക്ഷം രൂപ |
| 05-3- ടെലിഫോൺ ചെലവ് | 16.54 ലക്ഷം രൂപ |
| 97- വാഹനങ്ങളുടെ വാടക | 7.5 ലക്ഷം രൂപ |

2052-00-092-88—<u>കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ചെലവുകൾക്കായി താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1- യാത്രാചെലവുകൾ - യാത്രാബത്ത | 5 ലക്ഷം രൂപ |
| 05-4- മറ്റിനങ്ങൾ | 4 ലക്ഷം രൂപ |
| 21-2-മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണിയും | 1 ലക്ഷം രൂപ |
| 45- പി.ഒ.എൽ. | 1 ലക്ഷം രൂപ |
| 97- വാഹനങ്ങളുടെ വാടക | 2 ലക്ഷം രൂപ |

2052-00-188-99- <u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്</u>

31- <u>സഹായ ധനം - ശമ്പളം</u>

ജീവനക്കാരുടെ ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, ലീവ് സറണ്ടർ കുടിശ്ശിക, ഡി.എ. കുടിശ്ശിക എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 33.80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

36—<u>സഹായധനം- ശമ്പളേതരം</u>

2024-25 സാമ്പത്തിക വർഷത്തിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 140 നിയോജക മണ്ഡലങ്ങളിൽ നടത്താനുദ്ദേശിക്കുന്ന സ്റ്റുഡന്റ്സ് സഭ, YPC/MPC-യുമായി ബന്ധപ്പെട്ട് ട്രെയിനിംഗ്, ക്യാമ്പ്, വിവിധ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനായി ബഡ്ജറ്റ്

വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.80 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2251—<u>സെക്രട്ടേറിയറ്റ് സാമൂഹിക സർവ്വീസുകൾ</u>

2251-00-090-99—<u>സെക്രട്ടേറിയറ്റ്</u>

ഈ ശീർഷകത്തിൽ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, അവധിയാത്രാനുകൂല്യം എന്നീ ചെലവുകൾ നിർവ്വഹിക്കുന്നതിലേയ്ക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 01-4 മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 17 ലക്ഷം രൂപയും 04-4 യാത്രാചെലവുകൾ - അവധിയാത്രാനുകൂല്യം ഇനത്തിൽ 1 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-090-99—<u>സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ ഈ ശീർഷകത്തിൻ കീഴിലെ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4 - മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 45 ലക്ഷം രൂപ |
| 04-1 - യാത്രാബത്ത | 20 ലക്ഷം രൂപ |
| 04-2 - സ്ഥലം മാറ്റബത്ത | 5 ലക്ഷം രൂപ |
| 04-4 - അവധിയാത്രാനുകൂല്യം | 3 ലക്ഷം രൂപ |
| 06 - വാടക, കരം, നികുതി | 5ലക്ഷം രൂപ |

3451-00-090-98—<u>നിയമവകുപ്പിന്റെ നവീകരണം</u>

നിയമ വെബ്സൈറ്റിന്റെ അപ്ഗ്രഡേഷൻ പ്രവർത്തനങ്ങൾക്കും സ്ത്രീകൾക്ക് നിയമ അവബോധനം നൽകുന്നതിനുള്ള പരിപാടികൾക്കും, നിയമവകുപ്പിൽ കേരള കോഡ്

പോർട്ടൽ രൂപീകരിക്കുന്നതിനും, അത്യാധുനിക സംവിധാനങ്ങളുള്ള ഒരു വീഡിയോ കോൺഫറൻസ് റൂം സജ്ജീകരിക്കുന്നതിനും നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-090-90—വിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കി സെക്രട്ടേറിയറ്റ് ലൈബ്രറിയുടെ ആധുനികവൽക്കരണം

സെക്രട്ടേറിയറ്റിന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയറിനും, അനുബന്ധ സാമഗ്രികൾക്കും വാർഷിക പരിപാലന കരാർ തുക നൽകുന്നതിനായി ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-092-99—മോണിറ്ററിംഗ് യൂണിറ്റ്

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടതു വഴി നിയമിതരായ ജില്ലാ വികസന കമ്മീഷണർമാരുടെയും ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 42.744 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-092-95—ബ്യൂറോ ഓഫ് പബ്ലിക്ക് എന്റർപ്രൈസസ്

34 -3—മറ്റ് ചെലവുകൾ

ബ്യൂറോ ഓഫ് പബ്ലിക്ക് എന്റർപ്രൈസസ് ഡയറക്ടർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വാടകയ്ക്കെടുത്ത വാഹനത്തിന്റെ വാടക നൽകുന്നതിനും കൂടാതെ വകുപ്പിന്റെ മറ്റ് ഓഫീസ് ആവശ്യങ്ങൾക്കുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-092-92—കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ

കേരള സ്റ്റേറ്റ് ഇന്നോവേഷൻ കൗൺസിലിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വേതനം, ഓഫീസ് വാടക, വൈദ്യുതി ചാർജ്ജ്, മറ്റിനങ്ങൾ എന്നീ ചെലവുകൾക്കായി വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 02—വേതനം | 6 ലക്ഷം രൂപ |
| 05-2—വൈദ്യുതി ചെലവ് | 8 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | 7 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 54 ലക്ഷം രൂപ |

3451-00-092-92—കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ (ഇന്നൊവേഷൻ ചലഞ്ച് ഫണ്ട്)

34-3—മറ്റു ചെലവുകൾ-മറ്റിനം

2024-25 സാമ്പത്തിക വർഷത്തിൽ കെ.ഡിസ്ക് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-092-87—നോളജ് ഇക്കോണമി ഫണ്ട്

കേരള സംസ്ഥാനത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് നോളജ് ഇക്കോണമി മിഷൻ(കെ.കെ.ഇ.എം.) പ്രവർത്തിക്കുന്നത്. തൊഴിലുടമകൾ, തൊഴിലന്വേഷകർ, നൈപുണ്യ ദാതാക്കൾ, എന്നിവരെ ഒരുമിച്ച് കൊണ്ടുവരുന്നതിന് സഹായകരമാകുന്ന ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമും അതിനാവശ്യമായ സംവിധാനങ്ങൾ,

തൊഴിൽ ദാതാക്കളെ രംഗത്തുകൊണ്ടുവരാൻ തൊഴിൽ മേളകൾ, റോഡ് ഷോകൾ സംഘടിപ്പിക്കൽ, തിരഞ്ഞെടുക്കുക-പരിശീലിപ്പിക്കുക-നിയമിക്കുക എന്ന സ്കീം എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമേ ഈ ശീർഷകത്തിൽ 60 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-092-83—<u>പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യവേഷൻ ആന്റ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റിന്റെ ആധുനികവൽക്കരണം</u>

പദ്ധതിനിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിലെ പ്രോജക്ട് കോ-ഓർഡിനേറ്റേഴ്സ്/ജൂനിയർ റിസോഴ്സ് പേഴ്സണൽസ്/എക്സിക്യൂട്ടീവ് അസിസ്റ്റന്റ്സ് എന്നിവരുടെ ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.488 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-101-98—<u>ജില്ലാ ആസൂത്രണ സമിതികൾ/ ജില്ലാ വികസന കൗൺസിലുകൾ</u>

ജില്ലാ വികസന കമ്മീഷണർമാരുടെ ഓഫീസ് ചെലവുകൾ, കമ്പ്യൂട്ടർ, പ്രിന്റർ മുതലായവുമായി ബന്ധപ്പെട്ട ചെലവുകൾ, എം.എൽ.എ./എം.പി.-മാരുടെ യാത്രാബത്ത ഇനത്തിലുള്ള ചെലവുകൾ എന്നിവ വഹിക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി 7 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ - III

## നീതിന്യായ നിർവ്വഹണം

2014-00-102-99—<u>ഹൈക്കോടതി</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെയും മുൻജഡ്ജിമാരുടെയും ക്യാഷ്‌ലെസ്സ് മെഡിക്കൽ സംവിധാനം, ഗസറ്റഡ് ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും മെഡിക്കൽ റീഇംബേഴ്സ്മെന്റ് ചെലവുകൾ, വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിനായി ജഡ്ജിമാർ നടത്തുന്ന യാത്രകളുടെ ചെലവുകൾ, മറ്റുചെലവുകൾ, വാഹനങ്ങൾ വാങ്ങൽ, പരിശീലനപരിപാടികൾ നടത്തുന്നതിനുള്ള ചെലവുകൾ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ

കാണിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 1 കോടി രൂപ |
| 04-യാത്രാ ചെലവുകൾ - യാത്രാബത്ത | 40 ലക്ഷം രൂപ |
| 05-1-വെള്ളക്കരം | 4.69 ലക്ഷം രൂപ |
| 05-2-വൈദ്യുതി ചെലവ് | 78.81 ലക്ഷം രൂപ |
| 05-4-മറ്റിനങ്ങൾ | 1.3433 കോടി രൂപ |
| 21-1-മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ | 1.8002 കോടി രൂപ |
| 34-3-മറ്റിനം | 60.45 ലക്ഷം രൂപ |
| 91-പരിശീലനം | 35 ലക്ഷം രൂപ |

2014-00-105-99—സിവിലും സെഷൻസും കോടതികൾ

ഈ ശീർഷകത്തിൻ കീഴിലെ താഴെപ്പറയുന്ന കണക്കിനങ്ങളിൽ 2024-25 വർഷത്തെ ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 1.75 കോടി രൂപ |
| 04-2—യാത്രാചെലവുകൾ-സ്ഥലംമാറ്റബത്ത | 62.8 ലക്ഷം രൂപ |
| 05-1-വെള്ളക്കരം | 18.15 ലക്ഷം രൂപ |
| 05-2-വൈദ്യുതി ചെലവ് | 59.88 ലക്ഷം രൂപ |
| 21-1-വാഹനങ്ങൾ വാങ്ങൽ | 69 ലക്ഷം രൂപ |

2014-00-105-98—മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ

ജുഡീഷ്യൽ ഓഫീസർമാർക്ക് ഒരു മാസത്തെ അടിസ്ഥാന ശമ്പളത്തിന് തുല്യമായ സ്ഥലംമാറ്റബത്ത നൽകുന്നതിനും, പുനലൂർ, തളിപ്പറമ്പ, കാസർഗോഡ്, തൃശ്ശൂർ എന്നിവിടങ്ങളിലെ മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകളുടെ ആവശ്യത്തിനായി 12 ലക്ഷം രൂപ നിരക്കിൽ 4 വാഹനങ്ങൾ വാങ്ങുന്നതിനും, വെള്ളക്കരം നൽകുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും താഴെപ്പറയും പ്രകാരം തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-2- യാത്രാചെലവുകൾ- സ്ഥലംമാറ്റബത്ത | 12.55 ലക്ഷം രൂപ |
| 05-1-ഓഫീസ് ചെലവുകൾ - വെള്ളക്കരം | 10.45 ലക്ഷം രൂപ |
| 21-1-മോട്ടോർ വാഹനങ്ങൾ - വാഹനങ്ങൾ വാങ്ങൽ | 48 ലക്ഷം രൂപ |

2014-00-105-92—പ്രത്യേക കോടതികൾ (എസ്.പി.ഇ./സി.ബി.ഐ.)

കടലാസ്രഹിത കോടതികൾ പദ്ധതിയുടെ മൂന്നാം ഘട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവയ്ക്കായും, കോടതി റിക്കാർഡുകളുടെയും, ഫയലുകളുടെയും സ്കാനിങ്ങിനും ഡിജിറ്റൽ വൽക്കരണത്തിനുമായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിൽ താഴെപ്പറയും പ്രകാരം തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 34-3-മറ്റു ചെലവുകൾ - മറ്റിനം | 1.2 കോടി രൂപ |
| 99-വിവര സാങ്കേതികവിദ്യ | 40 ലക്ഷം രൂപ |

2014-00-105-91—വഖഫ് ട്രിബ്യൂണൽ

വഖഫ് ട്രിബ്യൂണൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശികയും ജുഡീഷ്യൽ ഇതര അംഗത്തിന്റെ വീട്ടുവാടകയും നൽകുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ 06-വാടക, കരം, നികുതി ഇനത്തിൽ 20 ലക്ഷം രൂപ

ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-108-99—ക്രിമിനൽ കോടതികൾ

ക്രിമിനൽ കോടതികളിലെ ജഡ്ജിമാരുടെയും ജീവനക്കാരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ചെലവുകൾക്കും, ജുഡീഷ്യൽ ഓഫീസർമാർക്ക് ഒരു മാസത്തെ അടിസ്ഥാന ശമ്പളത്തിന് തുല്യമായ സ്ഥലംമാറ്റ ബത്ത നൽകുന്നതിനും, ദൈനംദിന ഓഫീസ് ചെലവുകൾക്കും അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിൽ താഴെപ്പറയും പ്രകാരം തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 33 ലക്ഷം രൂപ |
| 04-2- യാത്രാ ചെലവുകൾ - സ്ഥലംമാറ്റബത്ത | 25.85 ലക്ഷം രൂപ |
| 05-4-ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ | 17.50 ലക്ഷം രൂപ |

2014-00-110-99—അഡ്മിനിസ്ട്രേറ്റർസ് ജനറലും ഒഫിഷ്യൽ ട്രസ്റ്റികളും

കാര്യാലയത്തിന്റെ ഫൈബർനെറ്റ് ബില്ല്, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 10,000 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2014-00-114-99—നിയമോപദേഷ്ടാക്കൾ - ലാ ഓഫീസർമാർ

അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ ഒരു വിഭാഗം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്റെ വാടകയിനത്തിലും വസ്തു നികുതിയിനത്തിലും തുക കൂടുതലായി ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 17 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-114-98—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

ജില്ലാ ഗവൺമെന്റ് പ്ലീഡർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർ, ഗവ.അഡ്വക്കേറ്റ്സ്, ആഭ്യന്തരവകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ മാരുടെയും 14 ജില്ലകളിലെ POCSO കോടതികളിലെ സ്പെഷ്യൽ ഗവ. പ്ലീഡർമാരുടെയും

പ്രതിഫലം, ജില്ലാ ഗവ. പ്ലീഡറുടെ ഓഫീസിൽ നിയമിതരായിട്ടുള്ള ലീഗൽ അസിസ്റ്റന്റുമാരുടെ ശമ്പളത്തിലുണ്ടാകുന്ന വാർഷിക ആനുപാതിക വർദ്ധനവും ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസ വേതനച്ചെലവ്, 14 വാഹനങ്ങളുടെ ഇൻഷ്വറൻസ്, അറ്റകുറ്റപണികൾ തുടങ്ങിയ ചെലവുകൾക്കും ഈ ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-114-97—<u>അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ</u>

സംസ്ഥാനത്തെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസുകളിൽ ജീവനക്കാരുടെ കൺസോളിഡേറ്റഡ് പേ, ഓഫീസ് ചെലവ്, യാത്രാപ്പടി, ഇലക്ട്രിസിറ്റി, വാടക തുടങ്ങിയ ഇനങ്ങളിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-114-96—<u>പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ</u>

പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെയും ലോക് ആയുക്ത സ്പെഷ്യൽ അറ്റോർണി ഓഫീസിലെയും ജീവനക്കാരുടെ ശമ്പളമടക്കമുള്ള പ്രവർത്തനചെലവുകൾ, ഇലക്ട്രിസിറ്റി തുടങ്ങിയ ഇനങ്ങളിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-114-93—<u>കേരള സംസ്ഥാന നിയമസഹായ സമിതി (കെൽസ)</u>

കെൽസയുടെ പ്രവർത്തനത്തിനായി വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 20.8 ലക്ഷം രൂപ |
| 04-1—യാത്രാബത്ത | 5.5 ലക്ഷം രൂപ |
| 04-2—സ്ഥലംമാറ്റ ബത്ത | 8.64 ലക്ഷം രൂപ |
| 04-4—അവധിയാത്രാനുകൂല്യം | 20000 രൂപ |
| 05-1—വെള്ളക്കരം | 58000 രൂപ |
| 05-2—വൈദ്യുതി ചെലവ് | 5.62 ലക്ഷം രൂപ |
| 05-3—ടെലിഫോൺ ചെലവ് | 7.07 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | 13.39 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 45 ലക്ഷം രൂപ |
| 21-2—വാഹനങ്ങൾ-സംരക്ഷണവും, അറ്റകുറ്റപ്പണികളും | 1.95 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 1.73 ലക്ഷം രൂപ |
| 99—വിവരസാങ്കേതിക വിദ്യ | 2 ലക്ഷം രൂപ |
| 97—വാഹനങ്ങളുടെ വാടക | 98 ലക്ഷം രൂപ |

2014-00-114-92—<u>സ്ഥിര ലോകഅദാലത്ത്</u>

പെർമെനന്റ് ലോകഅദാലത്തിന്റെ ചെലവുകൾക്കായി വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 80,000 രൂപ |
| 04-1- യാത്രാബത്ത | 40,000 രൂപ |
| 04-2- സ്ഥലംമാറ്റ ബത്ത | 14,000 രൂപ |
| 05-2- വൈദ്യുതി ചെലവ് | 8,000രൂപ |
| 05-3- ടെലിഫോൺ ചെലവ് | 47,000രൂപ |
| 05-4- മറ്റിനങ്ങൾ | 1.55 ലക്ഷം രൂപ |
| 06- വാടക, കരം, നികുതി | 2.60 ലക്ഷം രൂപ |

2014-00-114-90—പ്രോസിക്യൂഷൻ വകുപ്പിന്റെ നവീകരണം

34-3—മറ്റു ചെലവുകൾ-മറ്റിനം

പ്രോസിക്യൂഷൻ ഡയറക്ടറേറ്റിന്റെ കെട്ടിട നിർമ്മാണത്തിനുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-116-99—കേരള ഭരണ നിർവ്വഹണ മധ്യസ്ഥ കോടതി

04-1—യാത്രാചെലവുകൾ-യാത്രാബത്ത

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ചെയർമാൻ ഉൾപ്പെടെ ജുഡീഷ്യൽ അംഗങ്ങൾക്കും, അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങൾക്കും യാത്രാബത്ത അനുവദിക്കുന്നതിനായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 4 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-117-99—കുടുംബകോടതികൾ

പുതിയതായി പ്രവർത്തനം ആരംഭിക്കുന്ന 7 കുടുബകോടതികൾക്കുള്ള ചെലവുകൾ, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ, ജുഡീഷ്യൽ ഓഫീസർമാരുടെ സ്ഥലംമാറ്റബത്ത, കുടുംബകോടതികളിലെ ഓഫീസ് ചെലവുകൾ, അഡീഷണൽ

കൗൺസിലർമാരുടെ വേതന കുടിശ്ശിക എന്നിവ നിർവ്വഹിക്കുന്നതിനും 12 ലക്ഷം രൂപ നിരക്കിൽ 13 വാഹനങ്ങൾ വാങ്ങുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങൾക്കു നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 29 ലക്ഷം രൂപ |
| 04-2-സ്ഥലം മാറ്റബത്ത | 11.84 ലക്ഷം രൂപ |
| 05-4-ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ | 39.8 ലക്ഷം രൂപ |
| 21-1-വാഹനങ്ങൾ വാങ്ങൽ | 2.04 കോടി രൂപ |

2014-00-800-94—നിയമസഹായനിധി അംശദാനം

നിയമസഹായനിധിയ്ക്ക് 2010-11 മുതൽ 2021-22 സാമ്പത്തിക വർഷം വരെ കുടിശ്ശികയായി ലഭിയ്ക്കുവാനുള്ള തുകയും നിയമസഹായ നിധിയുടെ STSB അക്കൗണ്ടിൽ നിന്ന് പിൻവലിച്ച തുകയിൽ നിന്നും ഇനിയും ലഭിക്കാനുള്ള തുകയും ഉൾപ്പെടെ 75.3746 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-800-93—സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്ന തിലേയ്ക്കായി വകയിരുത്തുന്ന മൊത്തം തുക

21-1—വാഹനങ്ങൾ വാങ്ങൽ

കൊല്ലം, തൃശ്ശൂർ, ആലപ്പുഴ ജില്ലാ കോടതികളിലും, നെയ്യാറ്റിൻകര മോട്ടോർ നഷ്ട പരിഹാര ട്രിബ്യൂണലിലും ചേർത്തല കോടതി കേന്ദ്രത്തിലേയ്ക്കും ആറു ലക്ഷം രൂപ നിരക്കിൽ 5 കാറുകളും, പാലക്കാട്, എറണാകുളം ജില്ലാ കോടതികളിലേക്ക് ഇതേ നിരക്കിൽ 2 വാഹനങ്ങൾ വാങ്ങുന്നതിനും ഈ ശീർഷകത്തിൽ 54 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-800-91—മനുഷ്യാവകാശ സംരക്ഷണ ആക്ട് 1993 പ്രകാരമുള്ള കേരള മനുഷ്യാവകാശ സംരക്ഷണകമ്മീഷൻ, 1998 സഹായധനം

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക, കമ്മീഷനിൽ ഡെപ്യൂട്ടേഷനിൽ നിയമിതരായ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവയ്ക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ശമ്പളയിനത്തിൽ 4.22885 കോടി രൂപയും ശമ്പളേതരയിനത്തിൽ 66.605 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4.8949 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-800-87-സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ

സംസ്ഥാനത്തെ നാല് സി.ബി.ഐ. പ്രത്യേക കോടതികളിൽ 'കടലാസ്സ് രഹിത കോടതികൾ' പദ്ധതിയുടെ മൂന്നാംഘട്ടം നടപ്പിലാക്കുന്നതിനും ജില്ലാ ജുഡീഷ്യറിയിലെ കോടതികളിലേക്ക് കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 2.20 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-800-85—ഇ-കോടതി നടപ്പാക്കൽ

കീഴ്ക്കോടതികളിൽ ഇ-കോടതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക സഹായം നൽകുന്ന സിസ്റ്റം അസിസ്റ്റന്റ്സിനുള്ള വേതനം നൽകുന്നതിനും കോടതി സമുച്ചയങ്ങളിൽ WAN കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക നൽകുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9.3960 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അധിക കെട്ടിടത്തിന്റെ നിർമ്മാണം-വൻകിട മരാമത്ത് പണികൾ (പദ്ധതി)

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിലവിലെ കെട്ടിടത്തിന് സമീപം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം 1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ട്രൈബ്യൂണലിന്റെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി പൊതുമരാമത്ത് എന്ന XV-ാം നമ്പർ ഡിമാന്റിലെ 4059-01-051-55 എന്ന പ്രധാന ശീർഷകത്തിൽ 4.3150 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XIV

## സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

2058-00-001-99—ഭരണവും നടത്തിപ്പും

സ്റ്റേഷനറി വകുപ്പിന്റെ വിവിധ കണക്കിനങ്ങളിലായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക്/കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | വകയിരുത്തേണ്ട തുക |
|---|---|
| 01-ശമ്പളം | 1.27305 കോടി രൂപ |
| 04-യാത്രാബത്ത | 5 ലക്ഷം രൂപ |
| 05-ഓഫീസ് ചെലവുകൾ | 5.10 ലക്ഷം രൂപ |
| 06-വാടക, കരം, നികുതി | 22 ലക്ഷം രൂപ |
| 21-1-വാഹനം വാങ്ങൽ | 40 ലക്ഷം രൂപ |

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

18—സംരക്ഷണം

24—സാധനസാമഗ്രികൾ

സംരക്ഷണം, സാധനസാമഗ്രികൾ എന്നീ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ ഇതു സംബന്ധിച്ച 18-സംരക്ഷണം, 24-സാധന സാമഗ്രികൾ എന്നീ കണക്കിനങ്ങളിൽ യഥാക്രമം 50,000 രൂപയും 4.25 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

ജീവനക്കാരുടെ ശമ്പളം, വിരമിച്ച സാങ്കേതിക വിഭാഗം ജീവനക്കാർക്ക് കുടിശ്ശികയായിട്ടുള്ള ഓവർടൈം അലവൻസ്, വേതനം, യാത്രാബത്ത, വെള്ളക്കരം,

കെട്ടിടങ്ങളുടെ വാടക, നികുതി, വകുപ്പിൽ സ്ഥാപിച്ചിട്ടുള്ള മെഷീനുകളുടെ തകരാറുകൾ പരിഹരിക്കുന്നതിനും, സ്പെയർപാർട്സുകൾ വാങ്ങുന്നതിനും, വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും മറ്റു ചെലവുകൾക്കും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കുകൾക്കുനേരെ കാണിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-1- ശമ്പളം | 27.50 കോടി രൂപ |
| 01-6- ഓവർടൈം അലവൻസ് | 50 ലക്ഷം രൂപ |
| 02-വേതനം | 60 ലക്ഷം രൂപ |
| 04-യാത്രാചെലവുകൾ | 4.70 ലക്ഷം രൂപ |
| 05-1- വെള്ളക്കരം | 2.70 ലക്ഷം രൂപ |
| 05-4- മറ്റിനങ്ങൾ | 10 ലക്ഷം രൂപ |
| 06- വാടക, കരം, നികുതി | 50 ലക്ഷം രൂപ |
| 17-ചെറുകിടമരാമത്ത് പണികൾ | 5 ലക്ഷം രൂപ |
| 18-സംരക്ഷണം | 50 ലക്ഷം രൂപ |
| 19- യന്ത്രോപകരണങ്ങൾ | 3 ലക്ഷം രൂപ |
| 21-1-വാഹനം വാങ്ങൽ | 15 ലക്ഷം രൂപ |
| 24-സാധനസാമഗ്രികൾ | 1.5 കോടി രൂപ |
| 34-3-മറ്റുചെലവുകൾ | 62 ലക്ഷം രൂപ |
| 99-വിവരസാങ്കേതിക വിദ്യ | 3 ലക്ഷം രൂപ |

2070-00-108-98—<u>പ്രതിരോധവും നിയന്ത്രണവും</u>

ഫയർ ആന്റ് റസ്ക്യൂ വകുപ്പിലെ ജീവനക്കാർക്ക് യൂണിഫോം അലവൻസ് നൽകുന്നതിനായി 34-03-ശീർഷകത്തിൽ 1 കോടി രൂപയും ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശികകൾ തീർക്കുന്നതിനായി 04-01-യാത്രാബത്ത ശീർഷകത്തിൽ 3 കോടി രൂപയും 21-2-മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും, 45-പി.ഒ.എൽ. എന്നീ ശീർഷകങ്ങളിൽ യഥാക്രമം 1 കോടി രൂപ, 2 കോടി രൂപ എന്നിങ്ങനെ ആകെ 7 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2070-00-108-97—<u>പരിശീലനം</u>

വിയ്യൂർ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് അക്കാഡമിയുടെയും, ഫോർട്ട് കൊച്ചി ജലസുരക്ഷാ വിദഗ്ദ്ധ പരിശീലന കേന്ദ്രത്തിന്റെയും ജീവനക്കാരുടെ യാത്രാചെലവുകൾക്കും, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ഇന്ധനചെലവിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 04-1-യാത്രാചെലവ് 5 ലക്ഷം രൂപ, 21-2 മോട്ടോർ വാഹനങ്ങൾ-3 ലക്ഷം രൂപ, 45-പി.ഒ.എൽ. 5 ലക്ഷം രൂപ എന്നിങ്ങനെ ആകെ 13 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2070-00-119-98—<u>ഔദ്യോഗിക ഭാഷാ കമ്മീഷൻ</u>

ഔദ്യോഗിക ഭാഷാ കമ്മീഷന്റെ ചെലവുകൾക്ക് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയിട്ടിട്ടുള്ള തുകകൾ അപര്യാപ്തമാണെന്ന് കാണുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | |
|---|---|
| 01-ശമ്പളം | 74.35 ലക്ഷം രൂപ |
| 04-യാത്രാ ചെലവുകൾ | 3.05 ലക്ഷം രൂപ |
| 05-ഓഫീസ് ചെലവുകൾ | 14.99 ലക്ഷം രൂപ |
| 06-വാടക, കരം, നികുതി | 6.96 ലക്ഷം രൂപ |

2070-00-119-97—<u>ഭരണഭാഷ നടപ്പാക്കൽ</u>

05-4—<u>ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ</u>

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് യൂണികോഡ് കമ്പ്യൂട്ടിംഗ് പരിശീലനം, ഔദ്യോഗിക ഭാഷാ വകുപ്പിന് സ്വന്തമായി ഒരു വെബ്സൈറ്റ് രൂപീകരിക്കൽ, ഭരണഭാഷാവബോധ പരിപാടി, ഭരണഭാഷാ പരിശീലനം, പുസ്തക പ്രസിദ്ധീകരണം, മലയാള ദിനാഘോഷം എന്നിവയ്ക്കായി നിലിവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. അയതിനാൽ ഈ ശീർഷകത്തിൽ 2.7257 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4058-00-103-95—<u>സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം</u>

അച്ചടി വകുപ്പിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന RA1 Four Colour sheetfed offset Machine ഉൾപ്പെടെയുള്ള മെഷീനുകൾ വാങ്ങുന്നതിന് കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 2.89 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XVII

## വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

3425 - <u>മറ്റു ശാസ്ത്രീയ ഗവേഷണം</u>

3425-60-200-71(01)—<u>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതിയ്ക്ക് കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ - പ്രത്യേക പരിപാടികൾ</u>

36 —<u>സഹായധനം - ശമ്പളേതരം</u>

ഗവേഷണ വികസന സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്കും അടിസ്ഥാനസൗകര്യ വികസനത്തിനും, ശാസ്ത്ര ഉപകരണങ്ങൾ വാങ്ങുന്നതിനും ലൈബ്രറിയുടെയും ലബോറട്ടറിയുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിശീലനത്തിനും കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 30.28 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-71-(02)—കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തൽ

36—സഹായധനം - ശമ്പളേതരം

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-71(03)—കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ നേരിട്ട് നടത്തുന്ന പദ്ധതികളും പരിപാടികളും

ശാസ്ത്ര സാങ്കേതിക മേഖലയിലെ പശ്ചാത്തല സൗകര്യ വികസനം, സാങ്കേതിക വികസനം, ശാസ്ത്രപ്രചാരണ പരിപാടി, ശാസ്ത്രസാങ്കേതിക മേഖലയിലെ സ്ത്രീ ശാക്തീകരണം എന്നീ പരിപാടികൾക്കായി അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.39 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3425-60-200-71(04)—ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങൾക്കുള്ള ധനസഹായം

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ വിലയിരുത്തലിനും അംഗീകാരത്തിനും വിധേയമായി സ്വയംഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികൾക്ക് കൗൺസിൽ, ഗവൺമെന്റിന്റെ സഹായധനമായി നൽകുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-71 (07)—ശാസ്ത്രം, സാങ്കേതിക വിദ്യ, പരിസ്ഥിതി എന്നിവയ്ക്കുള്ള കേരള സ്റ്റേറ്റ് കൗൺസിൽ

31—സഹായധനം - ശമ്പളം

കൗൺസിലിനുകീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, ശമ്പള പരിഷ്കരണം നടപ്പിലാക്കൽ എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ കണക്കിനത്തിൽ 59.0028 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-70—ബയോടെക്നോളജി വികസനം

ജൈവ സാങ്കേതിക വിദ്യയിൽ ഗവേഷണം, സംരംഭകത്വ വികസനം എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ - XXIII
## വാർത്താവിതരണവും പ്രചരണവും

2220-01-001-95—ന്യൂസ്ഗ്രിഡിന്റെ സംയോജിത വികസന പദ്ധതി

പബ്ലിക് റിലേഷൻസ് ഇൻഫർമേഷൻ സർവീസസ് മാനേജ്മെന്റ് (പ്രിസം) പാനലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇൻഫർമേഷൻ അസിസ്റ്റന്റ്, കണ്ടന്റ് എഡിറ്റർ എന്നിവരുടെ പാനലിലുള്ളവർക്ക് വേതനം നൽകുന്നതിനു മാത്രമേ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകൂയെന്ന് സമിതി മനസ്സിലാക്കുന്നു. പാനലിൽ പുതുതായി ഉൾപ്പെടുന്നവർക്കായി പരിശീലനം സംഘടിപ്പിക്കുന്നതിനും മറ്റു ചെലവുകൾക്കുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-01-105-98—വീഡിയോ ഡോക്യുമെന്ററി ചിത്രങ്ങളുടെ നിർമ്മാണം

നവകേരളം, പ്രിയകേരളം തുടങ്ങിയ വിവിധ വീഡിയോ പ്രോഗ്രാമുകളുടെ നിർമ്മാണത്തിനും സംപ്രേക്ഷണത്തിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 79 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-001-99—വിവരസാങ്കേതിക സേവനം

ജില്ലാ ഓഫീസുകളിലും ഡയറക്ടറേറ്റിലും കമ്പ്യൂട്ടറുകൾ, അനുബന്ധ ഹാർഡ്‌വെയറുകൾ, സോഫ്റ്റ്‌വെയറുകൾ എന്നിവ വാങ്ങുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-101-99—<u>പ്രദർശനവും പരസ്യവും</u>

സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും വികസന പ്രവർത്തനങ്ങളെക്കുറിച്ചും പ്രദർശനപരസ്യങ്ങൾ വഴി പൊതുജനങ്ങളിൽ എത്തിക്കുന്നതി നും, പരസ്യങ്ങൾ നൽകിയ വകയിലുള്ള കുടിശ്ശിക നൽകുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-101-98- <u>പ്രചരണ സാമഗ്രികൾ</u>

കേരളീയം, നവകേരള സദസ്സ്, മുഖാമുഖം തുടങ്ങിയ പുതിയ പ്രചാരണ പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രസിദ്ധീകരിക്കേണ്ട ബ്രോഷർ, ബുക്ക് ലെറ്റുകൾ, പോസ്റ്ററുകൾ എന്നീ പ്രചരണ സാമഗ്രികൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-101-97-(01)—<u>പരസ്യത്തിനുള്ള ചെലവുകൾ - അച്ചടി മാധ്യമം</u>

സർക്കാരിന്റെ വിവിധ വകുപ്പുകളുടെ പത്രങ്ങളിൽ കൊടുക്കുന്ന ടെൻഡർ പരസ്യങ്ങളുടെയും വിജ്ഞാപനങ്ങളുടെയും പരസ്യക്കൂലി കുടിശ്ശിക നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-101-97-(02)—<u>പരസ്യത്തിനുള്ള ചെലവുകൾ - ഇലക്ട്രോണിക്/ദൃശ്യമാധ്യമം</u>

സർക്കാരിന്റെ നയപരിപാടികൾ, പദ്ധതികൾ തുടങ്ങിയവയെക്കുറിച്ചും അവയുടെ ബോധവത്കരണത്തിനും പരസ്യങ്ങൾ നൽകിയ വകയിൽ ഇലക്ട്രോണിക്-ദൃശ്യ-ശ്രവ്യ മാധ്യമ വിഭാഗത്തിലുള്ള കുടിശ്ശിക നിർവ്വഹിക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-102-99—വാർത്താവിതരണ കേന്ദ്രങ്ങൾ

കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് വിവിധ ഗവേഷണ പദ്ധതികൾ ആരംഭിക്കുന്നതിനായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-106-98 – ഫീൽഡ് പബ്ലിസിറ്റി - പ്രദർശനം

സംസ്ഥാന-ദേശീയതലങ്ങളിൽ നടക്കുന്ന സാമൂഹിക, സാംസ്കാരിക വികസന പ്രദർശനങ്ങൾക്കും ന്യൂഡൽഹി - ഭാരത അന്താരാഷ്ട്ര വ്യാപാരമേള 2024-ൽ (IITF 2024) സംസ്ഥാന പവലിയൻ സജ്ജമാക്കുന്നതിനും അനുബന്ധ ചെലവുകൾക്കും മറ്റുമായി ഈ ശീർഷകത്തിൽ 1.80 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-109-98 —ഫോട്ടോ സർവ്വീസ് - വീഡിയോപ്രചരണം

ജില്ലകളിലെ വീഡിയോ സ്ട്രിംഗർമാരുടെ പ്രതിഫല തുക നൽകുന്നതിനും ഡ്രോൺ ഓപ്പറേറ്റേഴ്സിന്റെ പാനലിന്റെ വാർഷിക ചെലവിനും, ഡിജിറ്റൽ കണ്ടന്റ് ഫാക്ടറിയുടെ ചെലവിനും, ക്ലൗഡ് സ്പേസ് മാനേജ്മെന്റിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-110-99—പുസ്തക പ്രസിദ്ധീകരണം

സർക്കാരിന്റെ വികസന നേട്ടങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-800-91—കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം, 1993

പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും, പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചതിനാലും കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 7.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-800-81—<u>കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം 1999</u>

വിവിധ പത്രസ്ഥാപനങ്ങളിൽ നിന്നും വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് പെൻഷനും, പെൻഷൻ കുടിശ്ശികയും നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 14.2350 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-800-78—<u>സർക്കാർ വെബ്സൈറ്റിന്റെ രൂപീകരണവും തപാൽ സർവറിന്റെ മെയിന്റനൻസും</u>

സർക്കാർ വെബ്സൈറ്റുകൾ പരിപാലിക്കുന്നതിനും, കാലഘട്ടത്തിനനുസരിച്ചുള്ള നവമാധ്യമ ഇടപെടലുകൾക്കായും, സാങ്കേതിക വിദ്യകൾ കൂടുതലായി ഉപയോഗപ്പെടുത്തുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-800-77—<u>സുതാര്യകേരളം - ദൂരദർശനിലും ആകാശവാണിയിലും ഉള്ള ഫോൺ-ഇൻ-പ്രോഗ്രാം</u>

പ്രതിവാര സംവേദനാത്മക ടെലിവിഷൻ പരിപാടിയായ നാം മുന്നോട്ട് പ്രോഗ്രാമിന്റെ നിർമ്മാണചെലവിനും, തെരഞ്ഞെടുത്ത ചാനലുകളിലെയും ദൂരദർശനിലെയും സംവേദനാത്മക ഷോയുള്ള ടെലികാസ്റ്റിനും പരിപാടിയുടെ റീച്ച് വർദ്ധിപ്പിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 71 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ - XXIV

## തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും

2230-01-103-48—<u>പ്രവാസി കേരളീയരുടെ പുനരധിവാസം, പുന-ഏകീകരണം, ഏകോപനം</u>

മടങ്ങിവരുന്ന പ്രവാസികൾക്കായി നോർക്ക-റൂട്ട്സിന്റെയും സർക്കാരിന് അകത്തും പുറത്തുമുള്ള മറ്റ് ഏജൻസികളുടെയും സഹായത്തോടെ സ്റ്റാർട്ടപ്പുകൾ, സംരംഭങ്ങൾ, നൈപുണ്യ പരിശീലനം എന്നിവ ആരംഭിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 66 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ - XXVIII

## പലവക സാമ്പത്തിക സർവ്വീസുകൾ

3475-00-115-99—<u>കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രോജക്ടുകൾ (ആർ.കെ.ഐ.)</u>

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ റവന്യൂ ചെലവുകൾക്കായുള്ള ഈ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഓഫീസ് അനുബന്ധ ചെലവുകൾക്കും പ്രോജക്ട് മാനേജ്മെന്റ് സപ്പോർട്ട് യൂണിറ്റിന്റെ വേതനം മുതലായ ചെലവുകൾക്കുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5475-00-115-94—<u>കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ലോക ബാങ്ക് സഹായം—ആർ.കെ.ഡി.പി. പോളിസി ലോൺ)</u>

ആർ.കെ.ഐ. പദ്ധതികൾക്കായി 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് ഏകദേശം 1165 കോടി രൂപ ആവശ്യമായി വരുമെന്നതിനാലും ആർ.കെ.ഐ.-യുടെ എല്ലാ പദ്ധതികളും നിർവ്വഹണഘട്ടത്തിലാണെന്നതും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 165 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5475-00-115-93—<u>കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പദ്ധതികൾ (കെ.എഫ്.ഡബ്ല്യൂ.-സഹായം-ആർ.കെ.ഡി.പി. പ്രോജക്ട് ലോൺ)</u>

പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ കെ.എഫ്.ഡബ്ല്യൂ സഹായത്തോടെയുള്ള റോഡ് പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 900 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

# ധനാഭ്യർത്ഥന നമ്പർ - XXXVII
## വ്യവസായങ്ങൾ

2852-07-101-99—<u>കെ-ഫോൺ-സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സൗജന്യ ഇന്റർനെറ്റ് കണക്ടിവിറ്റി</u>

രണ്ട് ലക്ഷത്തി അമ്പതിനായിരം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമേ 87.60 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-07-202-76 —<u>ഇലക്ട്രോണിക്സ് - സൈബർ പാർക്കിന്റെ വിപണനം, വാണിജ്യമുദ്ര പതിപ്പിക്കൽ, പ്രചാരണം</u>

സൈബർ പാർക്കിന്റെ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ, പ്രചാരണം, ബ്രാന്റിംഗ് എന്നിവയിലേക്ക് കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപയും കെ.എസ്.ഐ.റ്റി.ഐ.എൽ.-ന്റെ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ (പുതിയ പദ്ധതി)യിൽ ഐ.റ്റി.-ഇടനാഴിയുമായി ബന്ധപ്പെട്ട് അംഗീകരിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനും റോഡ്ഷോ, അഖിലേന്ത്യ പത്രങ്ങളിൽ വ്യാപകമായ പ്രചരണം എന്നിവയ്ക്കായി 5 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-07-202-72—<u>യുവസംരംഭകത്വ വികസന പരിപാടി</u>

വിദ്യാർത്ഥികൾക്ക് സംരംഭകത്വത്തിനുള്ള താൽപര്യം ജനിപ്പിക്കുകയും നൂതന സാങ്കേതികവിദ്യയിലോ സാമൂഹിക പ്രതിബദ്ധതയുള്ളതോ ആയ ആശയങ്ങൾക്ക് സഹായം നൽകി സംരംഭങ്ങളാക്കി മാറ്റുന്നതിനാവശ്യമായ വിവിധ ഘടകങ്ങൾ ഉൾപ്പെടുന്ന പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. യുവസംരംഭകത്വ പദ്ധതിയുടെ ഉപഘടകമായ ഫണ്ട് ഓഫ് ഫണ്ട് വിഹിതത്തിനും, ലീപ് പദ്ധതി വ്യാപിപ്പിക്കുന്നതിനും, സ്റ്റാർട്ടപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനും ഈ ശീർഷകത്തിൽ 35 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2852-07-202-73—ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ഐസിഫോസ്)

4859-02-004-84 -

സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗം വ്യാപകമാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ഒരു സ്ഥാപനമാണ് ഐസിഫോസ്. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ അടിസ്ഥാന വളർച്ചയ്ക്ക് ഉത്തേജനം നൽകുന്നതിനും, സ്വതന്ത്ര ഹാർഡ്‌വെയർ, ലോറവാൻ ടെക്നോളജിയിൽ അധിഷ്ഠിതമായ വികസനം ലക്ഷ്യമാക്കിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5.3589 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-004-96—സൈബർ പാർക്ക്

(01)—സംസ്ഥാന സഹായം

സൈബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.70 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-004-95—വിവര സാങ്കേതികവിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും

ടെക്നോപാർക്കിന്റെ ഭൂമി ഏറ്റെടുക്കൽ, അടിസ്ഥാന സൗകര്യ വികസനം, സ്ഥലമെടുപ്പ്, എൽ.എ.ആർ. കേസുകളുടെ തീർപ്പാക്കൽ, എസ്.എം.ഇ. സെക്ടറിലുള്ള ടെക്നോപാർക്കിന്റെയും ഐ.ടി.യൂണിറ്റിന്റെയും മാർക്കറ്റിംഗ് എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 29 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-004-91—ഇന്ത്യാ ഇന്നോവേഷൻ സെന്റർ ഫോർ ഗ്രാഫീൻ

34-3—മറ്റു ചെലവുകൾ -മറ്റിനം

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത വികസന പദ്ധതിയായ ഇന്ത്യാ ഇന്നോവേഷൻ സെന്റർ ഫോർ ഗ്രാഫീന്റെ (ഐ.ഐ.സി.ജി.) വിജ്ഞാന വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി

വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-004-82 —ടെക്നോ സിറ്റി രണ്ടാം ഘട്ടത്തിനായി അധിക ഭൂമി ഏറ്റെടുക്കൽ

129. കേരള യൂണിവേഴ്‌സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ഇന്നോവേഷൻ ആൻഡ് ടെക്നോളജിയുടെ അക്കാദമി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും, ഗവേഷണ പദ്ധതികൾ, വികസന പദ്ധതികൾ, അക്കാദമിക് പ്രോഗ്രാമുകൾ എന്നിവയ്ക്കായും ടോക്കൺ പ്രൊവിഷനായി അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 71.55 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-190-94—ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ കേരള എന്ന കമ്പനിയ്ക്കുള്ള മൂലധന നിക്ഷേപം

2024-25-ൽ 25 പോളിടെക്നിക് കോളേജുകളിലേക്ക് സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം-കേരളം നൽകുന്നതിന് 16.99 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-190-93—ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - ഓഹരി മൂലധന നിക്ഷേപം

ഡിജിറ്റൽ സർവ്വകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം, കോൺഫറൻസ് ഹാൾ, ഓഡിറ്റോറിയം, ലാബുകൾ തുടങ്ങിയ നിർമ്മാണ പ്രവർത്തനം, എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 37.05 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

യോഗം വൈകുന്നേരം 3.10 ന് അവസാനിച്ചു.

## 28-2-2024-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2024 ഫെബ്രുവരി മാസം 28-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ

2. ശ്രീ. രമേശ് ചെന്നിത്തല

3. ശ്രീ. ടി.പി. രാമകൃഷ്ണൻ

4. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

5. ശ്രീ. തോമസ് കെ. തോമസ്

6. ശ്രീ. വി. ഡി. സതീശൻ (വീഡിയോ കോൺഫറൻസിംഗ് മുഖേന).

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ബിശ്വനാഥ് സിൻഹ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

2. ശ്രീമതി ടിങ്കു ബിസ്വാൾ, പ്രിൻസിപ്പൽ സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്

3. ശ്രീ. ബിജു പ്രഭാകർ, സെക്രട്ടറി, ഗതാഗത വകുപ്പ്

4. ശ്രീ. കെ മുഹമ്മദ് വൈ. സഫറുള്ള, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

5. ശ്രീ. ഷെയ്ഖ് ദർവേഷ് സാഹിബ്, ഡയറക്ടർ ജനറൽ ഓഫ് പോലീസ്

6. ശ്രീ. ബൽറാം കുമാർ ഉപാധ്യായ, ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

7. ശ്രീമതി ഹർഷിത അട്ടല്ലൂരി, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, ഹെഡ്ക്വാർട്ടേഴ്സ്

8. ശ്രീ. രജി ജേക്കബ്, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, (ഇൻ-ചാർജ്ജ്), വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ

9. ശ്രീമതി വിജയശ്രീ കെ. എസ്., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്

10. ശ്രീമതി മിനിമോൾ റ്റി., അഡീഷണൽ സെക്രട്ടറി, വിജിലൻസ് വകുപ്പ്

11. ശ്രീമതി ഡി. കൃഷ്ണപ്രിയ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

12. ശ്രീമതി ശ്രീലത സുകുമാരൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

13. ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

14. ശ്രീമതി അനുരാധ കെ. സി., ജോയിന്റ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ്
15. ശ്രീമതി പ്രസീത കെ. സി., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
16. ശ്രീമതി ശ്രീകല എസ്. പണിക്കർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
17. ശ്രീ. ബി. സുരേന്ദ്രൻ പിള്ള, സെക്രട്ടറി, കേരളാ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ
18. ശ്രീ. അനീഷ് റ്റി., ജോയിന്റ് ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ വകുപ്പ്
19. ശ്രീ. പദം സിംഗ്, സൂപ്രണ്ട് ഓഫ് പോലീസ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
20. ശ്രീ. ഇ. എസ്., ബിജുമോൻ, സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ
21. ശ്രീ. ജയകൃഷ്ണൻ എസ്., ചീഫ് ഫിനാൻഷ്യൽ ഓഫീസർ, കണ്ണൂർ എയർപോർട്ട്
22. ശ്രീ. രഞ്ജിത്ത് എൻ. കെ., ചീഫ് കെമിക്കൽ എക്സാമിനർ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി
23. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, കേരളാ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി
24. ശ്രീമതി റുസി ആർ. എസ്., ഡെപ്യൂട്ടി സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ
25. ശ്രീ. അരുൺ ആർ. ബി., അണ്ടർ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
26. ശ്രീമതി ഹർഷ വി. എസ്., അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
27. ശ്രീ. ബിജുരാജ്, ഡെപ്യൂട്ടി കളക്ടർ (എൽ.എ.) തിരുവനന്തപുരം
28. ശ്രീ. സക്കറിയാ മാത്യു, പബ്ലിക് റിലേഷൻസ് ഓഫീസർ, ലോകായുക്ത
29. ശ്രീ. വി. രവീന്ദ്രൻ, ലെയ്സൺ ഓഫീസർ, കണ്ണൂർ എയർപോർട്ട്
30. ശ്രീമതി ലത എം. എസ്., സീനിയർ ഫിനാൻസ് ഓഫീസർ, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
31. ശ്രീമതി രേവതി വാസുദേവൻ നായർ, ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്

32. ശ്രീമതി ഷീജ എസ്. ജി., ഫിനാൻസ് ഓഫീസർ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, തിരുവനന്തപുരം

33. ശ്രീ. രതീഷ് എസ്., അസിസ്റ്റന്റ് ജനറൽ മാനേജർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

34. ശ്രീ. അഖിൽ സുബാഷ്, സീനിയർ എക്സിക്യൂട്ടീവ്, ശബരിമല എയർപോർട്ട് പ്രോജക്ട്.

സമിതി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള IV, XI, XII, XIII, XVIII, XXVI, XLI എന്നീ നമ്പർ ധനാഭ്യർത്ഥനകളിൽ സമിതിയുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ/കണക്കിനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ - IV

## തെരഞ്ഞെടുപ്പുകൾ

2015-00-101-99— സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

ഈ ശീർഷകത്തിൻ കീഴിൽ അവധിയാത്രാനുകൂല്യം, വെള്ളക്കരം, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും വാഹനങ്ങളുടെ ഇന്ധനച്ചെലവ് എന്നീ ഇനങ്ങളിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-4-അവധിയാത്രാനുകൂല്യം | 2 ലക്ഷം രൂപ |
| 05-1-വെള്ളക്കരം | 1.5 ലക്ഷം രൂപ |
| 05-4-ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ | 10 ലക്ഷം രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണിയും | 3 ലക്ഷം രൂപ |
| 45-പി.ഒ.എൽ. | 7 ലക്ഷം രൂപ |

2015-00-102-99—ഇലക്ടറൽ ഓഫീസർമാർ

സംസ്ഥാന സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ താലൂക്ക് ഓഫീസുകൾ എന്നിവിടങ്ങളിലെ തെരഞ്ഞെടുപ്പ് വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റ് ഓഫീസ് ചെലവുകൾ, വാഹനങ്ങളുടെ ഇന്ധനചെലവ്, അറ്റകുറ്റപണി ടെലിഫോൺ ചാർജ്ജ്, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള ചെലവ് എന്നിവ നിർവ്വഹിക്കുവാൻ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.9817 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2015-00-103-99—സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിയും-നിയമസഭയും പാർലമെന്റും

സമ്മതിദായകരുടെ പട്ടിക കാലാകാലങ്ങളിൽ പുതുക്കുന്നതിനും അവയുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും, ജില്ലാ ഇലക്ഷൻ വിഭാഗങ്ങൾക്കുള്ള ഫണ്ട്, ബൂത്ത് ലെവൽ ഓഫീസർമാരുടെ പ്രതിഫലം, സി-ഡിറ്റിന് നൽകേണ്ട പ്രതിഫലം എന്നീ ചെലവുകൾക്കായും നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 49.6750 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2015-00-105-99—പാർലമെന്റിലേക്ക് തെരഞ്ഞെടുപ്പുകൾ നടത്താനുള്ള ചെലവ് - ലോക്സഭ

2024-ൽ നടത്തേണ്ട ലോക്സഭാ ഇലക്ഷനുമായി ബന്ധപ്പെട്ട ചെലവുകൾക്ക് നിലവിലെ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 53.8489 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2015-00-109-99—പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

2023 മേയ്, ഓഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ നടന്ന ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ കൊടുത്തു തീർക്കുന്നതിനും, വോട്ടർ പട്ടികപരിഷ്കരണം, തെരഞ്ഞെടുപ്പ് പ്രക്രിയയുടെ കമ്പ്യൂട്ടർവൽക്കരണം, തെരഞ്ഞെടുപ്പ് സാമഗ്രികളുടെ വിതരണം 2024-25-ൽ നടത്തുന്ന ഉപതിരഞ്ഞെടുപ്പുകൾക്കായുള്ള ചെലവുകൾ

എന്നിവയ്ക്കായി നിലവിലെ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ - XI

## ജില്ലാഭരണവും പലവകയും

2053-00-094-42—സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വിവിധ പ്രവർത്തനങ്ങൾക്കും ജീവനക്കാർക്കുള്ള ശമ്പളവും അലവൻസുകൾക്കും നിലവിൽ പ്ലാൻ ഫണ്ടിൽനിന്നുമാണ് വിനിയോഗിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ നോൺപ്ലാനായി 2053-00-094-42 NV ശീർഷകം അനുവദിച്ചിട്ടുള്ളതും പ്രസ്തുത ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 6 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XII

## പോലീസ്

2055—പോലീസ്

2055-00-001 -99—ഭരണവും നടത്തിപ്പും - മേൽനോട്ടം

പോലീസ് വകുപ്പിന് താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | |
|---|---|
| 05-3—ടെലിഫോൺ ചെലവ് | 2.9898 കോടി രൂപ |
| 05-4—മറ്റിനങ്ങൾ | 82.15 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 20 ലക്ഷം രൂപ |
| 15—രഹസ്യസേവന ചെലവുകൾ | 3.4 കോടി രൂപ |
| 17—ചെറുകിട മരാമത്ത് പണികൾ | 1.4999 കോടി രൂപ |
| 18—സംരക്ഷണം | 2.02 കോടി രൂപ |

| | |
|---|---|
| 21-2—മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | 20.34 ലക്ഷം രൂപ |
| 34-3-മറ്റുചെലവുകൾ-മറ്റിനം | 74.07 ലക്ഷം രൂപ |
| 45-പി.ഒ.എൽ. | 8.5054 കോടി രൂപ |

2055-00-003-98—<u>കേരള പോലീസ് അക്കാഡമി</u>

05-4—<u>ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് അക്കാഡമിയിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം, എ.ഐ.എസ്. അലവൻസ്, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.45 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-003-98—<u>കേരള പോലീസ് അക്കാഡമി</u>

34-3- <u>മറ്റു ചെലവുകൾ-മറ്റിനം</u>

പോലീസ് അക്കാഡമിയിൽ നടക്കുന്ന പോലീസ് വകുപ്പിലെയും മറ്റ് വകുപ്പുകളിലെയും ട്രെയിനിംഗ് ആവശ്യങ്ങൾക്കായി ബഡ്ജറ്റ് വിഹിതത്തിലെ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 39.72 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-101-99—<u>കുറ്റാന്വേഷണ വിഭാഗം</u>

18—<u>സംരക്ഷണം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സി.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 48 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-101-98—<u>സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.</u>

18—<u>സംരക്ഷണം</u>

എസ്.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാൻ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ

30.50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-104-99—സായുധ പോലീസ്

സായുധ സേനാംഗങ്ങളുടെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കുന്നതിനും, സായുധ പോലീസ് സേനയുടെ കീഴിലുള്ള 10 ബറ്റാലിയൻ യൂണിറ്റുകളുടെ വെള്ളക്കരം അടയ്ക്കുന്നതിനും, എസ്.എ.പി., എം.എസ്.പി., വനിതാ ബറ്റാലിയൻ തുടങ്ങിയവയുടെ വെള്ളക്കരത്തിന്റെ കുടിശ്ശിക തീർക്കുന്നതിനും, വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം ഉൾപ്പെടെയുള്ള ഓഫീസ് ചെലവുകൾ നിർവ്വഹിക്കുന്നതിനും, ബറ്റാലിയൻ ഓഫീസ് കെട്ടിടങ്ങളുടെ വാടക, കരം, നികുതി അടയ്ക്കുന്നതിനും, കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരുടെ പരിശീലനത്തിന്റെ ഭാഗമായി ഗസ്റ്റ് അദ്ധ്യാപകർക്കുള്ള പ്രതിഫലം, പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, മെഡലുകൾ, റിവാർഡുകൾ, സേനയിലെ കായികതാരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് എന്നിവ സംബന്ധിച്ച ചെലവുകൾ നിർവ്വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിരിക്കുന്ന തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1-യാത്രാചെലവുകൾ - യാത്രാബത്ത | 7.6480 കോടി രൂപ |
| 05-1-വെള്ളക്കരം | 1.4330 കോടി രൂപ |
| 05-3-ടെലിഫോൺ ചെലവ് | 13.52 ലക്ഷം രൂപ |
| 05-4-ഓഫീസ് ചെലവുകൾ - മറ്റിനം | 3.8322 കോടി രൂപ |
| 06-വാടക, കരം, നികുതി | 71.51 ലക്ഷം രൂപ |
| 18-സംരക്ഷണം | 69.1434 കോടി രൂപ |
| 34-3-മറ്റുചെലവുകൾ-മറ്റിനം | 1.1717 കോടി രൂപ |

2055-00-104-98—<u>ഇന്ത്യൻ റിസർവ് ബറ്റാലിയൻ</u>

ഇന്ത്യൻ റിസർവ് ബറ്റാലിയന്റെ പരിശീലനത്തിനായി സേനാംഗങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തും നടത്തുന്ന യാത്രാചെലവുകൾക്കും, വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും, ഇന്ധന ചെലവിനും, ഓഫീസ് ചെലവുകൾക്കും പ്രസ്തുത കണക്കിനങ്ങളിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരം തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1-യാത്രാചെലവുകൾ - യാത്രാബത്ത | 2.1450 കോടി രൂപ |
| 05-4-ഓഫീസ് ചെലവുകൾ - മറ്റിനം | 4.75 ലക്ഷം രൂപ |
| 45-പി.ഒ.എൽ. | 63.59 ലക്ഷം രൂപ |

2055-00-108-99—<u>വിക്ടിം കോമ്പൻസേഷൻ ഫണ്ട്</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയുള്ള നഷ്ടപരിഹാര തുക നൽകുന്നതിനായി വകയിരുത്തിയ വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-109-99—<u>ജില്ലാസേന</u>

ജില്ലാസേനയുടെ ചെലവുകൾക്കായി താഴെപ്പറയുന്ന കണക്കിനങ്ങളിൽ 2024-25 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ താഴെപ്പറയും പ്രകാരം ഓരോന്നിലും തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4- മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 4.7007 കോടി രൂപ |
| 04-1-യാത്രാബത്ത | 9.50 കോടി രൂപ |
| 05-2-വൈദ്യുതി ചെലവ് | 1.4552 കോടി രൂപ |
| 05-4-ഓഫീസ് ചെലവുകൾ - മറ്റിനം | 10.4270 കോടി രൂപ |
| 06-വാടക, കരം, നികുതി | 4.9799 കോടി രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപണികളും | 12.6292 കോടി രൂപ |
| 34-3-മറ്റ് ചെലവുകൾ -മറ്റിനം | 11.0063 കോടി രൂപ |
| 45-പി.ഒ.എൽ. | 48.1989 കോടി രൂപ |

2055-00-111-99—റെയിൽവേ പോലീസ്

റെയിൽവേ പോലീസിന്റെ ടി.എ. ബിൽ കുടിശ്ശിക തീർക്കുന്നതിനും, റെയിൽവേ പോലീസ് ഓഫീസിലെ ടെലിഫോൺ ബില്ലുകൾ തീർപ്പാക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൻ കീഴിലെ 04-1-യാത്രാചെലവ്-യാത്രാബത്ത ഇനത്തിൽ 3.90 കോടി രൂപയും 05-3-ടെലിഫോൺ ചെലവ് ഇനത്തിൽ 6.73 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2055-00-112-99—കൊച്ചി തുറമുഖ പോലീസ്

കൊച്ചി തുറമുഖ പോലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ യാത്രാബത്താ കുടിശ്ശിക തീർക്കുന്നതിന് 04-1-യാത്രാബത്ത കണക്കിനത്തിൽ 3.95 ലക്ഷം രൂപയും വാഹനങ്ങളുടെ ഇന്ധനചെലവ് നിർവ്വഹിക്കുന്നതിന് 45-പി.ഒ.എൽ. കണക്കിനത്തിൽ 3.74 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-112-98—<u>തീരദേശപോലീസ് സ്റ്റേഷനുകൾ</u>

04-1—<u>യാത്രാചലവുകൾ - യാത്രാബത്ത</u>

തീരദേശ പോലീസ് സ്റ്റേഷനുകളിൽ ടി.എ. കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 88 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-112-98—<u>തീരദേശ പോലീസ് സ്റ്റേഷനുകൾ</u>

45—<u>പി.ഒ.എൽ.</u>

വർദ്ധിച്ചുവരുന്ന ഇന്ധനവില കണക്കിലെടുത്ത്, തീരദേശ പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളുടെ ഇന്ധനചെലവിലേയ്ക്കായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 4.4121 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-113-98—<u>സ്പോർട്സ് ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കിറ്റ് വാങ്ങുന്നതിനും, ക്യാഷ് റിവാർഡുകൾ നൽകുന്നതിനും ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 2.532 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-114-99—<u>വയർലെസ് യൂണിറ്റ്</u>

യൂണിറ്റിലെ മുൻ വർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്കും, ടെലിഫോൺ ചാർജ്ജ് ഇനത്തിലും, വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും, ഓഫീസ് ചെലവുകൾക്കും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും കൂടുതൽ തുക വേണ്ടിവരുന്നതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1-യാത്രാചെലവുകൾ യാത്രാബത്ത | 50.30 ലക്ഷം രൂപ |
| 05-3-ടെലിഫോൺ ചെലവ് | 1.86 കോടി രൂപ |
| 05-4 ഓഫീസ് ചെലവുകൾ-മറ്റിനം | 32.53 ലക്ഷം രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | 25.22 ലക്ഷം രൂപ |
| 45-പി.ഒ.എൽ. | 12.16 ലക്ഷം രൂപ |

2055-00-116-99—ഫോറൻസിക് സയൻസ്

05-4—ഓഫീസ് ചെലവുകൾ -മറ്റിനം

ഫോറൻസിക് സയൻസ് ഓഫീസുകളിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും മറ്റു ഓഫീസ് ചെലവുകൾക്കും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15.76 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-117-96—കേരള ആന്റിടെറർ സ്ക്വാഡ്

45—പി.ഒ.എൽ.

കേരള ആന്റി ടെറർ സ്ക്വാഡ് യൂണിറ്റിലെ വാഹനങ്ങളുടെ ഇന്ധനചെലവ് വഹിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 28.25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062-00-103-99—കേരള ലോക് ആയുക്ത, 1998

ഈ ശീർഷകത്തിൻ കീഴിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, സ്ഥലംമാറ്റബത്ത യിനത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 8 ലക്ഷം രൂപയും 04-2-സ്ഥലംമാറ്റബത്ത എന്ന കണക്കിനത്തിൽ 5 ലക്ഷം രൂപയും കൂടാതെ ഓഫീസ് കമ്പ്യൂട്ടറൈസേഷൻ ചെലവുകൾക്കായി 05-4-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ എന്ന കണക്കിനത്തിൽ 49 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062-00-104-99—വിജിലൻസ്

വകുപ്പിലെ വെള്ളക്കരം കുടിശ്ശിക, വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക, വിവിധ വകുപ്പുകളിൽ മിന്നൽ പരിശോധന നടത്തുന്ന ചെലവുകൾ, വാഹനങ്ങളുടെ അറ്റകുറ്റപണികൾ, ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ, ഇന്ധന ചെലവ്, കെട്ടിടങ്ങളുടെ വാടക, നികുതി, വൈദ്യുതി ചെലവ്, പബ്ലിക് പ്രോസിക്യൂട്ടർമാരുടെ കൺസോളിഡേറ്റഡ് വേതനം, ജീവനക്കാരുടെ യാത്രാബത്ത, അവധിയാനുകൂല്യം, മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നീ ചെലവുകൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും കാണിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | ആവശ്യപ്പെടുന്ന തുക |
|---|---|
| 05-1-വെള്ളക്കരം | 3 ലക്ഷം രൂപ |
| 05-4-മറ്റിനങ്ങൾ | 20 ലക്ഷം രൂപ |
| 15-രഹസ്യസേവന ചെലവുകൾ | 5 ലക്ഷം രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | 25 ലക്ഷം രൂപ |
| 17-ചെറുകിട മരാമത്ത് പണികൾ | 5 ലക്ഷം രൂപ |
| 45-പി.ഒ.എൽ. | 50 ലക്ഷം രൂപ |
| 04-4-അവധിയാത്രാനുകൂല്യം | 6 ലക്ഷം രൂപ |
| 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 16 ലക്ഷം രൂപ |
| 02-4-വേതനം | 54 ലക്ഷം രൂപ |
| 04-1-യാത്രാബത്ത | 15 ലക്ഷം രൂപ |
| 28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ | 1 ലക്ഷം രൂപ |
| 06-വാടക, കരം, നികുതി | 15 ലക്ഷം രൂപ |
| 05-2-വൈദ്യുതി ചെലവ് | 15 ലക്ഷം രൂപ |
| 59-സമ്മാനങ്ങളും അവാർഡുകളും | 10,000 രൂപ |

2062-00-105-99—വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം

ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, യാത്രാബത്ത എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 12.30797 ലക്ഷം രൂപയും 04-1-യാത്രാബത്തയിനത്തിൽ 44,000 രൂപയും ഉൾപ്പെടെ ആകെ 12.74797 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062-00-105-97—എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

ക്ഷാമബത്ത കുടിശ്ശിക നൽകുന്നതിനും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, ലീവ് സറണ്ടർ എന്നിവ നൽകുന്നതിന്റെ ചെലവിനും, സാക്ഷികളുടെ ബത്ത, ഫർണിച്ചർ, സി.സി.ടി.വി. സ്ഥാപിക്കൽ, പി.ഒ.എൽ., ഐ.റ്റി. എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾക്കും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 33.97 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062-00-105-94—എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, കോട്ടയം

എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോട്ടയം-യുടെ വീട്ടുവാടക ഇനത്തിൽ പ്രതിമാസം 20,000 രൂപ നിരക്കിൽ ഒരു വർഷം 2,40,000 രൂപ വേണ്ടിവരും. ഇതിലേയ്ക്കായി 1.34 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയത്. ആയതിനാൽ 06-വാടക, കരം, നികുതി ഇനത്തിൽ 90,000 രൂപയും, വകുപ്പിന് കൂടുതൽ കാര്യക്ഷമതയുള്ള മൾട്ടി ഫംഗ്ഷൻ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിലേക്കായി 05-04-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ എന്ന ഇനത്തിൽ 1.60 ലക്ഷം രൂപയും കൂടാതെ ഇന്ധന ചെലവ് കുടിശ്ശിക നൽകുന്നതിന് 45-പി.ഒ.എൽ. ശീർഷകത്തിൽ 40,000 രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062-00-105-90—എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ

എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മൂവാറ്റുപുഴ-യുടെ ഔദ്യോഗിക വസതിയുടെ പ്രതിമാസ വാടക 15,625 രൂപയാണ്. വാടകയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 1,90,000 രൂപ അപര്യാപ്തമായതിനാൽ 06-വാടക, കരം, നികുതി ഇനത്തിൽ 52,500 രൂപയും കോടതിയിൽ സാക്ഷികളുടെയും പ്രതികളുടെയും വിചാരണമൊഴികൾ, കമ്പ്യൂട്ടർ വോയിസ് ടൈപ്പിങ് മുഖാന്തരം രേഖപ്പെടുത്തുന്നതിന് ഒരു ലാപ്ടോപ്പ് വാങ്ങുന്നതിനായി 99-വിവരസാങ്കേതിക വിദ്യ ഇനത്തിൽ 62,000 രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

# ധനാഭ്യർത്ഥന നമ്പർ - XIII
## ജയിലുകൾ

2056-00-001-98—ജയിലുകളുടെ നവീകരണം 05-3- ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

ജയിലുകളിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന് ബ്രോഡ്ബാൻഡ് കണക്ടിവിറ്റി നൽകുന്നതിനായി നിലവിലെ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 72.50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

17—ചെറുകിടമരാമത്ത് പണികൾ

വിവിധ ജയിലുകളിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾ, ഡ്രെയിനേജ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയ പ്രവൃത്തികൾക്കുള്ള ചെലവിലേയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2056-00-101-99—ജയിലുകൾ

05-2—ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

ജയിൽ സ്ഥാപനങ്ങളിൽ വർദ്ധിച്ചു വരുന്ന വൈദ്യുതി ചാർജ്ജ് കണക്കിലെടുത്ത് വൈദ്യുതി ചെലവ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

06- വാടക, കരം, നികുതി

കെട്ടിടങ്ങളുടെ നികുതി, പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ചതിനാൽ പുതുക്കിയ നിരക്കിലുള്ള നികുതി അടയ്ക്കുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

ജയിലുകളിലെ പഴക്കം ചെന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, വാഹനങ്ങളിലേയ്ക്ക് ആവശ്യമായ സ്പെയർ പാർട്സുകൾ വാങ്ങുന്നതിനും നിലവിലെ

വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

34-3—<u>മറ്റ് ചെലവുകൾ- മറ്റിനം</u>

തടവുകാരുടെ വേതനം, ചികിത്സാ ചെലവ്, മരുന്ന് കോടതിയിൽ ഹാജരാക്കുന്നതിനുള്ള ബത്ത, ബാർബർ ചാർജ്ജസ്, തടവുകാർ ജയിൽ മോചിതരാകുന്ന മുറയ്ക്ക് നൽകേണ്ട വേതനം തുടങ്ങിയവയുൾപ്പെടെയുള്ള ചെലവുകൾക്കായി വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

45—<u>പി.ഒ.എൽ.</u>

ഇന്ധന വിലയിലെ വർദ്ധനവ് കാരണം വാഹനങ്ങളുടെ ഇന്ധന ചെലവ് നിർവ്വഹിക്കാൻ നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

56—<u>ഭക്ഷണവും ധനസഹായവും</u>

ജയിലുകളിലെ തടവുകാരുടെ ഭക്ഷ്യസാധനങ്ങളുടെയും, മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിച്ചുവരുന്ന സാഹചര്യവും ഭക്ഷ്യസാധനങ്ങളും, നിത്യോപയോഗ സാധനങ്ങളും വാങ്ങിയ ഇനത്തിൽ സ്ഥാപനങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തുകയും കണക്കിലെടുത്ത് നിലവിലെ വിഹിതത്തിനു പുറമെ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2056-00-001-98— <u>ജയിലുകളുടെ നവീകരണം</u>

34-3—<u>മറ്റ് ചെലവുകൾ - മറ്റിനം</u>

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് സബ്ജയിലിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി മൂന്ന് കോടി രൂപയും, പാലക്കാട് ജില്ലാ ജയിൽ ജീവനക്കാരുടെ ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി ആറുകോടി എഴുപത്തിമൂന്ന് ലക്ഷത്തി എഴുപതിനായിരം രൂപയും ഉൾപ്പെടെ ആകെ 9.7370 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

# ധനാഭ്യർത്ഥന നമ്പർ - XVIII
# വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

2210-06-107-97—<u>കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി</u>

19— <u>യന്ത്രോപകരണങ്ങൾ</u>

വകുപ്പിനുകീഴിലെ വിവിധ ലബോറട്ടറികളിലെ ആവശ്യത്തിനുള്ള യന്ത്രോപകരണങ്ങൾ കാലാനുസൃതമായി മാറ്റി ആധുനിക നിലവാരത്തിലുള്ള ഗ്യാസ് ക്രോമാറ്റോഗ്രാഫ് മാസ് സ്പെക്ട്രാമീറ്റർ (GCMS) വാങ്ങുന്നതിനായും, മൈക്രോവേവ് ഡൈജസ്റ്റർ എന്ന ഉപകരണം തിരുവനന്തപുരം, എറണാകുളം ലാബുകളിലേക്കും, മറ്റ് ചെറുകിട ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനായും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 67 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

24—<u>സാധനസാമഗ്രികൾ</u>

വകുപ്പിന്റെ കീഴിലുള്ള മൂന്ന് ലബോറട്ടറികളിലെയും ദൈനംദിന അനാലിസിസ് പ്രവർത്തനങ്ങൾക്കാവശ്യമായ കെമിക്കലുകൾ, ഗ്ലാസ് ഉപകരണങ്ങൾ, അനലിറ്റിക്കൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ Ultra High Pure (UHP Gas) വാങ്ങുന്നതിനും മൂന്ന് ലബോറട്ടറികളിലും കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

34-3—<u>മറ്റിനം</u>

വകുപ്പിലെ വിവിധ ഉപകരണങ്ങളുടെ വാർഷിക പരിപാലനത്തിനും സോഫ്റ്റ്‌വെയർ അപ്ഗ്രഡേഷനും ടെക്നിക്കൽ ഓഫീസർമാരുടെ പരിശീലനത്തിനുമായി നിലവിലെ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 87 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ - XXVI

## പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

### 2245-80-102-95—ചുഴലിക്കാറ്റ് മൂലമുള്ള അപകട സാധ്യത ശമിപ്പിക്കാനുള്ള ദേശീയ പദ്ധതി (എൻ.സി.ആർ.എം.പി.) ഘടകം ബി-ദുരന്ത പ്രതിരോധത്തിനുള്ള അടിസ്ഥാന സൗകര്യവികസനം (75%CSS & 25%SSS)

ചുഴലിക്കാറ്റ് പ്രതിരോധത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന ഷെൽറ്ററുകളുടെ periodical maintenance നടത്തുന്നതിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് അവലംബിക്കുന്നതെന്ന് സമിതിയംഗം ശ്രീ. രമേശ് ചെന്നിത്തലയും അതത് പ്രദേശത്തെ ഷെൽട്ടറുകൾ വാടകയ്ക്ക് നൽകാൻ ചുമതലപ്പെടുത്തിയിരിക്കുന്നതാരെയാണെന്ന് ബഹു. പ്രതിപക്ഷ നേതാവ് വി. ഡി. സതീശനും സമിതിയിൽ ആരായുകയും ഷെൽട്ടർ മാനേജ്മെന്റ് കമ്മിറ്റിക്ക് ഓരോ ഷെൽട്ടറിനും പതിനെട്ടര ലക്ഷം രൂപ വീതം കോർപ്പസ് ഡെപ്പോസിറ്റായി നൽകിയിട്ടുണ്ടെന്നും ഷെൽട്ടറുകൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾ ലഭിക്കുന്ന തുക കോർപ്പസ് ഫണ്ടിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യുകയും അതിൽ നിന്നും ലഭിക്കുന്ന പലിശ കുടുംബശ്രീക്ക് നൽകിയുമാണ് പ്രവർത്തനങ്ങൾ നടത്തുന്നതെന്നും പ്രവർത്തനങ്ങൾക്ക് സർക്കാർ വ്യക്തമായ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടെന്നും ഷെൽട്ടറുകൾ വാടകയ്ക്ക് നൽകുവാൻ അതതു പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെട്ട ഷെൽട്ടർ മാനേജ്മെന്റ് കമ്മിറ്റിയാണ് തീരുമാനമെടുക്കുന്നതെന്നും കെട്ടിടങ്ങൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള അനുമതി നൽകിയിട്ടുണ്ടെന്നും ഇതിലൂടെ ലഭിക്കുന്ന തുക കോർപ്പസ് ഫണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെന്നും പലിശയായി ലഭിക്കുന്ന തുകയിൽ നിന്നുമാണ് ക്ലീനിംഗ്, മെയിന്റനൻസ് ജോലികൾ നടത്തുന്നതെന്നും, periodical maintenance-ന് തദ്ദേശ സ്ഥാപനങ്ങൾ തുക ചെലവാക്കണമെന്ന് 15-ാം ധനകാര്യ കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്നുണ്ടെന്നും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

ചുഴലിക്കാറ്റ് കാരണമുണ്ടാകുന്ന ദുരന്തങ്ങളുടെ ലഘൂകരണത്തിനായും കടപ്പുറം, കസബ ഷെൽട്ടറുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും EWDS ഇൻസ്റ്റലേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നിലവിൽ വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ സംസ്ഥാന വിഹിതമായി 15.5374 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ - XLI
## ഗതാഗതം

5053-02-190-97—<u>കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (എം.ഐ.ഡി.പി.) കിയാലിന് ധനസഹായം</u>

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിലവിലെ ബജറ്റ് വിഹിതത്തിന്റെ വിശദാംശം ബഹു. പ്രതിപക്ഷ നേതാവ് ആരാഞ്ഞപ്പോൾ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം ഒരു സർക്കാർ സ്ഥാപനമല്ലെന്നും, എന്നിരുന്നാലും ബജറ്റിൽ ഹെഡ് ഉൾപ്പെടുത്തി ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ടെന്നും, തുക ആവശ്യമായിവരുന്ന സമയത്ത് സർക്കാർ തീരുമാനപ്രകാരം ധനകാര്യ വകുപ്പ് തുക ലഭ്യമാക്കുന്നുണ്ടെന്നും അധികമായി ആവശ്യപ്പെട്ട 192 കോടി രൂപ പലിശയിനത്തിൽ കൊടുക്കാനുള്ള തുകയാണെന്നും വകുപ്പ് സെക്രട്ടറി മറുപടി നൽകി. വായ്പാ തിരിച്ചടവിനായി ഉപയോഗിക്കുന്നത് സംസ്ഥാന സർക്കാർ വിഹിതമായ 37% തുകയിൽ നിന്നല്ലെന്നും കണ്ണൂർ എയർപോർട്ടിന്റെ paid up capital-ന്റെ 37% മാത്രമാണ് സർക്കാർ ഇക്വിറ്റിയെന്നും അതിന് ലോണുമായി ബന്ധമില്ലെന്നും എയർപോർട്ടിന്റെ ദൈനംദിന ചെലവുകൾ സർക്കാരിന്റെ ബാധ്യതയല്ലെന്നും കണ്ണൂർ എയർപോർട്ടിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് KIAL ബോർഡിന് ലീസിന് നൽകുക മാത്രമാണ് സർക്കാർ ചെയ്തിട്ടുള്ളതെന്നും വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

KIAL എടുത്ത വായ്പയ്ക്ക് കേരള സർക്കാർ എങ്ങനെ ബാധ്യസ്ഥരാകുമെന്ന സംശയം ബഹു. പ്രതിപക്ഷ നേതാവ് പ്രകടിപ്പിച്ചു. 2014-ൽ കിയാലിന് ഏതെങ്കിലും തരത്തിലുള്ള വായ്പ നൽകാൻ ഒരു ബാങ്കും തയ്യാറായിരുന്നില്ലായെന്നും KIAL എടുത്ത എല്ലാ വായ്പകളിന്മേലും നടപടികൾ തുടരുവാൻ 2014-ലെ ക്യാബിനറ്റ് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ വിമാനത്താവളത്തിന്റെ ബാധ്യത സർക്കാർ ഏറ്റെടുക്കുകയും അതുവഴി വായ്പകളൊന്നും നിഷ്ക്രിയ ആസ്തിയായി മാറാതിരിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്തുവെന്ന് വകുപ്പ് സെക്രട്ടറി മറുപടി നൽകി. KIAL-ന് നിലവിൽ വായ്പാ തുകയോ പലിശയോ അടയ്ക്കാൻ കഴിയാത്ത സാഹചര്യമാണെന്നും ആയതിനാൽ സർക്കാർ ഉത്തരവാദിത്തം ഏറ്റെടുക്കുന്നുവെന്നും ബഹു. പ്രതിപക്ഷ നേതാവ് അറിയിച്ചു.

നിലവിലുള്ള പലിശ ബാധ്യത തീർക്കാൻ മാത്രമാണ് KIAL-ന് നൽകിയ വായ്പാ തുകയൊന്നും ആയത് സർക്കാർ ഗ്രാന്റ് അല്ലായെന്നും ബഹു. പ്രതിപക്ഷ നേതാവ് കൂട്ടിച്ചേർത്തു.

കണ്ണൂർ എയർപോർട്ട് വിമാനത്താവളത്തിന്റെ ബാങ്ക് വായ്പയും പലിശയും ഒടുക്കുന്നതിനായി 162 കോടി രൂപയും കണ്ണൂർ എയർപോർട്ട് സർക്കാരിനുവേണ്ടി നടത്തിയ വിവിധ പദ്ധതികൾക്കായി ചെലവായ 5.33 കോടി രൂപയും എയർലൈനുകളുടെ റൂട്ട് വികസന ഫണ്ടിലേയ്ക്കായി 25 കോടി രൂപയും ഉൾപ്പെടെ ആകെ 192.33 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5075-60-800-61—ഗ്രീൻ ഫീൽഡ് എയർപോർട്ട് - ശബരിമല

ഗ്രീൻഫീൽഡ് എയർപോർട്ടിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേക്കുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഉൾപ്പെടെയുള്ള പ്രാരംഭ ചെലവുകൾ, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ, പദ്ധതിയുടെ ഒന്നാം ഘട്ട വികസനത്തിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി വകയിൽ പ്രതീക്ഷിക്കുന്ന ഫീസ്, സ്പെഷ്യൽ ഓഫീസറുടെ കാര്യാലയവുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവയിലേയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 108.15 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

7053-02-190-99—തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയ്ക്കുള്ള വായ്പകൾ (പദ്ധതിയേതരം - ചാർജ്ജ്ഡ്)

തിരുവനന്തപുരം എയർപോർട്ട് അതോറിറ്റിയുമായി ബന്ധപ്പെട്ടതും എൽ.എ.ആർ. കേസുകളിൽ കോടതി വിധി പ്രകാരമുള്ള കടതുക നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 100 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

7053-02-190-99—തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയ്ക്കുള്ള വായ്പകൾ (പദ്ധതിയേതരം - വോട്ടഡ്)

2024-25 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം എയർപോർട്ട് അതോറിറ്റിയ്ക്ക് ഭരണാനുമതിയോ മറ്റ് പ്രത്യേക ആവശ്യങ്ങളോ, 28A പ്രകാരം അധിക തുകയോ ആവശ്യമായി വന്നാൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഇല്ലാത്തതിനാൽ അധിക ധനാനുമതി/റീ അപ്രോപ്രിയേഷൻ മുഖേന അനുവദിക്കാൻ സാധിക്കാത്തതിനാൽ മേൽ ശീർഷകത്തിൽ 1000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

7053-02-190-99—തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയ്ക്കുള്ള വായ്പകൾ (പദ്ധതി-വോട്ടഡ്)

2024-25 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം എയർപോർട്ട് അതോറിറ്റിയ്ക്ക് ഭരണാനുമതിയോ മറ്റ് പ്രത്യേക ആവശ്യങ്ങളോ, അധിക തുകയോ ആവശ്യമായി വന്നാൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഇല്ലാത്തതിനാൽ അധിക ധനാനുമതി/റീ അപ്രോപ്രിയേഷൻ മുഖേന അനുവദിക്കാൻ സാധിക്കാത്തതിനാൽ മേൽ ശീർഷകത്തിൽ 1000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

7053-02-190-99—തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയ്ക്കുള്ള വായ്പകൾ (പദ്ധതി - ചാർജ്ജ്ഡ്)

2024-25 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം എയർപോർട്ട് അതോറിറ്റിയ്ക്ക് ഭരണാനുമതിയോ മറ്റ് പ്രത്യേക ആവശ്യങ്ങളോ, അധിക തുകയോ ആവശ്യമായി വന്നാൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഇല്ലാത്തതിനാൽ അധിക ധനാനുമതി/ റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിക്കാൻ സാധിക്കാത്തതിനാൽ മേൽ ശീർഷകത്തിൽ 1000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

യോഗം വൈകുന്നേരം 3.00 മണിക്ക് അവസാനിച്ചു.

## 6-3-2024-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2024 മാർച്ച് മാസം 6-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. ടി.പി. രാമകൃഷ്ണൻ
3. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
4. ശ്രീ. വി. ജോയി (വീഡിയോ കോൺഫറൻസിംഗ് മുഖേന)
5. ശ്രീ. മാത്യു ടി. തോമസ് "
6. ശ്രീ. വി. ഡി. സതീശൻ "

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ബിശ്വനാഥ് സിൻഹ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
2. ശ്രീ. രത്തൻ യു. ഖേൽക്കർ, സെക്രട്ടറി, ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പ്
3. ശ്രീ. കെ. ജി. സനൽകുമാർ, സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി ഇഷിതാ റോയി, സെക്രട്ടറി (ഇൻ-ചാർജ്ജ്), പ്ലാനിംഗ് ബോർഡ്
5. ശ്രീ സജീവ് ഇ. പി., സ്പെഷ്യൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്
6. ശ്രീമതി ഷൈനി ജോർജ്ജ്, സ്പെഷ്യൽ സെക്രട്ടറി, സംസ്ഥാന ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
7. ശ്രീ. ബി. പ്രതാപ ചന്ദ്രൻ, അഡീഷണൽ ലാ സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീമതി ഹെലീന തോമസ് വി., അഡീഷണൽ ലാ സെക്രട്ടറി, നിയമ വകുപ്പ്
9. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
10. ശ്രീമതി സിനി സാബു, ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
11. ശ്രീമതി ബിന്ദു സി. വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്
12. ശ്രീ. സുനിൽ കുമാർ വി. ആർ., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
13. ശ്രീ. വിനോദ് കുമാർ എം. കെ., ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്
14. ഡോ. അലക്സ് ജയിംസ്, ഡീൻ, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി
15. ക്യാപ്റ്റൻ വിനോദ് മാത്യൂ, ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്.
16. ഡോ. ബിവീഷ് യു. സി., ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്
17. ശ്രീ. ഗിരീഷ് കുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്
18. ശ്രീ. കെ. മനോജ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

19. ശ്രീ. രാജീവ് ജി., അഡീഷണൽ ഡയറക്ടർ, വ്യവസായ വകുപ്പ്

20. ശ്രീ. സുരേഷ് കുമാർ റ്റി., അസിസ്റ്റന്റ് ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്

21. ശ്രീ. രഞ്ജിത്ത് എൻ. കെ., ചീഫ് കെമിക്കൽ എക്സാമിനർ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി

22. ശ്രീ. ജയകുമാർ വി., രജിസ്ട്രാർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

23. ശ്രീ. വിജയകുമാർ എസ്., ഡെപ്യൂട്ടി രജിസ്ട്രാർ, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി

24. ശ്രീ. മുരളി ആർ., ഡെപ്യൂട്ടി രജിസ്ട്രാർ, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി

25. ശ്രീമതി മഞ്ജു എം. എസ്., അണ്ടർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

26. ശ്രീ. തോമസ് ഫിലിപ്പ്, ഫിനാൻസ് ഓഫീസർ, അച്ചടി വകുപ്പ്.

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട്, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.-കൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ, വാർഷിക പ്രവർത്തനറിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ള കാലതാമസപത്രികകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും ആക്റ്റുകളിന്മേൽ ചട്ടങ്ങൾ തയ്യാറാക്കി യഥാസമയം സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കാത്ത വിഷയത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## I. കരട് റിപ്പോർട്ട് പരിഗണന

2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സമിതിയുടെ പരിധിയിൽ വരുന്ന II, III, IV, XI, XII, XIII, XIV, XVII, XVIII, XXIII, XXIV, XXVI, XXVIII, XXXVII, XLI എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

II. കരട് ചട്ടങ്ങളുടെ പരിഗണന

**1. The Kerala State and Subordinate Services (..... Amendment)Rules, 2023 (കെ.എസ്. & എസ്.എസ്.ആർ. ഭാഗം I-ലെ ചട്ടം 2(6)(g) ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്)**

(സർക്കാർ കത്ത് നം. റൂൾസ് 1/87/2021-ഉഭപവ. തീയതി 4-11-2023)

(ഫയൽ നം. 18621/സബ്.സി.ഡി2/23/നി.സെ.)

കെ.എസ്.ആർ. ഭാഗം I-ലെ ചട്ടം 100 പ്രകാരം വനിതാ ജീവനക്കാർക്ക് maternity leave-ന്റെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കുന്ന miscarriage, abortion, hysterectomy എന്നിവയ്ക്കുള്ള അവധികൾ കെ.എസ്. & എസ്.എസ്.ആർ. ഭാഗം I-ലെ ചട്ടം 2(6) പ്രകാരമുള്ള ഡ്യൂട്ടിയുടെ നിർവ്വചനത്തിൽ ഉൾപ്പെടുത്താത്തതിനാൽ പ്രസ്തുത അവധികൾ പ്രൊബേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഡ്യൂട്ടിയായി പരിഗണിക്കുവാൻ കഴിയുമോ എന്നത് സംബന്ധിച്ച അവ്യക്തത ഒഴിവാക്കുന്നതിലേയ്ക്കും, കെ.എസ്.ആർ. ഭാഗം I-ലെ ചട്ടം 100, 101, 101 A പ്രകാരം അനുവദിക്കുന്ന അവധി പ്രൊബേഷനുമാത്രമേ ഡ്യൂട്ടിയായി പരിഗണിക്കാനാവൂ എന്ന് വ്യാഖ്യാനിക്കപ്പെടാവുന്ന സാഹചര്യം ഒഴിവാക്കുന്നതിലേക്കുമായി ചട്ടത്തിലെ during his/her period of probation എന്ന ഭാഗം ഒഴിവാക്കി ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ '2023' എന്നതിന് പകരം '2024' എന്ന് ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

സമിതി പരിഗണിക്കുന്ന കരട് ചട്ടങ്ങളുടെ പകർപ്പുകൾ യോഗത്തിന്റെ തലേദിവസം ലഭ്യമാക്കുമ്പോൾ അവ സൂക്ഷ്മമായി പരിശോധിക്കുവാനുള്ള സാവകാശം അംഗങ്ങൾക്ക് ലഭിക്കുന്നില്ലെന്ന് ബഹു. പ്രതിപക്ഷ നേതാവ് സമിതിയിൽ ഉന്നയിച്ചപ്പോൾ, സമിതി പരിഗണിക്കുന്ന കരട് ചട്ടങ്ങളുടെ പകർപ്പുകൾ കഴിയുന്നത്ര നേരത്തെ തന്നെ അംഗങ്ങൾക്ക് ലഭ്യമാക്കുന്ന കാര്യം നിയമസഭാ സെക്രട്ടേറിയറ്റ് പ്രത്യേകം ശ്രദ്ധിക്കണമെന്നും മേലിൽ ഇത്തരം വീഴ്ചകൾ വരാതെ ശ്രദ്ധിക്കണമെന്നും ചെയർമാൻ നിർദ്ദേശിച്ചു.

**2. The Kerala State and Subordinate Services (Amendment) Rules, 2023 (കെ.എസ്. & എസ്.എസ്.ആർ. ഭാഗം II-ലെ ചട്ടം 13A(1) ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്)**

(സർക്കാർ കത്ത് നം. റൂൾസ് 1/183/2020/ഉഭപവ. തീയതി 28-11-2023)

(ഫയൽ നം. 19956/സബ്.സി.ഡി2/23/നി.സെ.)

പ്രൊബേഷൻ പൂർത്തീകരണത്തിനാവശ്യമായ നിർബന്ധിത വകുപ്പുതല പരീക്ഷകൾക്ക്, കെ.എസ്.&എസ്.എസ്.ആർ. ഭാഗം II-ലെ ചട്ടം 13A(1) പ്രകാരം, എസ്.സി./എസ്.ടി.

വിഭാഗം ജീവനക്കാർക്ക് പ്രൊമോഷനാവശ്യമായ വകുപ്പുതല പരീക്ഷകളിൽ അനുവദിച്ചിട്ടുള്ള ഇളവ് ബാധകമല്ല എന്ന സ്പഷ്ടീകരണം നൽകുന്ന ആവശ്യത്തിലേക്കായി ചട്ടം 13A(1)-ൽ "provided that special or departmental test mentioned in clause (a) and (b) above shall mean obligatory departmental tests specified by the Special Rules of a service for promotion/by transfer appointment to any category, grade or post therein and shall not include obligatory departmental tests specified by the Special Rules for satisfactory completion of probation in any category, grade or post therein" എന്ന പ്രൊവിസോ ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ "2023" എന്നതിന് പകരം "2024" എന്ന് ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

3. **The Kerala State and Subordinate Services (Amendment) Rules, 2023 (കെ.എസ്. & എസ്.എസ്.ആർ. ഭാഗം II-ലെ ചട്ടം 17C ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്)**

(സർക്കാർ കത്ത് നം. റൂൾസ്1/109/2018/ഉഭപവ. തീയതി 5-8-2023)

(ഫയൽ നം. 987/സബ്.സി.ഡി.2/20/നി.സെ.)

കെ.എസ്. & എസ്.എസ്.ആർ. ഭാഗം രണ്ടിലെ ചട്ടം 17C പ്രകാരം പി.എസ്.സി. റാങ്ക് പട്ടിക finalize ചെയ്യുന്നതുവരെ ഉദ്യോഗാർത്ഥികൾക്ക് അവരുടെ വയസ്സ്, സംവരണാനുകൂല്യം ഇവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ ഹാജരാക്കുവാനുള്ള അവസരം നൽകിയതുമൂലം റാങ്ക് പട്ടികകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ കഴിയാതെ വരുന്ന സാഹചര്യമുണ്ടായതിനെത്തുടർന്ന്, ഉദ്യോഗാർത്ഥികൾക്ക് അവരുടെ വയസ്സ്, സംവരണാനുകൂല്യം ഇവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ ഹാജരാക്കുന്നതിനുള്ള സമയപരിധി സംബന്ധിച്ച് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II ചട്ടം 17C-യിൽ "before the finalization of the Ranked list for the post concerned" എന്നതിനു പകരമായി "on or before the date fixed by the Kerala Public Service Commission for the production of documents "എന്ന് ചേർത്ത് ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം 21-2-2023-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.

എന്നാൽ, പൊതുനിയമനങ്ങളിൽ 10% EWS സംവരണം ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 23-10-2020-ലെ G.O(P)No.14/ 2020/P&ARD ഉത്തരവ് പ്രകാരം കെ.എസ്. & എസ്.എസ്.ആർ.-ൽ ആവശ്യമായ ഭേദഗതികൾ വരുത്തിയ സാഹചര്യത്തിൽ Rule 17C-ൽ EWS വിഭാഗത്തെ സംബന്ധിച്ച വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ചട്ടം 17C-ൽ "......... being a member of the ........./ Scheduled Tribes" എന്നതിനുശേഷം "/Economically Weaker Sections" എന്നത് കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ "2023" എന്നതിന് പകരം "2024" എന്ന് ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

**4. The Kerala State and Subordinate Services (Amendment) Rules, 2023 (ഭാഗം II-ലെ ചട്ടം 4 ഭേദഗതി സംബന്ധിച്ച്)**

(സർക്കാർ കത്ത് നം. റൂൾസ്1/96/2022/ഉഭപവ. തീയതി 13-12-2023) (ഫയൽ നം. 21004/സബ്.സി.ഡി.2/23/നി.സെ.)

പി.എസ്.സി. വിജ്ഞാപനങ്ങൾക്കായുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം 30-4-2010 മുതൽ നടപ്പാക്കിയ സാഹചര്യത്തിൽ അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന കെ.എസ്. &എസ്.എസ്.ആർ. ഭാഗം രണ്ടിലെ ചട്ടം 4 തദനുസൃതമായി ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ "2023" എന്നതിന് പകരം "2024" എന്ന് ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

**5. The Special Rules for the Kerala State Planning Service (Amendment) Rules, 2023**

(സർക്കാർ കത്ത് നം. B2/185/2019-PLGEA, തീയതി 05.12.2023) (ഫയൽ നം. 21339/സബ്.സി.ഡി.2/23/നി.സെ.)

സംസ്ഥാന ആസൂത്രണ ബോർഡിലെ പ്രോഗ്രാമർ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 2009, 2014, വർഷങ്ങളിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തസ്തികയിലേക്ക് വിജ്ഞാപനപ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ വിശേഷാൽ ചട്ടപ്രകാരമുള്ള യോഗ്യതയിൽ ഭേദഗതി വരുത്തുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചതിന്റെ

അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികകളുടെ യോഗ്യതയിൽ ഭേദഗതി വരുത്തിയും, ഫീഡർ കാറ്റഗറിയായി അസിസ്റ്റന്റ് പ്രോഗ്രാമർ തസ്തിക ഉൾപ്പെടുത്തിയും തയ്യാറാക്കിയ കരട് വിജ്ഞാപനം സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. Preamble-ന മുകളിലായുള്ള "RULES" എന്ന ശീർഷകം ഒഴിവാക്കേണ്ടതാണ്.

2. Preamble-

(1) "S.R.O.No.-/2023" എന്നത് " S.R.O.No...../2024" എന്ന് മാറ്റം വരുത്തേണ്ടതും ആയത് Paragraph ആയി തുടങ്ങേണ്ടതുമാണ്.

(2) ആദ്യ വരിയിൽ "sub section" എന്നത് "sub-section" എന്ന് മാറ്റേണ്ടതാണ്.

(3) രണ്ടാമത്തെ വരിയിൽ "Kerala Public Services Act, 1968" എന്നതിനുശേഷമുള്ള comma ഒഴിവാക്കേണ്ടതാണ്.

(4) നാലാമത്തെ വരിയിൽ "issued in" എന്നത് "issued under" എന്ന് മാറ്റേണ്ടതാണ്.

(5) അഞ്ചാമത്തെ വരിയിൽ "part I" എന്നത് "Part I" എന്ന് മാറ്റേണ്ടതാണ്.

3. ശീർഷകത്തിൽ

(1) "Short title an d commencement"എന്നത് *Italics*- ൽ ആക്കേണ്ടതും, "and" എന്ന വാക്കിലുള്ള space ഒഴിവാക്കേണ്ടതുമാണ്.

(2) Sub-rule "(i)", "(ii)"എന്നിവ യഥാക്രമം "(1)", "(2)" എന്നിങ്ങനെ മാറ്റേണ്ടതാണ്.

(3) ചട്ടത്തിന്റെ പേര് "Special Rules for the Kerala State Planning Service (Amendment) Rules, 2024" എന്ന് മാറ്റേണ്ടതും italics ഒഴിവാക്കേണ്ടതുമാണ്.

4.Rule 2

*" Amendment of the Rules"* എന്നതിനുശേഷമുള്ള " :-" ചിഹ്നത്തിനുപകരം " .-" എന്ന ചിഹ്നങ്ങൾ ചേർക്കേണ്ടതാണ്.

5. Sub-rule (1) of rule 2

(1) "In rule 1" എന്നതിനുപകരം "in rule 1" എന്നു ചേർക്കേണ്ടതാണ്.

(2) "3 Programmer" എന്നതിൽ 3-ന ശേഷം ഒരു fullstop ചേർക്കേണ്ടതാണ്.

(3) “3A.- Assistant Programmer” എന്നതിലെ “ -” ചിഹ്നം ഒഴിവാക്കേണ്ടതാണ്.

(4) Sub-rule (1) -ന്റെ അവസാനഭാഗത്ത് fullstop ചേർക്കേണ്ടതാണ്.

6. Sub-rule (2) of rule 2

(1) “In rule 2” എന്നതിനു പകരം “in rule 2”എന്നു ചേർക്കേണ്ടതാണ്.

(2) clause (a)-ൽ "in column (1)” എന്നതിനുശേഷം ",-” എന്നീ ചിഹ്നങ്ങൾ ചേർക്കേണ്ടതാണ്.

(3) clause (a)-ലെ ഇനം (ii)-നു താഴെ, “ For Direct Recruitment” എന്നത് *Italics* ആക്കേണ്ടതാണ്.

(4) clause (b) -ൽ "3A. Assistant Programmer” എന്നതിലെ column (3)-ൽ "B.Tech in Computer Science / Information Technology” എന്നതിനു പകരം "B.Tech in Computer Science or Information Technology” എന്ന് മാറ്റം വരുത്തേണ്ടതാണ്.

(5) sub rule (2) -ന്റെ അവസാനഭാഗത്ത് fullstop ചേർക്കേണ്ടതാണ്.

7. Sub-rule (3) ആയി താഴെപ്പറയുന്നത് ഉൾപ്പെടുത്തേണ്ടതാണ്.

(3) for the existing rule 5, the following rule shall be substituted, namely,—

“*5. Probation*— Every person appointed to any of the categories shall, from the date on which he joins duty, be on probation,—

(i) if appointed by direct recruitment or by transfer, through Kerala Public Service Commission or by transfer to a category to which direct recruitment is one of the methods of appointment, for a total period of two years on duty within a continuous period of three years, and

(ii) if appointed by transfer to a category to which direct recruitment is not one of the methods of appointment or by promotion, for a total period of six months on duty within a continuous period of one year. ”

8. Explanatory Note

(1) Explanatory Note എന്ന ഉപശീർഷകത്തിന് താഴെയുള്ള ബ്രാക്കറ്റിൽ to എന്ന വാക്കിന് ശേഷം indicate എന്ന വാക്ക് ചേർക്കേണ്ടതാണ്.

(2) 1-ാം ഖണ്ഡികയിലെ ആദ്യ വരിയിൽ "was issued" എന്നീ വാക്കുകൾക്കുശേഷം "vide" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(3) 2-ാം ഖണ്ഡികയിലെ ആദ്യ വരിയിൽ "Assistant Programmer "എന്നീ വാക്കുകൾക്കുശേഷം "Grade II" എന്ന് ചേർക്കേണ്ടതാണ്.

**6. 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ചട്ടങ്ങൾ**

(സർക്കാർ കത്ത് നം. വിജിസി3/263/2017/വി.ജി. തീയതി 19.02.2024)

(ഫയൽ നം. 5005/സബ്.സി.ഡി2/2014/നി.സെ.)

പ്രസ്തുത കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ പേരിലെ "2023" എന്നതിന് പകരം "2024" എന്ന് ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

പരിഗണന മാറ്റിവച്ച കരട് ചട്ടങ്ങൾ

(1) The Special Rules for the personal staff of the Ministers, the Leader of the Opposition and the Government Chief Whip (Amendment) Rules, 2023

(സർക്കാർ കത്ത് നം. എസ്.എച്ച്2/160/2017/പൊഭവ. തീയതി 01.11.2023)

(ഫയൽ നം. 18688/സബ്.സി.ഡി2/23/നി.സെ.)

(2) The Special Rules in respect of certain categories of posts in the Department of Sainik Welfare, 2021

(സർക്കാർ കത്ത് നം. SW2/104/2022/SWD, തീയതി 2-9-2023)

(ഫയൽ നം. 19383/സബ്.സി.ഡി2/21/നി.സെ.)

III. സാധൂകരണത്തിനുള്ള ചട്ടം

**2023-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ചട്ടങ്ങൾ (SRO.No.795/2023)**

(സർക്കാർ കത്ത് നം. ബി1/264/2022/ആഭ്യന്തരം, തീയതി 21-8-2023)
(ഫയൽ നം. 14564/സബ്.സി.ഡി2/23/നി.സെ.)

കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിൽ, മയക്കമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ശിക്ഷ

അനുഭവിക്കുന്നവർക്ക് അനുവദിച്ചിരുന്ന സാധാരണ അവധി, അടിയന്തര അവധി എന്നിവ നിർത്തലാക്കുന്നതിനുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്ത 2023-ലെ കേരള പ്രസണകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും ഭേദഗതി ചട്ടങ്ങൾ (SRO No. 795/2013) സമിതി പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

## IV. നിയമസഭ പാസ്സാക്കിയ ആക്റ്റുകളിൻമേൽ ചട്ടങ്ങൾ തയ്യാറാക്കി ലഭ്യമാക്കാത്തത് സംബന്ധിച്ച വിഷയത്തിൻമേലുള്ള തെളിവെടുപ്പ്

2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റ് - കരട് ചട്ടങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

(ഫയൽ നം. 21710/സബ്.സി.ഡി2/2021/നി.സെ.)

നിലവിൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലുള്ള 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്രസാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റിന്റെ കരട് ചട്ടങ്ങൾ നിയമവകുപ്പിന്റെ പരിശോധന കൂടി പൂർത്തീകരിച്ചതിനുശേഷം ഒരു മാസത്തിനകം സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമെന്ന് വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

## V. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെയും കാലതാമസ പത്രികകളുടെയും പരിഗണന

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച താഴെപ്പറയുന്ന നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### 1. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നം. 1254/സബ്.സി.ഡി2/2018/നി.സെ.)

(a) ആഭ്യന്തര (സി) വകുപ്പ്
ഖണ്ഡിക നം. 15-24 (കാലതാമസപത്രിക സഹിതം)
സർക്കാർ കത്ത് നം. സി3/124/2018/ആഭ്യന്തരം, തീയതി 12-9-2023.

(b) സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്.
ഖണ്ഡിക നം. 113-116 (കാലതാമസപത്രിക സഹിതം)
സർക്കാർ കത്ത് നം. എസ്.പി.ഡി-സി3/175/2018/എസ്.പി.ഡി,
തീയതി 21-10-2023.

**2. 2019-20 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**

(ഫയൽ നം. 3276/സബ്.സി.ഡി2/2019/നി.സെ.)

(a) ആഭ്യന്തര (സി) വകുപ്പ്
ഖണ്ഡിക നം. 15-20,24,25,29-31 (കാലതാമസപത്രിക സഹിതം)
സർക്കാർ കത്ത് നം. സി3/39/20/ആഭ്യന്തരം, തീയതി 21.10.2023.

**3. 2020-21 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്**

(ഫയൽ നം. 1775/സബ്.സി.ഡി2/2020/നി.സെ.)

(a) ആഭ്യന്തര (സി) വകുപ്പ്

ഖണ്ഡിക നം. 24-45,51,53-55,57, 59-61, പുതിയ ശീർഷകം(ii) (കാലതാമസപത്രിക സഹിതം)

സർക്കാർ കത്ത് നം. സി3/156/20/ആഭ്യന്തരം, തീയതി 1-2-2023 & സി3/156/20, തീയതി 12.09.2023

**4. 2021-22 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്**

(ഫയൽ നം. 12066/സബ്.സി.ഡി2/2021/നി.സെ.)

(a) ആഭ്യന്തര (സി) വകുപ്പ്
ഖണ്ഡിക നം. 24-37,40,41,45,46,48-51 (കാലതാമസപത്രിക സഹിതം)
(സർക്കാർ കത്ത് നം. സി3/380/2021/ആഭ്യന്തരം, തീയതി 12.09.2023)

**5. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**

(ഫയൽ നം. 11793/സബ്.ഡി.ഡി2/22/നി.സെ.)

( a) ആഭ്യന്തര (സി) വകുപ്പ്

ഖണ്ഡിക നം. 16-20,22-30, 34, 35, 40, 41, 43-45, 47, 48, 49

(കാലതാമസപത്രിക സഹിതം)

(സർക്കാർ കത്ത് നം. സി3/96/2023/ആഭ്യന്തരം തീയതി 21-10-2023.)

(b) നിയമ (പാർല) വകുപ്പ്

ഖണ്ഡിക നം. 4, 5, 31, 32, 33, 36, 37, 42, 46, 166-169

(കാലതാമസപത്രിക സഹിതം)

(സർക്കാർ കത്ത് നം. 200/പാർല/2022/നിയമം, തീയതി 25-10-2023.)

(c) ആഭ്യന്തര (ഇ) വകുപ്പ്

ഖണ്ഡിക നം. 53-128, 176 (കാലതാമസപത്രിക സഹിതം)

(സർക്കാർ കത്ത് നം. ഇ4/387/2022/ആഭ്യന്തരം, തീയതി 11-1-2024)

## VI. വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ള കാലതാമസ പത്രികകളുടെ പരിഗണന

ചുവടെ ചേർത്തിരിക്കുന്ന സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഭജനത്തിന്റെ ചെലവിൻമേലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടിനോടൊപ്പം വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസ പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**സാമ്പത്തിക വർഷം (2021-22)**

(ഫയൽ നം.580/സബ്.സി.ഡി2/22/നി.സെ.)

1. ആഭ്യന്തര (സി) വകുപ്പ്

സർക്കാർ കത്ത് നം. സി3/171/2023/ആഭ്യന്തരം, തീയതി 25-11-2023

**സാമ്പത്തിക വർഷം (2022-23)**

(ഫയൽ നം.1047/സബ്സിഡി2/23/നി.സെ.)

1. ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്

സർക്കാർ കത്ത് നം. എ2/6/2023/എസ്സ്&റ്റി.ഡി., തീയതി 23-8-2023

2. പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്

സർക്കാർ കത്ത് നം. സ്പെഇ1/84/2023/പൊഭവ തീയതി 18-9-2023

3. പാർലമെന്ററികാര്യ (എ) വകുപ്പ്

സർക്കാർ കത്ത് നം. പി.എഡി-എ2/77/23/പിഎഡി തീയതി 28-10-2023

4. ആഭ്യന്തര (സി) വകുപ്പ്

സർക്കാർ കത്ത് നം. സി3/193/2023/ആഭ്യന്തരം, തീയതി 25-11-2023

5. നിയമ (പാർല) വകുപ്പ്

സർക്കാർ കത്ത് നം. 65/പാർല/2023/നിയമം, തീയതി 8-1-2024

6. ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ വകുപ്പ്

സർക്കാർ കത്ത് നം. ഐടി/എ2/112/2023-ഐടിഡി., തീയതി 18-1-2024

7. പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്

സർക്കാർ കത്ത് നം. പൊളി4/140/2023/പൊഭവ., തീയതി 22-2-2024

8. ആഭ്യന്തര (ഇ) വകുപ്പ്

സർക്കാർ കത്ത് നം. ഇ2/152/2023/ആഭ്യന്തരം, തീയതി 24-2-2024

യോഗം വൈകുന്നേരം 3.00-ന് അവസാനിച്ചു.

---

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.